33rd Year of Service 2025

NOT OUR MERIT BUT HIS GRACE · KERALA EXPRESS

# കേരളാ എക്സ്പ്രസ്

# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

November 24, 2025 Vol. XXXIII No. 48



BUILDING YOUR FINANCIAL FUTURE TOGETHER, WITH EXPERTISE AND INTEGRITY

SUNNY
FINANCIAL STRATEGIES, LLC

**Tom Sunny, CFP®, CLU®, RICP®**
**Financial Advisor & Planner**
847-414-9116 tom@sunnyfinancial.com

- Comprehensive Financial Planning
- Risk Management & Insurance: Life/Disability/Long Term Care/Health/Medicare
- 401(k), 403(b), IRA, Roth IRA Rollovers & Account Set-ups
- Professional Investment Management & Guidance
- Business Plans/Employee Benefits/Pension
- Retirement Income/Retirement Savings
- Tax Planning Strategies
- Estate Planning: Trusts/Wills
- Education Funds

www.sunnyfinancial.com

475 N Martingale Rd, Suite 1250, Schaumburg, IL 60173

Financial Advisor for Eagle Strategies LLC, a Registered Investment Adviser. Registered representative offering securities through NYLIFE Securities LLC (member FINRA/SIPC), A licensed insurance agency. Eagle Strategies LLC, and NYLIFE Securities LLC are New York Life companies. Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates.



PROSPEROUS THERAPY

Dr. Elizabeth Nellamattathil
PhD, LPC-TX, LCPC-IL

*Offering telehealth therapy for adults in Illinois and Texas.*

Our services
- Individual Therapy
- Couples Therapy
- Anxiety & Stress Management
- Depression & Mood Concerns
- Self-Esteem & Confidence
- Life Transitions
- Family Concerns
- Identity Exploration
- Interpersonal Functioning
- And more...

Contact Us
972-433-7211
info@prosperoustherapy.com
ProsperousTherapy.com



LIFE MEMBER
Million Dollar Advocates Forum
The Top Trial Lawyers In America™

# ACCIDENT ATTORNEYS

AV PREEMINENT® Peer Rated for Highest Level of Professional Excellence 2025

## LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY

**Fee Discounts On Certain Cases For Malayalee Clients**
**Home Visits Available**

## CRIFASE LAW FIRM, LTD.

**312-855-0511**

Free Consultation/Your Call Is Always Welcome
Like A Family Friend



Steve Crifase
Steve@Crifaselaw.com



Michael Crifase
Michael@Crifaselaw.com

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com

BBB Accredited Business A+ Rating Better Business Bureau

33rd Year of Service 2025
NOT OUR MERIT BUT HIS GRACE · KERALA EXPRESS
കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago
3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 ഇതിഹാസതാരം ധർമ്മേന്ദ്ര അന്തരിച്ചു
5 റോബിൻ ഇലക്കാട്ട് മലയാളികൾക്ക് അഭിമാനം
8 ബിഎൽഒയെ തടഞ്ഞാൽ ക്രിമിനിൽ നടപടി
17 ചിക്കാഗോ കെസിഎസ് ക്നാനായ നൈറ്റ് 2025
23 മാർ അങ്ങാടിയത്തിന് മിഷൻ ലീഗിന്റെ ആദരം



മിസോറി സിറ്റി മേയറായി ഹാട്രിക് വിജയം നേടിയ റോബിൻ ഇലക്കാട്ടിനെ തോമസ് ചാഴികാടൻ എക്സ് എംപി അഭിനന്ദിക്കുന്നു. കേരളാ എക്സ്പ്രസ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലി, കേരള യൂത്ത്ഫ്രണ്ട് (എം) സംസ്ഥാന പ്രസിഡണ്ട് സിറിയക് ചാഴികാടൻ, ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ, മുൻ കെസിസിഎൻഎ പ്രസിഡണ്ട് ബേബി ഊരാളിൽ, കോട്ടയം അതിരൂപതാ മുൻ കെസിവൈഎൽ പ്രസിഡണ്ടുമാരായ ജിമ്മി കണിയാലി, ജെയിംസ് തെക്കനാട്ട്, അരുൺ പോൾ, ജോഹാന പോൾ, ലിൻസി ജിമ്മി എന്നിവരാണ് സമീപം.

(വാർത്ത അഞ്ചാം പേജിൽ)

# രക്ഷാസമിതി പരിഷ്കരണം അനിവാര്യം: നരേന്ദ്ര മോദി

ജൊഹാനസ്ബർഗ്: യുഎൻ രക്ഷാസമിതിയുടെ പരിഷ്കരണം ഇനി മേൽ സ്വതന്ത്രമായ ഒരു തെരഞ്ഞെടുപ്പല്ല, മറിച്ച് അനിവാര്യതയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ദക്ഷിണാഫ്രിക്കയിലെ ജൊഹാനസ്ബർഗിൽ നവംബർ 23-ന് ഞായറാഴ്ച ചേർന്ന ഇന്ത്യ-ബ്രസീൽ-ദക്ഷിണാഫ്രിക്ക കൂട്ടായ്മയുടെ (ഇബ്സ) നേതൃയോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ലോകം വിഭാഗീയവും അനൈക്യമുള്ളതുമായി കാണപ്പെടുന്ന ഇക്കാലത്ത് ഐക്യത്തിന്റെയും സഹകരണത്തിന്റെയും മാനുഷികതയുടെയും സന്ദേശം നൽകാൻ ഇബ്സയ്ക്കു കഴിയുമെന്ന് മോദി പറഞ്ഞു. ഭീകരതയെ നേരിടാനുള്ള പോരാട്ടത്തിൽ സഹകരിച്ചു മുന്നോട്ടുപോകണമെന്നും ഇത്ര ഗൗരവമുള്ള പ്രശ്നത്തിന്റെ കാര്യത്തിൽ ഇരട്ടത്താപ്പിനിടമില്ലെന്നും അഭിപ്രായപ്പെട്ടു. മൂന്നുരാജ്യങ്ങളും തമ്മിൽ സുരക്ഷാ സഹകരണം ശക്തമാക്കുന്നതിനായി ഇബ്സ ദേശീയസുരക്ഷാ ഉപദേഷ്ടാക്കളുടെ (എൻഎസ്എ) യോഗം നിശ്ചിത ഇടവേളയിൽ ചേരാമെന്ന നിർദേശം അദ്ദേഹം മുന്നോട്ടുവെച്ചു.



ഇബ്സ നേതൃയോഗത്തിൽ പങ്കെടുക്കാനെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി ദക്ഷിണാഫ്രിക്കൻ പ്രസിഡണ്ട് സിറിൽ റാമഫോസയുമായും ബ്രസീൽ പ്രസിഡണ്ട് ലുല ഡ സിൽവയുമായും സൗഹൃദ സംഭാഷണത്തിൽ.

(ശേഷം 28-ാം പേജിൽ)

# സൂര്യകാന്ത് ചീഫ് ജസ്റ്റിസായി അധികാരമേറ്റു

ന്യൂഡൽഹി: ഇന്ത്യയുടെ 53-ാം ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സൂര്യകാന്ത് അധികാരമേറ്റു. രാഷ്ട്രപതി ഭവനിൽ നടന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ ഏഴ് വിദേശ രാജ്യങ്ങളിലെ പരമോന്നത കോടതികളിൽ നിന്നുൾപ്പെടെ പ്രതിനിധികൾ പങ്കെടുത്തു.



രാഷ്ട്രപതി ദ്രൗപതി മുർമു സത്യവാചകം ചൊല്ലിക്കൊടുത്തു. പ്രധാനമന്ത്രി നരേന്ദ്രമോദി, കേന്ദ്രമന്ത്രിമാരായ അമിത് ഷാ, രാജ്നാഥ് സിങ്, ജെ.പി. നഡ്ഡ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. 2027 ഫെബ്രുവരി 9 വരെ ജസ്റ്റിസ് സൂര്യകാന്ത് പദവിയിൽ തുടരും.

ഹരിയാനയിലെ ഹിസാർ സ്വദേശിയാണ് ജസ്റ്റിസ് സൂര്യകാന്ത്. ഹിസാറിലെ ജില്ലാ കോടതിയിൽ പ്രാക്ടീസ് ആരംഭിച്ചശേഷം ഒരു വർഷത്തിനുള്ളിൽ പഞ്ചാബ്-ഹരിയാന ഹൈക്കോടതിയിലേക്കു മാറി. സർവീസ് സംബന്ധിയായ കേസുകളിലൂടെ പേരെടുത്തു.

ഹരിയാനയിലെ ഏറ്റവും പ്രായംകുറഞ്ഞ അഡ്വക്കറ്റ് ജനറലാകുമ്പോൾ അദ്ദേഹത്തിനു പ്രായം 38 വയസായിരുന്നു. തൊട്ടടുത്ത വർഷം സീനിയർ അഭിഭാഷക പദവി ലഭിച്ച അദ്ദേഹം 2004-ൽ 42-ാം വയസ്സിൽ ഹൈക്കോടതി ജഡ്ജിയായി.

പഞ്ചാബ് ഹരിയാന ഹൈക്കോടതിയിലെ 14 വർഷത്തിനുശേഷം 2018-ൽ ഹിമാചൽപ്രദേശ് ഹൈക്കോടതിയിൽ ചീഫ് ജസ്റ്റിസായി. 2019-ൽ സുപ്രീം കോടതിയിലെത്തി. ഹരിയാനയിൽ നിന്നുള്ള ആദ്യ സുപ്രീംകോടതി ചീഫ് ജസ്റ്റിസാണ് അദ്ദേഹം. കോളജ് പ്രിൻസിപ്പലായി വിരമിച്ച സവിതയാണ് ഭാര്യ. മുഗ്ധയും കനുപ്രിയയുമാണ് മക്കൾ.

കേരളത്തിലെ എസ്ഐആർ കേസ് അടക്കം പരിഗണിക്കുന്നത് ജസ്റ്റിസ് സൂര്യകാന്തിന്റെ ബെഞ്ചാണ്. നിലവിലെ ചീഫ് ജസ്റ്റിസ് ബി.ആർ. ഗവായിയുടെ കാലാവധി നവംബർ 23-ന് അവസാനിച്ചിരുന്നു.

# പുതിയ നാല് തൊഴിൽ കോഡുകൾ പ്രാബല്യത്തിലായി

ന്യൂഡൽഹി: 29 കേന്ദ്ര തൊഴിൽ നിയമങ്ങൾ പുനഃസ്ഥാപിച്ചുകൊണ്ട് കൊണ്ടുവന്ന പുതിയ നാല് തൊഴിൽ കോഡുകൾ നവംബർ 21 മുതൽ പ്രാബല്യത്തിലായതായി കേന്ദ്രസർക്കാർ.


സ്വാതന്ത്ര്യത്തിനുശേഷമുള്ള ഏറ്റവും സമഗ്രമായ തൊഴിൽ കേന്ദ്രീകൃത പരിഷ്കാരങ്ങളിൽ ഒന്നാണെന്നാണ് പുതിയ തൊഴിൽ കോഡുകളെ പ്രധാനമന്ത്രി നരേന്ദ്ര മോദി എക്സിൽ വിശേഷിപ്പിച്ചത്. എല്ലാ തൊഴിലാളികൾക്കും മിനിമം വേതനം, സമയബന്ധിതമായ വേതനം, നിയമന കത്തുകൾ തുടങ്ങിയ നിയമപരമായ അവകാശങ്ങൾ ഉറപ്പിക്കുന്നതാണ് പുതിയ കോഡുകളെന്ന് കേന്ദ്ര തൊഴിൽ മന്ത്രാലയം വ്യക്തമാക്കി. വേതന കോഡ് (2019), ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ് (2020), സോഷ്യൽ സെക്യൂരിറ്റി കോഡ് (2020), ഒക്യുപേഷണൽ സേഫ്റ്റി, ഹെൽത്ത് & വർക്കിംഗ് കണ്ടീഷൻസ് കോഡ് (2020) എന്നീ തൊഴിൽ കോഡുകളാണ് പ്രാബല്യത്തിലായത്. പുതിയ നിയമങ്ങൾ തൊഴിലാളിവിരുദ്ധവും തൊഴിലുടമകൾക്ക് അനുകൂലവുമാണെന്നും വിശേഷിപ്പിച്ച് പ്രതിപക്ഷത്തുള്ള പത്ത് ട്രേഡ് യൂണിയൻ സംഘടനകൾ കോഡുകൾ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. തൊഴിൽ നിയമങ്ങൾ ഏകപക്ഷീയമായി നടപ്പിലാക്കിയതിനെ അപലപിച്ച് സംയുക്ത പ്രസ്താവന പുറപ്പെടുവിച്ച സംഘടനകൾ നാല് തൊഴിൽ കോഡുകൾ തൊഴിലാളി ജനതയ്ക്കെതിരായ യുദ്ധമാണെന്നും വിശേഷിപ്പിച്ചു.

വർധിച്ചുവരുന്ന തൊഴിലില്ലായ്മയ്ക്കും പണപ്പെരുപ്പത്തിനുമിടയിലെ വിജ്ഞാപനങ്ങൾ യജമാന-ദാസ ബന്ധത്തിന്റെ ചൂഷണ കാലഘട്ടത്തിലേക്ക് തിരികെകൊണ്ടുപോകാനുള്ള ശ്രമത്തിന്റെ ഭാഗമാണെന്നും യൂണിയനുകൾ ആരോപിച്ചു.

തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നതിനെതിരെ സംയുക്ത കിസാൻ മോർച്ചയുടെ നേതൃത്വത്തിലുള്ള കർഷകരോടൊപ്പം ഈ മാസം 26-ന് പ്രതിഷേധിക്കാനും യൂണിയനുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. കോഡുകൾക്കു കീഴിലെ പുതിയ ശമ്പള മാനദണ്ഡങ്ങൾ പ്രകാരം എല്ലാ ഐടി, ഐടി എനേബിൾഡ് സർവീസസ് (ഐടിഇഎസ്) മേഖലയിലെ കമ്പനികളും എല്ലാ മാസവും ഏഴിനുള്ളിൽ തങ്ങളുടെ ജീവനക്കാരുടെ ശമ്പളം നൽകണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഐടി കമ്പനികൾ തങ്ങളുടെ തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം ശക്തിപ്പെടുത്തി ജീവനക്കാർക്ക് 'തുല്യ ജോലിക്ക് തുല്യ വേതനം' നൽകണം. വനിതാ തൊഴിലാളികൾക്ക് ഉയർന്ന വേതനം നേടുന്നതിന് കൂടുതൽ അവസരങ്ങൾ ലഭിക്കുന്നതിനായി രാത്രി ഷിഫ്റ്റിൽ ജോലിചെയ്യുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കണം.

കമ്പനികൾ പീഡനം, വിവേചനം, വേതനം സംബന്ധമായ പ്രശ്നങ്ങൾ എന്നിവയ്ക്കു സമയബന്ധിതമായ പരിഹാരം ഉറപ്പാക്കണമെന്നും നിശ്ചിതകാല ജീവനക്കാർക്ക് സാമൂഹികസുരക്ഷാ ആനുകൂല്യങ്ങളും നിർബന്ധിത നിയമന കത്തുകളും ഉറപ്പുനൽകണമെന്നും പുതിയ തൊഴിൽ നിയമങ്ങൾ നിർദേശിക്കുന്നു.

# ഇതിഹാസതാരം ധർമ്മേന്ദ്ര അന്തരിച്ചു



മുംബൈ: ബോളിവുഡ് ഇതിഹാസ താരം ധർമ്മേന്ദ്ര (89) അന്തരിച്ചു. ദീർഘകാലമായി അസുഖബാധിതനായി ചികിത്സയിലായിരുന്നു. മുംബൈയിലെ വസതിയിലായിരുന്നു അന്ത്യം. ഡിസംബർ എട്ടിന് 90-ാം ജന്മദിനം ആഘോഷിക്കാനിരിക്കുകയായിരുന്നു.

ബോളിവുഡിലെ എക്കാലത്തെയും മികച്ച താരങ്ങളിലൊരാളായാണ് ദർമ്മേന്ദ്ര വിശേഷിപ്പിക്കപ്പെടുന്നത്. 1960-ൽ 'ദിൽ ഭി തേരാ, ഹം ഭി തേരാ' എന്ന ചിത്രത്തിലൂടെയാണ് തുടക്കം. ഷോലെ, ധരംവീർ, ചുപ്കേ ചുപ്കേ, ഡ്രീം ഗേൾ തുടങ്ങിയ ചിത്രങ്ങൾ ധർമ്മേന്ദ്രയെ പ്രശസ്തനാക്കി. ധർമ്മേന്ദ്ര അവസാനമായി അഭിനയിച്ച 'ഇക്കിസ്' എന്ന ചിത്രം ഡിസംബർ 25-ന് റിലീസ് ചെയ്യാനിരിക്കുകയാണ്. നടി ഹേമമാലിനിയാണ് ഭാര്യ. പ്രകാശ് കൗർ ആദ്യഭാര്യയാണ്. ബോളിവുഡ് താരങ്ങളായ സണ്ണി ഡിയോൾ, ബോബി ഡിയോൾ, ഇഷ ഡിയോൾ എന്നിവരുൾപ്പെടെ 6 മക്കളുണ്ട്.

# മലങ്കര സഭയ്ക്ക് രണ്ട് പുതിയ മെത്രാന്മാർ

തിരുവനന്തപുരം: മലങ്കര കത്തോലിക്കാ സഭയിൽ രണ്ട് പുതിയ മെത്രാന്മാർ കൂടി അഭിഷിക്തരായി. കുറിയാക്കോസ് മാർ ഒസ്താത്തിയോസും യൂഹാനോൻ മാർ അലക്സിയോസുമാണ് പുതുതായി അഭിഷിക്തരായ ബിഷപ്പുമാർ. പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദേവാലയത്തിൽ കർദ്ദിനാൾ ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്കാ ബാവയുടെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ശുശ്രൂഷകൾ അഞ്ചു മണിക്കൂറിലേറെ നീണ്ടുനിന്നു. സഹകാർമ്മികരായി ആർച്ച്ബിഷപ് തോമസ് മാർ കൂറിലോസും ബിഷപ് ജോസഫ് മാർ തോമസും മെത്രാൻ സ്ഥാനാർത്ഥികളായ കുറിയാക്കോസ് റമ്പാനെയും യൂഹാനോൻ റമ്പാനെയും കൂട്ടിക്കൊണ്ടുവന്നു.

കുറിയാക്കോസ് റമ്പാനെ യൂറോപ്പിന്റെ അപ്പസ്തോലിക വിസിറ്റേറ്ററായി നിയമിച്ചുകൊണ്ടുള്ള ലെയോ പതിനാലാമൻ മാർപാപ്പയുടെ ഉത്തരവ് ബിഷപ് തോമസ് മാർ യൗസേബിയോസും തിരുവനന്തപുരം സഹായമെത്രാനായി യൂഹാനോൻ റമ്പാനെ നിയമിച്ചുകൊണ്ടുള്ള കാതോലിക്കാ ബാവയുടെ കല്പന ബിഷപ് ആന്റണി മാർ സിൽവാനോസും വായിച്ചു. തുടർന്ന് കാതോലിക്കാ ബാവയുടെ മുഖ്യകാർമ്മികത്വത്തിൽ സമൂഹബലി ആരംഭിച്ചു.

കുർബാന മദ്ധ്യേയായിരുന്നു മെത്രാഭിഷേക ചടങ്ങുകൾ. കോട്ടയം ആർച്ച് ബിഷപ് മാർ മാത്യു മൂലക്കാട്ട് വചനസന്ദേശം നല്കി. ശുശ്രൂഷാമധ്യേ മുഖ്യകാർമ്മികൻ കാതോലിക്കാ ബാവ നവാഭിഷിക്തരുടെ ശിരസ്സിൽ കുരിശടയാളം രേഖപ്പെടുത്തി മാർ ഒസ്താത്തിയോസ്, മാർ അലക്സിയോസ് എന്നീ പേരുകൾ നല്കി.

തുടർന്ന് അജപാലന അധികാരത്തിന്റെ അടയാളമായ അംശവടി കാതോലിക്കാ ബാവയും മറ്റു മെത്രാപ്പോലീത്താമാരും ചേർന്നു നല്കി.

പങ്കെടുത്ത എല്ലാ മെത്രാന്മാരും പുതിയ മെത്രാന്മാർക്ക് സ്നേഹചുംബനം നല്കി.

# ഗുണനിലവാരമില്ലാത്ത 5.2 കോടിയുടെ മരുന്ന് പിടിച്ചെടുത്തു

തിരുവനന്തപുരം: രണ്ട് വർഷത്തിനിടെ, കേരളത്തിലെ അഞ്ച് ജില്ലകളിൽ ഡ്രഗ് കൺട്രോൾ വിഭാഗം നടത്തിയ പരിശോധനയിൽ കണ്ടെത്തിയത് 5.2 കോടി രൂപ വിലവരുന്ന ഗുണനിലവാരമില്ലാത്ത മരുന്നുകൾ.

വല്ലപ്പോഴും മാത്രം നടത്തുന്ന പരിശോധനയിൽ തെളിഞ്ഞത് കോടികളുടെ തട്ടിപ്പെങ്കിൽ, നിലവാരമില്ലാത്ത മരുന്നുകൾ ഇതിന്റെ എത്രയോമടങ്ങു വിപണിയിലുണ്ടാകുമെന്നാണ് ആശങ്ക. മറ്റു ഒൻപത് ജില്ലകളിലെ കണക്കുകൂടി ചേർക്കുമ്പോൾ മരുന്നു വിപണിയിലെ തട്ടിപ്പിന്റെ വ്യാപ്തി കുത്തനെ ഉയരും.

വൈറൽ പനി, ഹൃദ്രോഗം തുടങ്ങിയ രോഗങ്ങൾക്കുൾപ്പെടെ നൽകുന്ന മരുന്നുകളിൽ ഗുണനിലവാരമില്ലാത്തവ കടന്നുകൂടിയിട്ടുണ്ടെന്നാണ് ഡ്രഗ് കൺട്രോൾ വിഭാഗം വിവരാവകാശ നിയമപ്രകാരം വെളിപ്പെടുത്തിയത്. മറ്റു ജില്ലകളിലെ കണക്ക് ലഭ്യമല്ലാത്തത്, പരിശോധന കാര്യക്ഷമമല്ലാത്തതിനാലാണെന്ന് ഉദ്യോഗസ്ഥർ തന്നെ സമ്മതിക്കുന്നു. നിലവാരമില്ലാത്ത മരുന്നുകളിൽ സർക്കാർ വിതരണം ചെയ്യുന്നവയുമുണ്ട്.

കേരള സർക്കാരിന്റെ സ്ഥാപനമായ കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ 2024-ൽ പ്രമേഹം, തലകറക്കം, വെർട്ടിഗോ തുടങ്ങിയ രോഗങ്ങൾക്ക് പാലക്കാട് ജില്ലയിൽ വിതരണം ചെയ്ത 4.39 കോടി രൂപയുടെ മരുന്നിന് ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയെന്നും വിവരാവകാശ മറുപടിയിലുണ്ട്. ഇവ ഡ്രഗ് കൺട്രോൾ വിഭാഗം പിടിച്ചെടുക്കുകയും ചെയ്തു. കേരളത്തിൽ ഏകദേശം 24,000 മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്നാണു കണക്ക്. ഇവയിൽ പരിശോധന നടത്താൻ ആകെയുള്ളത് അൻപതോളം ഡ്രഗ് ഇൻസ്പെക്ടർമാർ മാത്രം.

പകുതിയോളം മെഡിക്കൽ സ്റ്റോറുകളിൽ വർഷത്തിലൊരിക്കൽ പോലും പരിശോധന നടക്കുന്നില്ലെന്നാണു വിവരം. പരിശോധനയിൽ മരുന്നു കണ്ടെടുത്ത്, കെമിക്കൽ പരിശോധന കഴിഞ്ഞ്, ആ മരുന്നിന്റെ ബാച്ച് മുഴുവൻ നശിപ്പിക്കാൻ ശ്രമം തുടങ്ങുമ്പോഴേക്കും മരുന്നുകളെല്ലാം വിറ്റുകഴിയും എന്നതാണു സ്ഥിതി.

മറ്റു സംസ്ഥാനങ്ങളിൽനിന്ന് നൂറുകണക്കിനു മരുന്നു കമ്പനികളാണ് വിപണിയിൽ മരുന്നെത്തിക്കുന്നത്.

പല പ്രമുഖ കമ്പനികളുടെയും പേരിൽ വ്യാജനും ഇറങ്ങുന്നുണ്ട്. കോട്ടയത്ത് മാത്രം 67 ഇനം മരുന്നുകളാണ് ഗുണനിലവാരമില്ലാത്തതെന്നു കണ്ടെത്തി തടഞ്ഞത്. പ്രമുഖ കമ്പനിയുടെ പേരിൽതന്നെ വൈറൽ പനിക്കുള്ള വ്യാജ ഗുളികകളും കണ്ടെത്തിയിരുന്നു. ഇതുസംബന്ധിച്ച് നെയ്യാറ്റിൻകര കോടതിയിൽ കേസ് നടക്കുന്നുണ്ട്.

# പെഷാവറിൽ ചാവേർ ആക്രമണം

ഇസ്ലാമാബാദ്: പാകിസ്ഥാനിലെ പെഷാവറിൽ അർധസൈനിക വിഭാഗത്തിന്റെ ആസ്ഥാനത്ത് ചാവേർ ആക്രമണം.

അജ്ഞാതരായ ആയുധധാരികളാണ് ആക്രമണം നടത്തിയതെന്ന് പ്രാദേശിക പോലീസിനെ ഉദ്ധരിച്ച് രാജ്യാന്തര വാർത്താ ഏജൻസിയായ റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്തു.

പാകിസ്ഥാന്റെ അർധസൈനിക വിഭാഗമായ എഫ്സിയുടെ ആസ്ഥാനത്താണ് ആക്രമണമെന്നും പ്രദേശം സുരക്ഷാസേന വളഞ്ഞുവെന്നും പ്രാദേശിക മാധ്യമമായ ഡോൺ റിപ്പോർട്ട് ചെയ്തു.

സ്ഥലത്തുനിന്ന് പലവട്ടം സ്ഫോടനത്തിന്റെ ശബ്ദം കേട്ടതായി സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്. വിവിധ വീഡിയോകളും പങ്കുവെക്കപ്പെട്ടിട്ടുണ്ട്. ഈ വർഷം ആദ്യം ക്വറ്റയിലെ അർധസൈനിക വിഭാഗത്തിന്റെ ആസ്ഥാനത്തും കാർ ബോംബ് സ്ഫോടനം ഉണ്ടായിരുന്നു. അന്ന് 10 പേരാണ് കൊല്ലപ്പെട്ടത്. നിരവധിപ്പേർക്കു പരുക്കേറ്റിരുന്നു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIII
Number 48
November 24, 2025

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

## മഹദ്വചനം

കരുത്തുറ്റ നൂറു കരങ്ങളേക്കാൾ ഒരു നല്ല തലയാണ് വേണ്ടത്.

**തോമസ് പുള്ളർ**

ഒരു മണിക്കൂർ പാഴാക്കാൻ ധൈര്യപ്പെടുന്ന മനുഷ്യൻ ജീവിതത്തിന്റെ മൂല്യം കണ്ടെത്തിയിട്ടില്ല.

**ചാൾസ് ഡാർവിൻ**

# മിസോറി സിറ്റി മേയർ റോബിൻ ഇലക്കാട്ട് മലയാളികൾക്ക് അഭിമാനം: തോമസ് ചാഴികാടൻ




**ജോസ് കണിയാലി**

ഹൂസ്റ്റൺ (ടെക്സസ്): മിസോറി സിറ്റി മേയറായി ഹാട്രിക് വിജയം നേടിയ റോബിൻ ഇലക്കാട്ട് മലയാളികൾക്ക് അഭിമാനമാണെന്ന് തോമസ് ചാഴികാടൻ എക്സ് എംപി പ്രസ്താവിച്ചു. കോട്ടയം ജില്ലയിലെ കുറുമുള്ളൂർ ഗ്രാമത്തിൽ നിന്നും ചെറുപ്രായത്തിൽ തന്നെ അമേരിക്കയിലെത്തുകയും കെസിവൈഎൽഎൻഎ എന്ന സംഘടനയുടെ പ്രസിഡണ്ട് എന്ന നിലയിൽ തിളക്കമാർന്ന സംഘടനാപ്രവർത്തനം ആരംഭിച്ച്, മേയർ പദവിയിൽ മൂന്നു പ്രാവശ്യം തെരഞ്ഞെടുക്കപ്പെടുകയും ചെയ്ത റോബിൻ ഇലക്കാട്ട് യുവജനങ്ങൾക്ക് മാതൃകയാണ്. അമേരിക്കൻ രാഷ്ട്രീയത്തിലേക്ക് കടന്നുവരുവാൻ കൂടുതൽ മലയാളി യുവജനങ്ങൾക്ക് ഇത് പ്രചോദനം നല്കുമെന്ന് തോമസ് ചാഴികാടൻ പറഞ്ഞു. മേയർ റോബിൻ ഇലക്കാട്ട് തോമസ് ചാഴികാടന് മിസോറി സിറ്റിയുടെ ഉപഹാരം സമ്മാനിച്ചു. രാഷ്ട്രീയക്കാരനല്ലാത്ത തോമസ് ചാഴികാടൻ 1991-ൽ രാഷ്ട്രീയപ്രവേശനം നടത്തി ഇരുപതു വർഷം എംഎൽഎയും അഞ്ചു വർഷം എംപിയുമായി പ്രവർത്തിച്ച കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ ആകാംക്ഷയോടെ വീക്ഷിച്ചിരുന്ന വ്യക്തിയാണ് താനെന്ന് മേയർ റോബിൻ ഇലക്കാട്ട് പറഞ്ഞു.

കേരളാ എക്സ്പ്രസിന്റെ അഭ്യുദയകാംക്ഷിയായ മേയർ റോബിൻ ഇലക്കാട്ടിന്റെ തിളക്കമാർന്ന വിജയത്തെ എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലി അഭിനന്ദിച്ചു. വരുംകാലങ്ങളിൽ വളർച്ചയുടെ പടവുകൾ ചവിട്ടിക്കയറി കൂടുതൽ ഉയർന്ന പദവികളിലെത്തുവാൻ മേയർ റോബിന് സാധിക്കട്ടെയെന്ന് ചീഫ് എഡിറ്റർ കെ.എം. ഈപ്പന്റെയും എഡിറ്റോറിയൽ ബോർഡിന്റെയും ആശംസകളും ജോസ് കണിയാലി അറിയിച്ചു.

കേരള യൂത്ത്ഫ്രണ്ട് (എം) സംസ്ഥാന പ്രസിഡണ്ട് സിറിയക് ചാഴികാടൻ, ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ, മുൻ കെസിസിഎൻഎ പ്രസിഡണ്ട് ബേബി ഊരാളിൽ, കോട്ടയം അതിരൂപതാ മുൻ കെസിവൈഎൽ പ്രസിഡണ്ടുമാരായ ജിമ്മി കണിയാലി, ജെയിംസ് തെക്കനാട്ട്, അരുൺ പോൾ, ജൊഹാന പോൾ, ലിൻസി ജിമ്മി, മിസോറി സിറ്റി സെക്രട്ടറി ക്രിസ്റ്റൽ റോൺ, സിറ്റി ഐറ്റി ഹെഡ് അമൽ അലക്സാണ്ടർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.



















കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# നിയമസഭ പാസാക്കുന്ന ബില്ലുകളിൽ തീരുമാനമെടുക്കാൻ സമയപരിധി നിശ്ചയിക്കാനാകില്ല

ന്യൂഡൽഹി: ബില്ലുകളിൽ തീരുമാനമെടുക്കുന്നതിന് രാഷ്ട്രപതിക്കും ഗവർണർമാർക്കും സമയപരിധി നിശ്ചയിക്കാനാകില്ലെന്നു സുപ്രീംകോടതി. സമയപരിധി നിശ്ചയിച്ച രണ്ടംഗ ബെഞ്ചിന്റെ തീരുമാനം ചീഫ് ജസ്റ്റിസ് ബി. ആർ. ഗവായ് അദ്ധ്യക്ഷനായ ഭരണഘടനാ ബെഞ്ച് തള്ളി. സമയപരിധി ലംഘിച്ചാൽ ബില്ലുകൾക്കു സമ്മതം ലഭിച്ചുവെന്ന് (ഡീംഡ് അസെന്റ്) കണക്കാക്കിയതായി പ്രഖ്യാപിക്കുന്നത് ഭരണഘടനയുടെ അന്തഃസത്തയ്ക്കു വിരുദ്ധമാണെന്നും പരമോന്നത കോടതി നിരീക്ഷിച്ചു.

എന്നാൽ, ബില്ലുകൾ അനിശ്ചിത കാലത്തേക്കു തടഞ്ഞുവെക്കാൻ ഗവർണർക്ക് അധികാരമില്ല. വിശദീകരിക്കാനാകാത്ത കാലതാമസം വരുത്തി ബില്ലുകൾ പിടിച്ചുവെക്കുന്നതു ഫെഡറൽ തത്വങ്ങൾക്കെതിരാണെന്നു സുപ്രീം കോടതി വ്യക്തമാക്കി. ബില്ലുകൾ പിടിച്ചുവയ്ക്കുകയല്ല, നിയമസഭയുമായുള്ള ആശയവിനിമയത്തിലൂടെയും ചർച്ചയിലൂടെയും പ്രശ്നം പരിഹരിക്കുകയാണു വേണ്ടത്. ഇതിനായി പരിമിതമായ ജുഡീഷൽ അവലോകന അധികാരം പ്രയോഗിക്കാൻ കോടതിക്കു കഴിയുമെന്ന് ഭരണഘടനാ ബെഞ്ച് നിരീക്ഷിച്ചു.

നിയമനിർമാണ പ്രക്രിയയെ തടസപ്പെടുത്തുന്ന തരത്തിൽ ഗവർണറുടെ ഭാഗത്തുനിന്ന് ദീർഘമായതോ വിശദീകരിക്കാനാകാത്തതോ ആയ കാലതാമസം ഉണ്ടായാൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ഗവർണറോട് കോടതിക്കു നിർദേശിക്കാം. ബില്ലിന്റെ മെറിറ്റിനെക്കുറിച്ച് ഒന്നും നിരീക്ഷിക്കാതെയാകണം ഇത്. ബില്ലുകളിൽ ഗവർണർ ഭരണഘടനാപരമായ തീരുമാനമെടുക്കണം. തീരുമാനമെടുക്കുമ്പോൾ ഗവർണർക്കു വിവേചനാധികാരം ഉപയോഗിക്കാം.

ഭരണഘടനയുടെ അനുച്ഛേദം 143 പ്രകാരം രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ പ്രത്യേക റഫറൻസിനു മറുപടിയായാണു വിധി. ചീഫ് ജസ്റ്റിസ് ബി. ആർ. ഗവായ്, ജസ്റ്റിസുമാരായ സൂര്യകാന്ത്, വിക്രം നാഥ്, പി.എസ്. നരസിംഹ, എ.എസ്. ചന്ദൂർക്കർ എന്നിവരടങ്ങിയ ഭരണഘടനാ ബെഞ്ചാണു പത്തു ദിവസം വാദം കേട്ട് നവംബർ 20-ന് വിധി പ്രഖ്യാപിച്ചത്. തമിഴ്നാട് ഗവർണർ കേസിൽ, രാഷ്ട്രപതിക്കും ഗവർണർക്കും ബില്ലുകളിൽ നടപടിയെടുക്കാൻ സമയപരിധി നിശ്ചയിച്ച രണ്ടംഗ ബെഞ്ചിന്റെ വിധിന്യായത്തിനു തൊട്ടുപിന്നാലെ, കഴിഞ്ഞ മേയിലാണു രാഷ്ട്രപതിയുടെ റഫറൻസ് ഉണ്ടായത്. ഭരണഘടനയുടെ അനുച്ഛേദം 200/201 പ്രകാരമുള്ള ബില്ലുകൾക്ക് അനുമതി നൽകുന്നതിലുള്ള രാഷ്ട്രപതിയുടെയും ഗവർണറുടെയും തീരുമാനങ്ങൾക്കു സമയപരിധി നിശ്ചയിക്കാൻ കോടതിക്കു കഴിയില്ല. സമയപരിധി ലംഘിച്ചാൽ ബില്ലുകൾക്ക് 'കണക്കാക്കിയ സമ്മതം' പ്രഖ്യാപിച്ച് ഇത്തരം ബില്ലുകൾ പാസായതായി കണക്കാക്കുന്ന കോടതികളുടെ ആശയം ഭരണഘടനയുടെ ആത്മാവിനു വിരുദ്ധമാണ്.

തമിഴ്നാട് ഗവർണർ തടഞ്ഞുവെച്ച ബില്ലുകൾ പാസായതായി കണക്കാക്കാമെന്നു സുപ്രീംകോടതി രണ്ടംഗ ബെഞ്ചിന്റെ വിധി അധികാരവിഭജന സിദ്ധാന്തത്തിനെതിരാണ്. ഗവർണർക്കു മാത്രമുള്ള ചുമതലകളുടെ കൈയടക്കലാണിത്. എക്സിക്യൂട്ടീവിന്റെ പ്രവർത്തനങ്ങൾ ജുഡീഷറി ഏറ്റെടുക്കുന്നതും മാറ്റി സ്ഥാപിക്കുന്നതുമാണ് ഇതെന്ന നിഗമനത്തിലെത്തുന്നതിൽ ഒരു മടിയുമില്ല. നമ്മുടെ ലിഖിത ഭരണഘടനയുടെ പരിധിക്കുള്ളിൽ ഇത് അനുവദനീയമല്ലെന്നും കോടതി പറഞ്ഞു.

## സങ്കീർണതകൾ നിറഞ്ഞ നീതിന്യായ വിധി

ഭരണഘടനയുടെ 200-ാം അനുച്ഛേദം സംസ്ഥാന ഗവർണർമാർക്കു നൽകിയിട്ടുള്ള വിവേചനാധികാരം ഉയർത്തിപ്പിടിക്കുകയാണ് സുപ്രീംകോടതിയുടെ അഞ്ചംഗ ഭരണഘടനാബെഞ്ച് ചെയ്തിരിക്കുന്നത്. രാഷ്ട്രപതി ഉന്നയിച്ച ഭരണഘടനാ സംബന്ധിയായ ചില സംശയങ്ങൾ (പ്രസിഡൻഷ്യൽ റഫറൻസ്) ക്കുള്ള മറുപടിയാണ് ബെഞ്ച് നൽകിയത്. സംസ്ഥാന നിയമസഭകൾ പാസാക്കുന്ന നിയമനിർമാണങ്ങൾക്ക് അംഗീകാരം നൽകുന്നതിന് ഗവർണർമാർക്കും രാഷ്ട്രപതിക്കും യഥാക്രമം ഭരണഘടനയുടെ 200, 201 അനുച്ഛേദങ്ങൾ അനുവദിക്കുന്ന വിവേചനാധികാരം സംബന്ധിച്ചായിരുന്നു റഫറൻസ്. ഇങ്ങനെ അംഗീകാരം നൽകുന്നതിന് ഗവർണർക്കും രാഷ്ട്രപതിക്കും സമയക്രമം നിശ്ചയിച്ചുകൊണ്ട് സുപ്രീംകോടതിയുടെ രണ്ടംഗബെഞ്ച് ഏപ്രിലിൽ വിധി പുറപ്പെടുവിച്ചിരുന്നു. ഇതേത്തുടർന്നാണ് പ്രസിഡൻഷ്യൽ റഫറൻസിന് കേന്ദ്രസർക്കാർ മുന്നോട്ടുവന്നത്. രണ്ടംഗബെഞ്ചിന്റെ വിധിക്കെതിരെ പുനഃപരിശോധനാ ഹർജി, തിരുത്തൽഹർജി തുടങ്ങിയ നിയമബലമുള്ള വഴികൾ തേടാതെ പ്രസിഡൻഷ്യൽ സർക്കാർ തുനിഞ്ഞത് അദ്ഭുതമുളവാക്കിയിരുന്നു. പ്രസിഡൻഷ്യൽ റഫറൻസിനുള്ള സുപ്രീംകോടതിയുടെ മറുപടിക്ക് നിയമപ്രാബല്യമില്ലെന്നതായിരുന്നു ഇതിനു കാരണം. അതുകൊണ്ടുതന്നെ, രണ്ടംഗ ബെഞ്ചിന്റെ വിധിക്കു വിരുദ്ധമെങ്കിലും പ്രസിഡൻഷ്യൽ റഫറൻസിലെ തീർപ്പ് ആ വിധിയെ നിയമപരമായി റദ്ദുചെയ്യുന്നില്ല. എന്നാൽ, രണ്ടംഗബെഞ്ചിന്റെ ഉത്തരവിനു ഘടകവിരുദ്ധമായ നിലപാട് പ്രസിഡൻഷ്യൽ റഫറൻസിലെ മറുപടിയായി അഞ്ചംഗ ഭരണഘടനാബെഞ്ച് പുറപ്പെടുവിച്ചത് ഭാവിയിൽ നിയമപരമായ സങ്കീർണതകൾ സൃഷ്ടിക്കും.

ബില്ലുകൾ ഒപ്പിടാതെ അനന്തമായി നീട്ടിവെച്ച് കേരളത്തിലുൾപ്പെടെ സംസ്ഥാന സർക്കാരുകളെ മുൾമുനയിൽ നിർത്തുന്ന ഗവർണർമാരുടെ രാഷ്ട്രീയം ഏറെ വിമർശിക്കപ്പെട്ടിരുന്നു. ഇക്കഴിഞ്ഞ ഏപ്രിലിൽ, തമിഴ്നാട് ഗവർണർ ഡോ. ആർ.എൻ. രവി തടഞ്ഞുവെച്ചിരുന്ന ബില്ലുകളെല്ലാം പാസായതായി കണക്കാക്കുകയും ഗവർണർക്കു വീറ്റോ അധികാരമില്ലെന്നു മുന്നറിയിപ്പു കൊടുക്കുകയും ചെയ്ത സുപ്രീംകോടതി വിധി ഉണ്ടായിരുന്നു. നിയമസഭ പാസാക്കിയ ബില്ലിൽ തീരുമാനമെടുക്കാൻ ഗവർണർക്ക് മൂന്ന് സാധ്യതകളേ ഉള്ളൂ. ഒന്ന് അനുമതി നൽകുക, രണ്ട് നിയമസഭയ്ക്കു തിരിച്ചയയ്ക്കുക, മൂന്ന് ബില്ല് രാഷ്ട്രപതിക്ക് അയയ്ക്കുക. എന്നാൽ, ബില്ലിൽ തീരുമാനമെടുക്കാതെ വൈകിക്കുകയും അതിനുശേഷം രാഷ്ട്രപതിക്ക് അയയ്ക്കുകയും ചെയ്തത് ഭരണഘടനാവിരുദ്ധമാണെന്നായിരുന്നു ജസ്റ്റിസ് ജെ.ബി. പർദിവാല, ജസ്റ്റിസ് ആർ. മഹാദേവൻ എന്നിവരുടെ ബെഞ്ച് വിധിച്ചത്. സർവകലാശാലകളുടെ വൈസ് ചാൻസലർമാരെ നിയമിക്കുന്നതിൽ ഗവർണർക്കുള്ള അധികാരം പരിമിതപ്പെടുത്തുന്നതും ചാൻസലർ സ്ഥാനത്തുനിന്ന് ഗവർണർമാരെ മാറ്റുന്നതുമായ ബില്ലുകളാണ് നിയമസഭ പാസാക്കിയത്. ഈ ബില്ലുകൾ ഗവർണർ ആർ.എൻ. രവി മൂന്നു വർഷത്തോളം പിടിച്ചുവെച്ചതോടെ വിഷയം സങ്കീർണമായി. തുടർന്ന് രാഷ്ട്രപതി നൽകിയ റഫറൻസിലാണ് ഇപ്പോൾ വിധി വന്നിരിക്കുന്നത്. ഗവർണർ ഒപ്പിടാത്ത ബില്ലുകൾക്ക് അംഗീകാരം നൽകാൻ കോടതിക്ക് കഴിയില്ലെന്നും രാഷ്ട്രപതിയുടെയോ ഗവർണറുടെയോ ചുമതല കോടതിക്കു ഏറ്റെടുക്കാനാവില്ലെന്നും വിധിയിൽ പറയുന്നു.

എന്നാൽ, അനന്തമായി ബില്ലുകൾ ഒപ്പിടാതെ തടഞ്ഞുവെക്കാനാവില്ലെന്നാണ് കോടതി പറഞ്ഞതെന്നും സമയപരിധി നിശ്ചയിക്കാൻ അപ്പീൽ നൽകുമെന്നും ഡിഎംകെ വക്താവ് ടി.കെ.എസ്. ഇളങ്കോവൻ പ്രതികരിച്ചു. വിധിക്കുശേഷവും രാഷ്ട്രീയപോരാട്ടം തുടരുമെന്നതിന്റെ സൂചനയാണിത്. അനിശ്ചിതകാലത്തേക്ക് ബില്ലുകൾ തടഞ്ഞുവെക്കാനാകില്ലെന്നും അങ്ങനെവന്നാൽ സംസ്ഥാനങ്ങൾക്കു കോടതിയെ സമീപിക്കാമെന്നും പറഞ്ഞെങ്കിലും കഴിഞ്ഞ ഏപ്രിലിൽ രണ്ടംഗ ബെഞ്ച് ഗവർണർക്കെതിരായി നടത്തിയ വിധിയും മൂന്നുമാസ കാലാവധിയും തള്ളിക്കളഞ്ഞിരിക്കുകയാണ്. കോടതിക്കു മുന്നിലുണ്ടായിരുന്നത് പ്രശ്നപരിഹാരമല്ല, ഭരണഘടനാ വിശദീകരണമാണ്. അതായത്, രാഷ്ട്രപതിക്കും ഗവർണർക്കും ഉപദേശം നല്കിയ കോടതി, അവർ ബില്ലുകൾ അനന്തമായി നീട്ടിക്കൊണ്ടുപോയാൽ എന്തു ചെയ്യും എന്ന ചോദ്യത്തിനല്ല ഉത്തരം പറഞ്ഞത്. ഇന്ത്യയുടെ പ്രതിസന്ധി അതായിരുന്നെങ്കിലും രാഷ്ട്രപതി ചോദിച്ചത് ഗവർണറുടെ അധികാരത്തെക്കുറിച്ചു മാത്രമായിരുന്നു. കോടതി അതിനുത്തരം പറഞ്ഞു. മറ്റു കാര്യങ്ങൾ വീണ്ടും കോടതിയിലെത്തും.

രാഷ്ട്രീയത്തിനു മുകളിൽ ഒരു ബില്ലും പറക്കില്ലെന്നു വേണമെങ്കിൽ പറയാം. നോമിനിയായ ഗവർണർക്കു മുകളിലാണ് ജനം തെരഞ്ഞെടുത്ത സംസ്ഥാന സർക്കാർ എന്നും, രാഷ്ട്രീയത്തിനു മുകളിലാണ് ജനാധിപത്യം എന്നും ഗവർണർമാരും അവരെ പറഞ്ഞയച്ചവരും മനസിലാക്കിയിരുന്നെങ്കിൽ, ഈ വിഷയം ഭരണഘടനാ ബെഞ്ചിനു തലനാരിഴ കീറി പരിശോധിക്കേണ്ടി വരില്ലായിരുന്നു. ഭരണഘടനയുടെ ആത്മാവിനെ ത്യജിക്കാൻ അതിന്റെ എഴുതപ്പെട്ടതോ എഴുതപ്പെടാത്തതോ ആയ വാക്യങ്ങളെ പഴുതുകളാക്കുന്ന പ്രവണത അധികാര രാഷ്ട്രീയത്തിനു ഗുണകരമായിരിക്കാം. പക്ഷേ, ഫെഡറൽ തത്വങ്ങൾക്കു ഗുണകരമല്ല. ഭരണഘടനാ സ്ഥാപനങ്ങളും സ്ഥാനങ്ങളും പാർട്ടിക്കുവേണ്ടിയല്ല, രാജ്യത്തിനുവേണ്ടിയാണെന്ന് മറക്കാതിരിക്കുന്നതാണ് യഥാർത്ഥ ദേശസ്നേഹം.

## കാലാവസ്ഥാ ഉച്ചകോടി വേദിയിൽ തീപിടിത്തം

ബ്രസീലിയ: ബ്രസീലിലെ യുഎൻ കാലാവസ്ഥാ ഉച്ചകോടി വേദിയിൽ തീപിടിത്തം. ഉച്ചകോടിയിൽ പങ്കെടുക്കുകയായിരുന്ന ആയിരക്കണക്കിനു പ്രതിനിധികളെ അടിയന്തരമായി ഒഴിപ്പിച്ചു മാറ്റേണ്ടിവന്നു.

ആമസോൺ വനത്തിനു സമീപം ബെലം നഗരത്തിൽ ഉച്ചകോടി വേദിയിൽ നവംബർ 20-ന് വ്യാഴാഴ്ച ഉച്ചയ്ക്കുശേഷമായിരുന്നു സംഭവം. ഉച്ചഭക്ഷണം കഴിഞ്ഞ് പ്രതിനിധികൾ ചർച്ച ആരംഭിക്കവേ വേദിക്കടുത്തുള്ള എക്സിബിഷൻ പവിലിയനിലുണ്ടായ തീപിടിത്തം മറ്റു മേഖലകളിലേക്കും പടരാൻ തുടങ്ങി. സുരക്ഷാ ഉദ്യോഗസ്ഥർ ഉടൻതന്നെ പ്രതിനിധികളെ പുറത്തിറക്കി. പുക ശ്വസിച്ച് അവശനിലയിലായ 13 പേർക്കു ചികിത്സ നല്കി.

ആറു മിനിറ്റിനുള്ളിൽ തീ അണയ്ക്കാൻ കഴിഞ്ഞതായി അധികൃതർ പറഞ്ഞു. ഇലക്ട്രിക് ഉപകരണത്തിൽനിന്നാണു തീപിടിത്തമുണ്ടായതെന്ന് അനുമാനിക്കുന്നു.



ബ്രസീലിലെ യുഎൻ കാലാവസ്ഥാ ഉച്ചകോടി വേദിയിലുണ്ടായ തീപിടിത്തം.

ഇതിനിടെ, ആഗോളതാപനം നിയന്ത്രണവിധേയമാക്കുന്നതിന് ഊർജിത നടപടികൾ വേണമെന്ന ആവശ്യത്തിൽ ഉച്ചകോടിയിൽ ചർച്ച തുടരുകയാണ്. വിഷയത്തിൽ തീരുമാനം ഉണ്ടാകാത്ത സാഹചര്യത്തിൽ 21-ന് അവസാനിക്കേണ്ടിയിരുന്ന ഉച്ചകോടി നീട്ടിയിരിക്കുകയാണ്. 200 രാജ്യങ്ങളിലെ പ്രതിനിധികൾ പങ്കെടുക്കുന്നു.

## ചാരവൃത്തി: കൊച്ചി കപ്പൽശാല ജീവനക്കാർ അറസ്റ്റിൽ

കൊച്ചി: പാക്കിസ്ഥാനു വേണ്ടി ചാരവൃത്തി നടത്തിയെന്ന് ആരോപിച്ച് കൊച്ചി കപ്പൽ നിർമാണശാലയുടെ മാൽപെ യൂണിറ്റിലെ രണ്ട് കരാർ ജീവനക്കാരെ ഉടുപ്പി പോലീസ് അറസ്റ്റ് ചെയ്തു. യു.പി. സ്വദേശികളായ രോഹിത്, സാൻട്രി എന്നിവരാണ് അറസ്റ്റിലായത്. മാൽപെ യൂണിറ്റിൽ ഇന്ത്യൻ നാവികസേനയ്ക്കും കപ്പലുകൾ നിർമ്മിച്ചു നല്കുന്നുണ്ട്. കപ്പൽ നിർമ്മാണം, കപ്പലിലെ നാവിക ഉപകരണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട രഹസ്യവിവരങ്ങൾ ഇരുവരും പാക്കിസ്ഥാനിലേക്ക് കൈമാറിയതായി പോലീസ് അറിയിച്ചു. രോഹിത് മുൻപ് കേരളത്തിലും ജോലി ചെയ്തിരുന്നു.

## ബിഹാർ മന്ത്രിസഭയിൽ പത്തു പുതുമുഖങ്ങൾ, മൂന്നു വനിതകൾ

പാറ്റ്ന: ബിഹാറിൽ നിതീഷ് കുമാർ മന്ത്രിസഭയിൽ ഇത്തവണ ഇടംപിടിച്ചത് പത്ത് പുതുമുഖങ്ങൾ. ജാതി സമവാക്യങ്ങളും പ്രാദേശിക സംതുലനവും ഒരുപോലെ ശ്രദ്ധിച്ചാണ് നിതീഷ് മന്ത്രിസഭ അധികാരമേൽക്കുന്നത്.

മുൻ സർക്കാരിലെ ഉപമുഖ്യമന്ത്രിമാരും മുതിർന്ന ബിജെപി നേതാക്കളുമായ സാമ്രാട്ട് ചൗധരി, വിജയ് കുമാർ സിൻഹ, മുതിർന്ന ജെഡിയു നേതാക്കളായ ബിജേന്ദ്ര പ്രസാദ് യാദവ്, വിജയകുമാർ ചൗധരി, ശ്രാവൺ കുമാർ എന്നിവർ സുപ്രധാന വകുപ്പുകൾ കൈകാര്യംചെയ്തേക്കും. മുൻ മന്ത്രിമാരായ മംഗൾ പാണ്ഡെ, പ്രമോദ് കുമാർ, സുരേന്ദ്ര പ്രസാദ് മേത്ത, നിഥിൻ നാബിൻ എന്നിവരുടെ സാന്നിദ്ധ്യവും സർക്കാരിന്റെ ശക്തി വർധിപ്പിക്കും. രണ്ടു വർഷം മുൻ മന്ത്രിസഭ വിട്ട ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ ദിലീപ് ജയ്സ്വാളും ഇക്കുറി കാബിനറ്റിൽ തിരിച്ചെത്തി.

ഷൂട്ടിംഗ് താരം ശ്രേയസ് സിംഗ്, മുൻ കേന്ദ്രമന്ത്രി ജയനാരായൺ നിഷാദിന്റെ മരുമകൾ രാമ നിഷാദ്, രാം കൃപാൽ യാദവ് (ബിജെപി), ആർഎൽഎം അദ്ധ്യക്ഷൻ ഉപേന്ദ്ര കുശ്വാഹയുടെ മകൻ ദീപക് പ്രകാശ്, എൽജെപി (രാംവിലാസ് പാസ്വാൻ) പ്രതിനിധികളായ സഞ്ജയ് കുമാർ സിംഗ്, സഞ്ജയ് കുമാർ തുടങ്ങിയവരാണു പുതുമുഖങ്ങൾ. ലെസി സിംഗ്, ശ്രേയസി സിംഗ്, രാമ നിഷാദ് എന്നിവരാണു വനിതാ പ്രതിനിധികൾ. ജമാഖാനാണ് ഏക മുസ്‌ലിം അംഗം.

ഉയർന്ന ജാതിയിൽനിന്നുള്ള എട്ടുപേരാണ് മന്ത്രിസഭയിൽ ഇടംപിടിച്ചത്. അഞ്ചുപേർ ദളിത് വിഭാഗത്തെയും ഒബിസി-ഒഇസി വിഭാഗത്തെ 13 അംഗ ഒബിസി-ഒഇസി വിഭാഗത്തെ 13 അംഗങ്ങളും പ്രതിനിധീകരിക്കുന്നു.

# മേരി മാത്യു തെക്കേപ്പറമ്പിൽ (മങ്ക) ചിക്കാഗോയിൽ അന്തരിച്ചു



ചിക്കാഗോ: പരേതനായ മാത്യു തെക്കേപറമ്പിലിന്റെ (മാഞ്ഞൂർ) ഭാര്യ മേരി മാത്യു തെക്കേപറമ്പിൽ (മങ്ക) (87) ചിക്കാഗോയിൽ അന്തരിച്ചു. പരേത ഉഴവൂർ എള്ളങ്കിൽ കുടുംബാംഗമാണ്. മക്കൾ: ജോണി തെക്കേപറമ്പിൽ, വിമല നെടുമാക്കൽ, ഷേർളി തോട്ടുങ്കൽ, ജോമോൻ തെക്കേപറമ്പിൽ, സുനി ഐക്കര (എല്ലാവരും ചിക്കാഗോയിൽ). മരുമക്കൾ: അന്നമ്മ വിലങ്ങുകല്ലുങ്കൽ, മാത്യു നെടുമാക്കൽ (ചിക്കാഗോ കെ.സി.എസ് മുൻ പ്രസിഡണ്ട്), മാത്യു തോട്ടുങ്കൽ, ലിസി താനത്ത്, അനി ഐക്കര. സഹോദരങ്ങൾ: പരേതനായ ഇ.ജെ. ലൂക്കോസ് എക്സ് എംഎൽഎ, മത്തച്ചൻ എള്ളങ്കിൽ, ചിന്നമ്മ പുതുശ്ശേരിൽ, ഗ്രേസി കുന്നപ്പള്ളി, സൈമൺ എള്ളങ്കിൽ (ചിക്കാഗോ കെ.സി.എസ് മുൻ പ്രസിഡണ്ട്), പരേതയായ ശാന്ത വാളശ്ശേരിൽ.

പൊതുദർശനം ബെൻസൻവിൽ സേക്രഡ് ഹാർട്ട് ക്നാനായ പള്ളിയിൽ. സംസ്കാരം മോർട്ടൻഗ്രോവ് (ചിക്കാഗോ) സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ പള്ളിയിൽ.

**Monday, November 24**
Memorial Mass – 7:00 PM
**St. Mary's Knanaya Church, Morton Grove**

**Friday, November 28 – Wake Service**
3:00–4:00 PM: Private viewing for family
4:00–9:00 PM: Public viewing
**Sacred Heart Knanaya Church, Bensenville**

**Saturday, November 29 – Funeral Service**
8:30 to 10AM: viewing
10 AM: Funeral Mass
**St. Mary's Knanaya Church, Morton Grove**






# കുട്ടികളുടെ രണ്ടാം ആഗോളദിനം റോമിൽ

വത്തിക്കാൻ സിറ്റി: കുട്ടികളുടെ രണ്ടാം ആഗോളദിനത്തിന് റോം ആതിഥേയത്വം വഹിക്കും. 2026 സെപ്റ്റംബർ 25 മുതൽ 27 വരെയാണ് സമ്മേളനം. ലോകമെമ്പാടും നിന്നുള്ള കുട്ടികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കുമുള്ള കണ്ടുമുട്ടലിന്റെയും പ്രാർത്ഥനയുടെയും ദിനങ്ങളായിരിക്കും സെപ്റ്റംബറിൽ നടക്കുകയെന്ന് കുട്ടികൾക്കായുള്ള ആഗോളദിനത്തിനു വേണ്ടിയുള്ള പൊന്തിഫിക്കൽ കമ്മിറ്റി അറിയിച്ചു.

2024 മെയ് മാസത്തിൽ ഫ്രാൻസിസ് മാർപാപ്പയുടെ സാന്നിദ്ധ്യത്തിൽ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ നടന്ന കുട്ടികളുടെ പ്രഥമ ആഗോളദിനത്തിൽ 101 രാജ്യങ്ങളിൽ നിന്നായി ഒരു ലക്ഷത്തിലധികം കുട്ടികൾ പങ്കെടുത്തിരുന്നു.

2026-ൽ നടക്കുന്ന രണ്ടാം ആഗോളദിനത്തിലൂടെ, സമാധാനം ആഗ്രഹിക്കുന്ന ഒരു ലോകത്തിന്റെ വക്താക്കളാകാനുള്ള കുട്ടികളുടെ സ്വരം ശ്രവിക്കാനും വിലമതിക്കാനുമുള്ള തങ്ങളുടെ ഉത്തരവാദിത്വം വ്യക്തമാക്കുകയാണ് സഭയെന്ന് പൊന്തിഫിക്കൽ കമ്മിറ്റി വിശദീകരിച്ചു.

സമ്മേളനത്തിന്റെ പതാകയും ലോഗോയും ലയോ പതിനാലാമൻ മാർപാപ്പ അനാച്ഛാദനം ചെയ്തു. കുരിശും വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ മകുടത്തിന്റെ മാതൃകയിലുള്ള ചിത്രവും ഏഴു ഭൂഖണ്ഡങ്ങളെ പ്രതിനിധാനം ചെയ്ത് ഏഴ് കാല്പ്പാടുകളും ഔദ്യോഗിക പതാകയിലുണ്ട്. വിവിധ സംസ്കാരങ്ങളെ പ്രതിനിധാനം ചെയ്ത് വിവിധ വർണങ്ങളും പതാകയിലുണ്ട്.

ക്രിസ്തുവിന്റെ സഹനവും പുനരുത്ഥാനവുമാണ് കുരിശ് പ്രതിനിധാനം ചെയ്യുന്നതെന്നും ബസിലിക്കയുടെ മകുടം ലോകത്തിന്റെ എല്ലായിടങ്ങളിൽ നിന്നുമുള്ള കുട്ടികളെ സ്വാഗതം ചെയ്യുകയും സംരക്ഷിക്കുകയും ചെയ്യുന്നതിന്റെയും കാല്പ്പാടുകൾ കുട്ടികളുടെ നിഷ്കളങ്കതയും ആഗോളപരതയുമാണ് അനുസ്മരിപ്പിക്കുന്നതെന്നും കമ്മിറ്റി വിശദീകരിച്ചു.

# ബിഎൽഒയെ തടഞ്ഞാൽ ക്രിമിനിൽ നടപടിയെന്ന് കമ്മീഷൻ

തിരുവനന്തപുരം: തീവ്ര വോട്ടർപട്ടിക പരിഷ്കരണവുമായി (എസ്ഐആർ) ബന്ധപ്പെട്ടുള്ള ബൂത്ത് ലെവൽ ഓഫീസർമാരുടെ (ബിഎൽഒ) പ്രവർത്തനം തടസ്സപ്പെടുത്തുന്നവർക്കെതിരെ ക്രിമിനൽ നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശം. മലപ്പുറത്തും ഇടുക്കിയിലും ബിഎൽഒമാരുടെ പ്രവർത്തനം തടസ്സപ്പെടുത്തുകയും ഭീഷണിപ്പെടുത്തുകയും ചെയ്ത സാഹചര്യത്തിലാണ് കടുത്ത നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചതെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. കേൽക്കർ പത്രസമ്മേളനത്തിൽ പറഞ്ഞു.

ജോലി തടസ്സപ്പെടുത്താൻ ചിലർ ശ്രമിക്കുന്നതായി ബിഎൽഒമാർ തന്നെ പരാതിപ്പെട്ട സാഹചര്യത്തിലാണ് ജില്ലാ കളക്ടർമാരുടെ യോഗത്തിൽ ഈ കർശന നിർദേശം നല്കിയത്. 10 വർഷം തടവ് ലഭിക്കാവുന്ന കുറ്റകൃത്യമാണിത്. മലപ്പുറത്തും ഇടുക്കിയിലും ചില പ്രദേശത്തെ വീടുകളിൽ എത്തരുതെന്നായിരുന്നു ബിഎൽഒമാർക്കുള്ള ഭീഷണി. പാർലമെന്റ് പാസാക്കിയ നിയമത്തിനും ചട്ടത്തിനും അനുസരിച്ചാണ് തെരഞ്ഞെടുപ്പു കമ്മീഷൻ പ്രവർത്തിക്കുന്നത്. കമ്മീഷണർമാരും സിഇഒയും തുടങ്ങി ബിഎൽഒമാർ വരെ കമ്മീഷന്റെ ഭാഗമാണ്. ഇവർക്കെതിരെ അപകീർത്തികരമായ പരാമർശങ്ങൾ പ്രചരിപ്പിച്ചാൽ ഐടി ആക്ട് അനുസരിച്ച് കേസെടുക്കാനും നിർദേശിച്ചിട്ടുണ്ട്. ബിഎൽഒമാർ വീടുകളിലെത്താൻ തടസം നേരിട്ടാൽ പോലീസ് സഹായം നല്കണമെന്നും നിർദേശിച്ചിട്ടുണ്ട്. ബിഎൽഒമാർക്ക് വില്ലേജ് ഓഫീസർ അടങ്ങുന്ന ടീം ആവശ്യമായ സഹായം നല്കും. ബിഎൽഒമാരും രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളായ ബൂത്ത് ഏജന്റുമാരും സംയുക്ത യോഗം ചേർന്ന് പട്ടിക പരിശോധിക്കണം.

എസ്ഐആർ കേരളത്തിൽ തുടങ്ങിയശേഷം രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെ യോഗം ചേർന്നിരുന്നു. 4000 പുതിയ ബിഎൽഒമാരെ പാർട്ടികൾ നോമിനേറ്റ് ചെയ്തിരുന്നു. ടാർജറ്റിൽ പിഴവ് വരുത്തിയതിന്റെ പേരിൽ ഒരു ബിഎൽഒയ്ക്കെതിരെയും നടപടി സ്വീകരിച്ചിട്ടില്ല. ബിഎൽഒയ്ക്കെതിരെ നടപടി എടുക്കുന്നതിനല്ല ഇപ്പോൾ മുൻതൂക്കം നല്കിയിട്ടുള്ളത്. ഏല്പിച്ച ജോലി ഭംഗിയായി പൂർത്തിയാക്കുന്നതിനാണ്.

# വിമാനത്താവള പരിധിയിൽ സ്വർണം പിടിക്കാൻ പോലീസിന് അധികാരമില്ല

കൊച്ചി: കരിപ്പൂർ സ്വർണവേട്ടയിൽ പോലീസിനെതിരെ കസ്റ്റംസ് ഹൈക്കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചു. വിമാനത്താവളത്തിൽ സ്വർണം പിടിക്കാൻ പോലീസിന് അധികാരമില്ലെന്നും കസ്റ്റംസ് മേഖലയിൽ പോലീസ് സ്വർണം പിടിച്ചത് നിയമപരമായി തെറ്റാണെന്നും കസ്റ്റംസ് കോടതിയെ അറിയിച്ചു.

കരിപ്പൂർ വിമാനത്താവളത്തിൽനിന്നു പോലീസ് പിടിച്ചെടുത്ത സ്വർണം വിട്ടുകിട്ടാനുള്ള ഹർജി പരിഗണിക്കവെയാണ് സത്യവാങ്മൂലം നൽകിയത്.

പിടിച്ചെടുത്ത സ്വർണം പോലീസ് നിയമവിരുദ്ധമായി ഉരുക്കുന്നുവെന്ന ഗുരുതരമായ ആരോപണവും കസ്റ്റംസ് ഉന്നയിച്ചിട്ടുണ്ട്. മജിസ്ട്രേറ്റിന്റെ അനുമതി വാങ്ങാതെ വ്യക്തികളുടെ എക്സറേ പോലീസ് എടുക്കുന്നു. നിയമപരമായി വിമാനത്താവളത്തിനുള്ളിൽനിന്നും പരിസരത്തുനിന്നും സ്വർണക്കടത്ത് തടയാൻ തൊണ്ടിമുതൽ പിടിച്ചെടുക്കാനുള്ള അധികാരം കസ്റ്റംസ് ഏജൻസിക്ക് മാത്രമാണ്.

സംസ്ഥാന പോലീസും കസ്റ്റംസും തമ്മിലുള്ള അധികാരപരിധി സംബന്ധിച്ചുള്ള തർക്കം രൂക്ഷമാകുന്ന സാഹചര്യത്തിലാണ് ഹൈക്കോടതിയിലെ സത്യവാങ്മൂലം പ്രസക്തമാകുന്നത്.

കരിപ്പൂർ സ്റ്റേഷനിൽ മാത്രം പോലീസ് പിടിച്ചെടുത്ത 170 സ്വർണക്കടത്ത് കേസുകളുണ്ട്. ഇതിൽ, ആറെണ്ണം മാത്രമാണ് പോലീസ് കസ്റ്റംസിന് കൈമാറിയിട്ടുള്ളൂ. 134 കേസുകളുടെ വിവരം കസ്റ്റംസ് ശേഖരിച്ചത് മഞ്ചേരി കോടതിയിൽ നിന്നാണെന്നും സത്യവാങ്മൂലത്തിൽ ഉന്നയിക്കുന്നുണ്ട്. പിടിച്ചെടുത്ത സ്വർണം പോലീസ് നിയമവിരുദ്ധമായി ഉരുക്കുന്നത് സ്വർണത്തിന്റെ രൂപം മാറുകയും തെളിവുകൾ നശിക്കുകയും ചെയ്യുന്നു. പോലീസിന്റെ ഇത്തരം നടപടികൾ കസ്റ്റംസ് അന്വേഷണത്തെ ദുർബലപ്പെടുത്തുന്നുണ്ടെന്നും കസ്റ്റംസ് ആരോപിക്കുന്നു.

സ്വർണക്കടത്ത് സാമ്പത്തിക കുറ്റകൃത്യം എന്നതിലുപരി രാജ്യസുരക്ഷയെ ബാധിക്കുന്ന വിഷയമാണ്. ഇതിൽ അന്വേഷണം നടത്തേണ്ടത് കേന്ദ്ര ഏജൻസികളാണെന്നും പോലീസ് ഇടപെടുന്നത് അന്വേഷണത്തിന്റെ ഗൗരവം കുറയ്ക്കുമെന്നും കസ്റ്റംസ് ആവർത്തിക്കുന്നു.

# അയർക്കുന്നത്ത് സ്ഥാനാർത്ഥികളായി ദമ്പതികൾ

അയർക്കുന്നം: അയർക്കുന്നത്ത് സ്ഥാനാർത്ഥികളായി ദമ്പതികൾ. പഞ്ചായത്ത് പ്രസിഡണ്ട് സീന ബിജു നാരായണനും ഭർത്താവ് ബിജു നാരായണനും സ്വതന്ത്രരായി ജനവിധി തേടും. പഞ്ചായത്തിലെ സമീപ വാർഡുകളായ



സീന ബിജു നാരായണനും ഭർത്താവ് ബിജു നാരായണനും.

എട്ടാം വാർഡ് തൈക്കൂട്ടം, ഒൻപതാം വാർഡ് മെത്രാഞ്ചേരി എന്നിവിടങ്ങളിലാണു മത്സരിക്കുക. കഴിഞ്ഞ തവണ തൈക്കൂട്ടത്തുനിന്നും കന്നി അങ്കത്തിൽ വിജയിച്ചു സീന ബിജു പഞ്ചായത്ത് പ്രസിഡണ്ട് ആയിരുന്നു. 2015-ൽ ബിജു ജനവിധി നേടിയ വാർഡും ഇതാണ്. തികഞ്ഞ വിജയ പ്രതീക്ഷയിലായ ദമ്പതികൾ ഇരുവരും ഊർജ്ജിതമായി പ്രവർത്തനം ആരംഭിച്ചു. വീടുകളിൽ വോട്ടർമാരെ കണ്ടു വോട്ടഭ്യർത്ഥിക്കാൻ ആരംഭിച്ചിട്ടുണ്ട്. അയർക്കുന്നം പഞ്ചായത്തിൽ ദമ്പതികൾ എൽഡിഎഫ് സ്ഥാനാർത്ഥികളായി മത്സരിക്കും. പള്ളം ബ്ലോക്ക് പഞ്ചായത്തംഗമായിരുന്ന ജയിംസ് പുതുമനയും ഭാര്യ ആനി ജയിംസുമാണു മത്സര



ജയിംസ് പുതുമനയും ഭാര്യ ആനി ജയിംസും.

രംഗത്തുള്ളത്. ഇക്കുറി ജയിംസ് ഏഴാം വാർഡ് അയർക്കുന്നം ഈസ്റ്റിൽനിന്നും ആനി ആറാം വാർഡ് നരിവേലിൽ നിന്നുമാണു ജനവിധി തേടുന്നത്. ജയിംസ് 2005-ൽ ഏഴാം വാർഡിലും 2010-ൽ ആറാം വാർഡിലും മത്സരിച്ചു ജയിച്ചിരുന്നു. ആനി 2015-ലും വിജയിച്ചിരുന്നു. പഞ്ചായത്തു തിരികെ പിടിക്കുകയാണു ലക്ഷ്യമെന്നു ഇരുവരും പറഞ്ഞു.

HEATING & AIR CONDITIONING
Honest Reliable Professional
Lifetime Comfort, Inc
HEATING, AIR CONDITIONING AND ENERGY MANAGEMENT
Services at Reasonable Rates
847-924-4277
LIFETIME COMFORT. INC
Repairs • Maintenance • Installation
Air Conditioners • Furnaces • Boilers
Water Heaters • Humidifiers

24 Hour Emergency Service
• Honest • Reliable
• Licensed • Insured • Bonded
Contact: Eby Elakkatt
16 years of experience
Forlifetimecomfort@gmail.com

We Offer FREE Second Opinion

PINNACLE MORTGAGE
MAKING YOUR DREAMS COME TRUE

George Kurian
Mortgage Specialist
NMLS ID 220917
1325 Wiley Rd Suite 160
Schaumburg, IL 60173
NMLS ID 2278494 Lic # MB.6761681
8473408708
avicote2@gmail.com
http://pinnacle.mortgage
"Licensed to originate Mortgage both in Illinois and Georgia"

# MAYOR ROBIN J. ELACKATT SECURES THIRD CONSECUTIVE TERM IN MISSOURI CITY

Missouri City, Texas—In a night filled with pride, joy, and heartfelt community spirit, residents, leaders, and supporters packed the Missouri City Community Center to celebrate a defining moment in the city's history—the Installment Ceremony and Meet and Greet honoring Mayor Robin J. Elackatt and the newly sworn-in City Council.

The standing-room-only crowd reflected the warmth and unity of a community committed to progress and shared purpose. Families, long-time residents, community leaders, and dignitaries gathered to witness the swearing-in of Missouri City's newly elected officials and to celebrate Mayor Robin J. Elackatt's historic accomplishment as a South Asian leader securing his third mayoral term—2020–2022, 2022–2025, and now 2025–2028.

## A Historic Victory and a Symbol of Representation

Mayor Elackatt's reelection—defeating outgoing District B Council member Jeffrey Boney with 52.61% of the vote—marks a significant moment not only for Missouri City but for the broader South Asian community in Texas. His rise stands as a powerful testament to the city's diversity, inclusion, and shared belief in representative leadership.

240th District Judge Surendran K. Pattel, who also hails from the same state in India, administered the oath of office, underscoring the deep cultural pride and shared heritage present throughout the evening. Judge Pattel spoke passionately about Elackatt's dedication, service, and the honor he brings to the community.

Mayor Robin J. Elackatt, a proud father of two daughters, Leah and Kaitlyn,



took a moment to recognize the unwavering support of his family. "To my wife, Tina, and my daughters, thank you for your love, your patience, and your strength," he said, highlighting the personal foundation behind his public service.



First Lady of Missouri City, Tina Elackatt, played a special role in the ceremony by holding the Holy Bible as Judge Surendran K. Pattel administered the oath of office to the Mayor—symbolizing both faith and family as pillars of leadership.

The ceremony also celebrated the installation Sonya Brown-Marshall, Mayor Pro Tem / Council member at Large Position No. 1, Lynn Clouser, Council member at Large Position No. 2 and Sharita L. Thompson, Council member District B.

Council member Thompson, a U.S. Armed Services veteran and first-time officeholder, delivered a touching message, Council member Clouser called the moment a victory not just for her, but for the entire city. Mayor-Pro Tem and Council member Brown-Marshall, entering her second term, thanked residents for their trust:

## A Mayor's Message from the Heart

Mayor Elackatt took the stage with a message anchored in gratitude, family,



and service. With emotion and sincerity, he recognized those closest to him and the many supporters and faith leaders who carry him in their prayers.He offered heartfelt thanks to the Former MP Honorable Thomas Chazhikadan, who traveled from India to attend the ceremony—another reminder of the global journey that brought Mayor Elackatt to this moment.

Mayor Robin J. Elackatt's message to Missouri City was clear, "Leadership is not about a title. It is about service. And I am here to serve all of Missouri City."

He reflected on the progress made—strengthened core services, public safety enhancements, improved parks and facilities, and consistent investment in infrastructure. But most importantly, Mayor outlined what comes next such as continued road and drainage improvements, continued investment in police, fire, and first responders, economic development and small business support, smarter tools and better services for residents, more vibrant spaces that reflect the city's diversity and responsible planning for the next decade. "We are not just maintaining a city. We are shaping a legacy," he declared. He reminded the room that no leader moves forward alone:"Every neighborhood matters. Every voice matters. Every family matters."And in a powerful call to unity, he urged residents to choose connection over conflict: "Let's choose understanding over anger, dialogue over division, and unity over anything that tries to pull us apart."

## A Celebration of Community

The ceremony ended with standing ovation for Mayor Robin Elackatt and other elected council members. Applause, smiles, and a strong sense












of togetherness was seen at the installment ceremony after which guests gathered for photographs and refreshments—capturing a moment in time that symbolized Missouri City's bright future.

This installment ceremony was more than a swearing-in. It was a celebration of heritage, public service, and the community's unwavering belief in progress. As Mayor Elackatt begins his third term alongside a dedicated City Council, Missouri City stands poised to continue moving forward—faster, stronger, and together.

The future of the Show Me City isn't something we wait for. It's something we build—side by side, neighbor to neighbor, with unity and purpose guiding the way.

Mayor Robin J. Elackatt's third-term victory stands as a shining example of a new erain North American politics, as South Asian leaders continue to trailblaze historic milestones and redefine representation.














## ശബരിമല സ്വർണക്കൊള്ള:
# എ. പത്മകുമാറിനെ അറസ്റ്റ് ചെയ്തു

തിരുവനന്തപുരം: ശബരിമല സ്വർണക്കൊള്ള കേസിൽ സിപിഎമ്മിന്റെ കോന്നി മുൻ എംഎൽഎയും തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡണ്ടുമായ എ. പത്മകുമാറിനെ അറസ്റ്റ് ചെയ്തു. മണിക്കൂറുകൾ നീണ്ട ചോദ്യം ചെയ്യലിനൊടുവിലാണ് പ്രത്യേക അന്വേഷണസംഘം പത്മകുമാറിന്റെ അറസ്റ്റ് രേഖപ്പെടുത്തിയത്. ശബരിമല ശ്രീകോവിലിലെ കട്ടിളപ്പാളിയിലെ സ്വർണക്കടത്തു കേസുമായി ബന്ധപ്പെട്ടാണ് പത്മകുമാറിനെതിരെ നടപടിയെടുത്തത്. സർക്കാരിൽ നിന്നുള്ള ചില നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് ബോർഡിന് ഇത്തരത്തിലുള്ള ചില തീരുമാനങ്ങൾ എടുക്കേണ്ടിവന്നതെന്ന സുപ്രധാന മൊഴിയും പത്മകുമാർ പ്രത്യേക അന്വേഷണ സംഘത്തിനു നല്കിയതായി സൂചനയുണ്ട്. പത്മകുമാറിന്റെ അറസ്റ്റോടെ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡണ്ട് എൻ. വാസുവിനു പിന്നാലെ അറസ്റ്റിലാകുന്ന രണ്ടാമത്തെ പ്രസിഡണ്ടാണ് പത്മകുമാർ. സ്വർണക്കൊള്ളയുടെ തുടക്കത്തിൽ തിരുവിതാംകൂർ ദേവസ്വംബോർഡ് മുൻ കമ്മീഷണറായിരുന്ന എൻ. വാസുവിന്റെ മൊഴിയുടെ അടിസ്ഥാനത്തിലാണ് പത്മകുമാറിനെ അന്വേഷണസംഘം അറസ്റ്റ് ചെയ്തത്. ശബരിമല സ്വർണക്കൊള്ളയിലെ മുഖ്യസൂത്രധാരൻ പത്മകുമാർ ആണെന്നാണ് പ്രത്യേക അന്വേഷണസംഘത്തിന്റെ നിലപാട്. പത്മകുമാറിന്റെ ആറന്മുളയിലെ വീട്ടിൽ അടക്കം ഇതുമായി ബന്ധപ്പെട്ട ഗൂഢാലോചന നടന്നതായാണ് അന്വേഷണസംഘം കരുതുന്നത്. ഇവിടെ ഉണ്ണികൃഷ്ണൻ പോറ്റി പലതവണ വന്നിരുന്നു. സ്വർണക്കൊള്ള കേസിലെ പ്രധാന ഇടനിലക്കാരൻ നേരത്തെ അറസ്റ്റിലായ ഉണ്ണികൃഷ്ണൻ പോറ്റിക്ക് ശബരിമലയിൽ ഇടപെടലിന് അവസരം ഒരുക്കിയതിൽ പത്മകുമാറിന് നിർണായക പങ്കുണ്ടായിരുന്നുവെന്നാണ് വിലയിരുത്തൽ.

2019-ൽ പത്മകുമാർ ദേവസ്വം പ്രസിഡണ്ടായിരുന്ന കാലത്താണ് ശബരിമല സ്വർണക്കൊള്ള അരങ്ങേറിയത്. ശബരിമല കട്ടിളപ്പാളിയിലെ സ്വർണം തട്ടിയെടുത്തത് ദേവസ്വം ബോർഡിന്റെ അറിവോടെയാണെന്നാണ് എസ്ഐടിയുടെ കണ്ടെത്തൽ. കേസിൽ എട്ടാം പ്രതിയായി പത്മകുമാർ അദ്ധ്യക്ഷനായ 2019-ലെ ബോർഡിനെ പ്രതിചേർത്തിരുന്നു. സിപിഎം, സിപിഐ നേതാക്കളായ കെ.പി. ശങ്കർദാസ്, എൻ. വിജയകുമാർ എന്നിവരാണ് അന്ന് ദേവസ്വം ബോർഡ് അംഗങ്ങളായിരുന്നത്. ബോർഡിന്റെ അറിവോടെയാണ് സ്വർണപ്പാളികൾ ഇളക്കിയെടുത്ത് ഉണ്ണികൃഷ്ണൻ പോറ്റിക്ക് കൈമാറിയതെന്ന് അറസ്റ്റിലായ മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുരാരി ബാബു ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരും പ്രത്യേക അന്വേഷണ സംഘത്തിനു മൊഴി നല്കിയിരുന്നു. പത്മകുമാറിന്റെ സഹായികളായിരുന്ന മറ്റു ജീവനക്കാരുടെയും മൊഴിയെടുത്തിരുന്നു.



അതേസമയം, ശബരിമല സ്വർണക്കൊള്ള കേസിൽ റിമാൻഡിലുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ കമ്മീഷണർ എൻ. വാസുവിനെ പ്രത്യേക അന്വേഷണസംഘത്തിന്റെ കസ്റ്റഡിയിൽ വിട്ടിരുന്നു. സ്വർണ്ണപ്പാളി കേസിൽ മൂന്നാം പ്രതിയാണ് വാസു. ശബരിമല ദ്വാരപാലക പാളിയിലെയും കട്ടിളപ്പാളിയിലെയും സ്വർണം കവർന്ന കേസുകളിലായി ഇതുവരെ ആറു പേർ അറസ്റ്റിലായിട്ടുണ്ട്. പത്മകുമാറിനെയും വാസുവിനെയും കൂടാതെ ശബരിമല മുൻ എക്സിക്യൂട്ടീവ് ഓഫീസർ ഡി. സുധീഷ്കുമാർ അഡ്മിനിസ്ട്രേറ്റീവ് മുൻ ഓഫീസർ മുരാരി ബാബു, തിരുവാഭരണം മുൻ കമ്മീഷണർ കെ.എസ്. ബൈജു, മുഖ്യ ഇടനിലക്കാരൻ ഉണ്ണികൃഷ്ണൻ പോറ്റി എന്നിവരാണ് അറസ്റ്റിലായിട്ടുള്ളവർ.

## ത്രേസ്യാമ്മ അത്തിമറ്റത്തിൽ ന്യൂയോർക്കിൽ അന്തരിച്ചു



ന്യൂയോർക്ക്: മാത്യു അത്തിമറ്റത്തിലിന്റെ ഭാര്യ ത്രേസ്യാമ്മ മാത്യു അത്തിമറ്റത്തിൽ (75) ന്യൂയോർക്കിൽ അന്തരിച്ചു. പരേത നീണ്ടൂർ ഇല്ലത്തുപറമ്പിൽ കുടുംബാംഗമാണ്. മക്കൾ: റോബിൻ & റ്റീന അത്തിമറ്റത്തിൽ, നോബിൾ &ആഷിത അത്തിമറ്റത്തിൽ, സിബിൾ & ബ്രയൻ. സഹോദരങ്ങൾ: പരേതയായ സൂസമ്മ, എൽസി, മേരി, അലക്സ്, ഗ്രേസി.

**Wake:** Friday November 28, 2025
3 pm for both Ellathuparambil & Athimattathil Families
4 pm - 8 pm
Flynn Memorial Home Inc., 1652 Central Park Ave
Yonkers, NY 10710

**Funeral:** Saturday 9 am, November 29, 2025
Our Lady of Fatima Church
5 Strathmore Road, Scarsdale, NY 10583

**Burial:** Mount Hope Cemetery, 50 Jackson Ave, Hastings-On-Hudson, NY 10706

## വന്യജീവി ആക്രമണം പ്രാദേശിക ദുരന്തം: വിള നശിച്ചാൽ സഹായം ലഭിക്കും

ന്യൂഡൽഹി: വന്യജീവി ആക്രമണംമൂലമുണ്ടാകുന്ന വിളനാശം ഇനി മുതൽ പ്രാദേശിക ദുരന്തമായി കണക്കാക്കി സഹായധനമനുവദിക്കാൻ കേന്ദ്രം. പ്രധാനമന്ത്രി ഫസൽ ബീമയോജന (പിഎംഎഫ്ബിവൈ) വഴിയാകും സമയബന്ധിതമായി സഹായധനം ലഭ്യമാകുക. ഇതിനായി പിഎംഎഫ്ബിവൈയുടെ ചട്ടക്കൂട് കേന്ദ്രം പരിഷ്കരിച്ചു. പ്രാദേശിക ദുരന്തവിഭാഗത്തിൽ അഞ്ചാമതാണ് വന്യജീവി ആക്രമണത്താലുണ്ടാകുന്ന നാശനഷ്ടം. വന്യജീവി ആക്രമണത്തിന്റെ കെടുതി നേരിടുന്ന കേരളമടക്കമുള്ള സംസ്ഥാനങ്ങൾക്ക് ആശ്വാസമേകുന്നതാണ് തീരുമാനം. ദീർഘകാലമായി ആവശ്യപ്പെടുന്നതാണിത്. അടുത്ത വർഷത്തെ ഖാരിഫ് സീസൺ മുതൽ നടപടി തുടങ്ങുമെന്ന് കേന്ദ്ര കൃഷി മന്ത്രാലയം അറിയിച്ചു. വന്യജീവി ആക്രമണത്താലുണ്ടാകുന്ന നാശനഷ്ടം വില ഇൻഷുറൻസിന്റെ പരിധിയിൽപ്പെടാഞ്ഞതിനാൽ നഷ്ടപരിഹാരം ലഭിച്ചിരുന്നില്ല.

വെള്ളപ്പൊക്കംമൂലമുള്ള നാശനഷ്ടവും പിഎംഎഫ്ബിവൈയിൽ ഉൾപ്പെടുത്തി. തീരദേശ സംസ്ഥാനങ്ങളിൽ വെള്ളപ്പൊക്കം കാരണവും മറ്റും നെൽവയലുകൾക്കുണ്ടാകുന്ന നാശനഷ്ടത്തെ 2018 വരെ പ്രാദേശിക ദുരന്തമായി കണക്കാക്കിയിരുന്നു. എന്നാൽ, സാങ്കേതിക ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാട്ടി പിന്നീട് ഒഴിവാക്കിയിരുന്നു.

## തേജസ് വിമാനം ദുബായ് എയർ ഷോയ്ക്കിടെ തകർന്നുവീണ് പൈലറ്റ് മരിച്ചു

ദുബായ്: ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച വ്യോമസേനയുടെ തേജസ് യുദ്ധവിമാനം ദുബായ് എയർ ഷോയ്ക്കിടെ തകർന്നുവീണ് പൈലറ്റ് മരിച്ചു. സ്ക്വാഡ്രൺ ലീഡർ നമൻ സ്യാൽ ആണ് മരിച്ചത്. ഹിമാചൽ പ്രദേശിലെ കാൻഗ്ര സ്വദേശിയാണ്.

നവംബർ 21-ന് പ്രാദേശിക സമയം ഉച്ചകഴിഞ്ഞ് 2-നായിരുന്നു അപകടം. എയർ ഷോയുടെ ഭാഗമായ അഭ്യാസ പ്രകടനത്തിനിടെ നിയന്ത്രണം വിട്ട് വിമാനം താഴേക്ക് പതിക്കുകയായിരുന്നു. തകർന്നു വീണ ഉടൻ വിമാനം തീനാളമായി മാറി.



ദുബായിലെ അൽ മക്തും അന്താരാഷ്ട്ര വിമാനത്താവളത്തിൽ നടന്ന അപകടത്തിനുശേഷം എയർഷോ നിർത്തിവെച്ചു. സൂര്യകിരൺ എയ്റോബിക് ടീമിനൊപ്പം എയർഷോയുടെ ഭാഗമാകുമെന്ന് കഴിഞ്ഞയാഴ്ചയാണ് ഇന്ത്യൻ വ്യോമസേന പ്രഖ്യാപിച്ചത്.

വിവിധ രാജ്യങ്ങളിലെ നൂറ് വ്യോമസേനകൾ പങ്കെടുത്ത ഷോ കാണാൻ 150 രാജ്യങ്ങളിൽ നിന്നുള്ള വ്യവസായ പ്രമുഖർ എത്തിയിരുന്നു. ബൊംബാർഡിയർ, ദസ്സോ ഏവിയേഷൻ, എംബ്രായർ എയർബസ്, ലോക്ഹീഡ് മാർട്ടിൻ തുടങ്ങിയ മുൻനിര എയർസ്പേസ് കമ്പനികളും പങ്കെടുത്തു.

ഈ മാസം 17-ന് ആരംഭിച്ച എയർഷോ 21-ന് സമാപിക്കാനിരിക്കെയാണ് അപകടം. 2024-ൽ രാജസ്ഥാനിലെ ജയ്സാൽമേറിലെ ജനവാസ മേഖലയിലാണ് ഇതിനു മുമ്പ് തേജസ് വിമാനം തകർന്നുവീണത്. പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡാണ് തേജസ് വിമാനം നിർമ്മിക്കുന്നത്.




PURCHASE AND REFINANCE MORTGAGES
CALL ME @
847 471 4423
BIJU JAMES
Mortgage Loan Originator
NMLS# 2023450
bijujamescitywide@gmail.com
(847) 471 4423
- *Pre Approvals in minutes !!!*
- *Low Down Payments for Qualified Customers*
Illinois Residential Mortgage Licensee
Citywide Mortgage of America Corp.
Officce: (773) 202-2600, Fax: (773) 202 2605
NMLS (Office)# 255253
Visit: www.citywidema.com
4323 W Irving Park 1B, Chicago, Illinois 60641

Small Business Accounting LLC
Personal and Business Tax Services

Tino Simon Mundaplackil
Phone:630-635-3615
Email: tino@greatwaysinc.com
1001 E Chicago Ave, Suite 151, Naperville, IL 60540
Free Electronic Filing

Pramod Zacharias, E.A.

# തദ്ദേശ തെരഞ്ഞെടുപ്പിനും എസ്ഐആറിനും വെവ്വേറെ ഉദ്യോഗസ്ഥര്‍

തിരുവനന്തപുരം: തദ്ദേശ തെരഞ്ഞെടുപ്പു ജോലികള്‍ക്കും തീവ്ര വോട്ടര്‍ പട്ടിക പരിഷ്‌കരണത്തിനും തെരഞ്ഞെടുപ്പു കമ്മീഷനുകള്‍ നിയോഗിച്ചിട്ടുള്ളത് കേരള സര്‍ക്കാര്‍ സര്‍വീസിലെ വ്യത്യസ്ത ഉദ്യോഗസ്ഥരെ. തദ്ദേശ തെരഞ്ഞെടുപ്പ് ജോലികള്‍ക്കായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്‍ നിയോഗിച്ചിട്ടുള്ളത് കേരള സര്‍ക്കാര്‍ സര്‍വീസിലെ ക്ലാസ് ഒന്ന്, രണ്ട് തസ്തികകളിലെ ഉദ്യോഗസ്ഥരെയാണ്.

എന്നാല്‍, തീവ്ര വോട്ടര്‍ പട്ടിക പരിഷ്‌കരണത്തിനായി (എസ്ഐആര്‍) കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷന്‍ ബൂത്ത് ലെവല്‍ ഓഫീസര്‍ (ബിഎല്‍ഒ) ആയി ചുമതലപ്പെടുത്തിയത് കേരള സര്‍ക്കാര്‍ സര്‍വീസിലെ ക്ലാസ് മൂന്ന്, നാല് വിഭാഗം ജീവനക്കാരേയുമാണ്. രണ്ടു ജോലികളും ഒരു ഉദ്യോഗസ്ഥര്‍ക്ക് ചെയ്യേണ്ട സാഹചര്യമില്ലെന്നാണ് രണ്ടു തെരഞ്ഞെടുപ്പു കമ്മീഷനുകളും പറയുന്നത്.

തദ്ദേശ തെരഞ്ഞെടുപ്പിന്റെ നാമനിര്‍ദേശ പത്രികകള്‍ സ്വീകരിക്കല്‍, പരിശോധിക്കല്‍, സ്ഥാനാര്‍ത്ഥികളുടെ പ്രചാരണ പ്രവര്‍ത്തനങ്ങളുടെ നിരീക്ഷണം, ക്രമീകരണം ഒരുക്കല്‍ തുടങ്ങിയ ജോലികളാണ് ഇപ്പോള്‍ നടക്കുന്നത്. ക്ലാസ് ഒന്ന്, രണ്ട് വിഭാഗം ഉദ്യോഗസ്ഥരാണ് ഇപ്പോള്‍ തദ്ദേശ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഇത്തരം ജോലികള്‍ ചെയ്യുന്നത്. വോട്ടെടുപ്പു നടക്കുമ്പോള്‍, പോളിങ് ബൂത്തുകളിലെ പ്രിസൈഡിങ് ഓഫീസര്‍, ഒന്നാം പോളിങ് ഓഫീസര്‍ എന്നിവരും ക്ലാസ് ഒന്ന്, രണ്ട് വിഭാഗം ഉദ്യോഗസ്ഥരാകും. രണ്ടാം പോളിങ് ഓഫീസര്‍ മാത്രമാകും ക്ലാസ് മൂന്നില്‍നിന്നു വേണ്ടിവരിക. സപ്പോര്‍ട്ടിങ് സ്റ്റാഫുകളെ ക്ലാസ് നാലില്‍നിന്ന് എടുക്കും. ഇവര്‍ക്ക് വോട്ടെടുപ്പിന്റെ രണ്ടു ദിവസങ്ങളില്‍ മാത്രമാണ് പ്രധാനമായി ചുമതലയുണ്ടാകുക. കേരളത്തിലെ 33,600 പോളിങ് ബൂത്തുകളിലായി 1.40 ലക്ഷം ജീവനക്കാരെ മതിയാകും. 30,000 റിസര്‍വ് ജീവനക്കാരെയും വേണമെന്നാണ് സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷന്‍ പറയുന്നത്. മൊത്തം 1.70 ലക്ഷം ജീവനക്കാരാകും തദ്ദേശ തെരഞ്ഞെടുപ്പു ജോലികള്‍ നിര്‍വഹിക്കുക. ഇവരുടെ വിന്യാസ നടപടികള്‍ ഒരാഴ്ചയ്ക്കകം പൂര്‍ത്തിയാകും. പരിശീലനം 25-നു തുടങ്ങും. കേരളത്തിലാകെ 5.5 ലക്ഷത്തോളം ജീവനക്കാരുണ്ട്. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സുരക്ഷാ ചുമതല പോലീസും കേന്ദ്രസേനയുമാണ് നിര്‍വഹിക്കുക. ക്ലാസ് മൂന്ന്, നാല് തസ്തികകളിലെ 30,000 ജീവനക്കാരാണ് ബിഎല്‍ഒമാരായി എസ്ഐആര്‍ ജോലികള്‍ കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷനുവേണ്ടി ചെയ്തുവരുന്നത്. ഇവരെ തദ്ദേശ തെരഞ്ഞെടുപ്പു ജോലികള്‍ക്കു നിയോഗിക്കരുതെന്നു കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷന്റെ കേരളത്തിന്റെ ചുമതലയുള്ള മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസര്‍ ജില്ലാ കളക്ടര്‍മാര്‍ക്കു നിര്‍ദേശം നല്‍കിയിട്ടുണ്ട്. എസ്ഐആര്‍ ഫോറം വിതരണവും പൂരിപ്പിച്ചു തിരിച്ചു വാങ്ങിക്കുന്ന പ്രക്രിയയും അതിവേഗത്തിലാക്കിയതാണ് ബിഎല്‍ഒമാരെ കടുത്ത സമ്മര്‍ദത്തിലാക്കിയത്.

ഒരു ദിവസം പരമാവധി 30 വീടുകള്‍ മാത്രമേ കയറിയിറങ്ങാന്‍ കഴിയുകയുള്ളൂവെന്നാണ് പറയപ്പെടുന്നത്. ഇതിന് ആനുപാതികമായി ഷെഡ്യൂള്‍ ക്രമീകരിക്കണമെന്ന് തെരഞ്ഞെടുപ്പു കമ്മീഷന്‍ യോഗത്തില്‍ രാഷ്ട്രീയ പാര്‍ട്ടി നേതാക്കള്‍ നേരിട്ടും വിവിധ സര്‍വീസ് സംഘടനകള്‍ കത്തിലൂടെയും ആവശ്യപ്പെട്ടിരുന്നു. എന്നാല്‍, തെരഞ്ഞെടുപ്പു കമ്മീഷന്‍ ചെവിക്കൊള്ളാതിരുന്നതും ബിഎല്‍ഒമാര്‍ സമ്മര്‍ദത്തിലാകാന്‍ പ്രധാന കാരണമായി.

## സര്‍വകലാശാലാ പരീക്ഷ മലയാളത്തില്‍ എഴുതാം

തിരുവനന്തപുരം: ഭാഷാവിഷയങ്ങളിലൊഴികെ പരീക്ഷകള്‍ മലയാളത്തില്‍ എഴുതാന്‍ ബിരുദ, പി.ജി. വിദ്യാര്‍ത്ഥികളെ അനുവദിക്കണമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് സര്‍വകലാശാലകള്‍ക്ക് നിര്‍ദേശം നല്‍കി. 2023 ഏപ്രിലില്‍ യുജിസി ഇതു സംബന്ധിച്ച് സര്‍വകലാശാലകള്‍ക്ക് മാര്‍ഗനിര്‍ദേശം നല്‍കിയിരുന്നെങ്കിലും കേരളത്തില്‍ നടപ്പാക്കിയിരുന്നില്ല. മലയാളം ഐക്യവേദി പരാതിയുമായി രംഗത്തു വന്നതോടെയാണ് കേരള, എംജി, കാലിക്കട്ട്, കുസാറ്റ്, കാലടി, കണ്ണൂര്‍, മലയാളം, എസ്.എന്‍. ഓപ്പണ്‍ സര്‍വകലാശാലകള്‍ക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് പുതിയ നിര്‍ദേശം നല്‍കിയത്. പഠനമാധ്യമം ഇംഗ്ലീഷാണെങ്കിലും മലയാളത്തില്‍ പരീക്ഷ എഴുതാനാകും.

## അജിത് കുമാറിനെതിരെയുള്ള വിജിലന്‍സ് കോടതി ഉത്തരവ് ഹൈക്കോടതി റദ്ദാക്കി

കൊച്ചി: അനധികൃത സ്വത്ത് സമ്പാദിച്ചെന്ന കേസില്‍ ഡിജിപി എം. ആര്‍. അജിത് കുമാറിനെതിരെ തുടര്‍നടപടികള്‍ക്ക് ഉത്തരവിട്ട തിരുവനന്തപുരം വിജിലന്‍സ് കോടതിയുടെ ഉത്തരവ് ഹൈക്കോടതി റദ്ദാക്കി.

എന്നാല്‍, തനിക്കെതിരെയുള്ള പരാതി റദ്ദാക്കണമെന്ന അജിത്കുമാറിന്റെ ആവശ്യം ജസ്റ്റിസ് എ. ബദറുദ്ദീന്‍ തള്ളി. മുഖ്യമന്ത്രിക്കെതിരെയുള്ള പരാമര്‍ശങ്ങള്‍ റദ്ദാക്കണമെന്നും അഴിമതി നിരോധന നിയമപ്രകാരം സര്‍ക്കാര്‍ ഉദ്യോഗസ്ഥനെതിരെ പ്രോസിക്യൂഷന്‍ അനുമതി തേടിയിട്ടില്ലെന്നും ചൂണ്ടിക്കാട്ടിയാണ് ഹര്‍ജി ഫയല്‍ ചെയ്തത്.

തിരുവനന്തപുരം വിജിലന്‍സ് കോടതിയുടെ ഓഗസ്റ്റ് 14-ലെ ഉത്തരവ് ചോദ്യം ചെയ്തായിരുന്നു അജിത് കുമാറിന്റെ ഹര്‍ജി. അജിത് കുമാറിന് ക്ലീന്‍ചിറ്റ് നല്‍കിയ വിജിലന്‍സിന്റെ പ്രാഥമിക അന്വേഷണ റിപ്പോര്‍ട്ട് റദ്ദാക്കി തുടര്‍നടപടികള്‍ക്ക് വിജിലന്‍സ് കോടതി ഉത്തരവിടുകയായിരുന്നു. എന്നാല്‍, പ്രോസിക്യൂഷന്‍ അനുമതിയില്ലാതെയുള്ള വിജിലന്‍സ് കോടതിയുടെ തുടര്‍നടപടികള്‍ സാധുവല്ലെന്ന് ഹൈക്കോടതി വ്യക്തമാക്കി.



സര്‍ക്കാര്‍ ഉദ്യോഗസ്ഥനെ പ്രോസിക്യൂട്ട് ചെയ്യാന്‍ അനുമതി വേണമെന്നും അത് ഹാജരാക്കിയിട്ടില്ലെന്നുമുള്ള അജിത്കുമാറിന്റെ വാദം അംഗീകരിച്ചുകൊണ്ടായിരുന്നു ഹൈക്കോടതിയുടെ ഈ നടപടി. എന്നാല്‍, പരാതിക്കാരനു പ്രോസിക്യൂഷന്‍ അനുമതി ലഭിച്ചാല്‍ വിജിലന്‍സ് കോടതിക്കു തുടര്‍നടപടി സ്വീകരിക്കാമെന്നു സിംഗിള്‍ ബെഞ്ച് വ്യക്തമാക്കി. അതേസമയം, വിജിലന്‍സ് കോടതി ഉത്തരവില്‍ മുഖ്യമന്ത്രിക്കെതിരെയുള്ള പരാമര്‍ശങ്ങള്‍ നീക്കം ചെയ്യണമെന്നും ഹൈക്കോടതി നിര്‍ദേശിച്ചു. സര്‍ക്കാര്‍ നല്‍കിയ ഹര്‍ജിയിലാണു ഹൈക്കോടതിയുടെ ഈ നടപടി. അന്വേഷണറിപ്പോര്‍ട്ടിലെ പ്രത്യേക കോടതിയുടെ കണ്ടെത്തലുകള്‍ അംഗീകരിക്കാനാവില്ലെന്നു വിലയിരുത്തിയ ഹൈക്കോടതി, അതും റദ്ദാക്കുകയായിരുന്നു.

## പദ്ധതി തുടങ്ങിയശേഷം പാരിസ്ഥിതികാനുമതി നല്‍കരുതെന്ന വിധി പിന്‍വലിച്ചു

ന്യൂഡല്‍ഹി: നേരത്തേ തുടങ്ങിയ പദ്ധതികള്‍ക്ക് പിന്നീട് മുന്‍കൂര്‍ പ്രാബല്യത്തോടെ പാരിസ്ഥിതികാനുമതി നല്‍കരുതെന്ന വിധി സുപ്രീംകോടതി പിന്‍വലിച്ചു. ചീഫ് ജസ്റ്റിസ് ബി.ആര്‍. ഗവായ് അദ്ധ്യക്ഷനായ മൂന്നംഗ ബെഞ്ചാണ് ഭൂരിപക്ഷ തീരുമാനത്തിലൂടെ മേയ് 16-ലെ വിധി പിന്‍വലിച്ചത്. ചീഫ് ജസ്റ്റിസും ജസ്റ്റിസ് കെ. വിനോദ്ചന്ദ്രനും വിധി പിന്‍വലിച്ച് പുനഃപരിശോധിക്കാന്‍ തീരുമാനിച്ചപ്പോള്‍ ജസ്റ്റിസ് ഉജ്ജല്‍ ഭുയാന്‍ അതിനോട് വിയോജിച്ച് ഭിന്നവിധിയെഴുതി. ഭൂരിപക്ഷ വിധിയാണ് നിലനില്‍ക്കുക. അതിനാല്‍ ഈ വിഷയത്തില്‍ ഇനി ഉചിതമായ ബെഞ്ച് വാദംകേട്ട് തീരുമാനമെടുക്കും.

പാരിസ്ഥിതികാനുമതികള്‍ റദ്ദാക്കിയാല്‍ പദ്ധതി പൊളിച്ചുകളയേണ്ടിവരുമെന്നും അത് അന്തരീക്ഷ മലിനീകരണം വര്‍ധിപ്പിക്കുകയാണ് ചെയ്യുകയെന്നും ചീഫ് ജസ്റ്റിസ് ചൂണ്ടിക്കാട്ടി. നിയന്ത്രണങ്ങള്‍ കൊണ്ടുവരുന്ന സര്‍ക്കാരിന് അത് റദ്ദാക്കാനോ ഇളവ് നല്‍കാനോ അധികാരമുണ്ടെന്ന് ജസ്റ്റിസ് വിനോദ് ചന്ദ്രനും ഇതിനോട് യോജിച്ചുകൊണ്ട് വിധിയെഴുതി. എന്നാല്‍, പദ്ധതി പൊളിക്കാനാവില്ലെന്നത് സ്വീകാര്യമല്ലെന്നും അത് നിയമലംഘകര്‍ക്ക് അവരുടെ പ്രവൃത്തികളെ പ്രതിരോധിക്കാന്‍ അവസരം നല്‍കുമെന്നും ജസ്റ്റിസ് ഭുയാന്‍ ചൂണ്ടിക്കാട്ടി. പാരിസ്ഥിതികചട്ടങ്ങള്‍ ലംഘിക്കുന്നതായി കണ്ടെത്തിയ പദ്ധതികള്‍ക്ക് മുന്‍കൂര്‍ പ്രാബല്യത്തോടെ പാരിസ്ഥിതികാനുമതി നല്‍കുന്നതില്‍നിന്ന് കേന്ദ്രത്തെ വിലക്കുന്നതായിരുന്നു വനശക്തി കേസില്‍ ജസ്റ്റിസ് എ.എസ്. ഓക അദ്ധ്യക്ഷനായ ബെഞ്ചിന്റെ മേയ് 16-ലെ വിധി. പാരിസ്ഥിതികാനുമതി നേടാതെ ആരംഭിച്ച പദ്ധതികള്‍ക്ക് പിന്നീടത് ലഭിച്ചെന്നു കണക്കാക്കുന്ന രീതി (എക്സ്പോസ്റ്റ് ഫാക്റ്റോ) പാടില്ലെന്ന് സുപ്രീംകോടതി വ്യക്തമാക്കിയിരുന്നു. ഇതിനെതിരെ കോണ്‍ഫെഡറേഷന്‍ ഓഫ് റിയല്‍ എസ്റ്റേറ്റ് ഡിവലപ്പേഴ്സ് ഓഫ് ഇന്ത്യ (ക്രെഡായ്) ഉള്‍പ്പെടെയുള്ള സംഘടനകളും ചില പൊതുമേഖലാ സ്ഥാപനങ്ങളും നല്‍കിയ നാല്പതോളം പുനഃപരിശോധനാ ഹര്‍ജികളിലാണ് നവംബര്‍ 18-ന് വിധിപറഞ്ഞത്.

പദ്ധതി തുടങ്ങുംമുന്‍പുതന്നെ പാരിസ്ഥിതികാനുമതി നേടിയിരിക്കണമെന്ന് 2006-ലെ പാരിസ്ഥിതികാഘാത വിലയിരുത്തല്‍ വിജ്ഞാപനത്തില്‍ പറയുന്നുണ്ട്. എന്നാല്‍, നേരത്തേ തുടങ്ങിയ പദ്ധതികള്‍ക്ക് പിന്നീട് അനുമതി നല്‍കാന്‍ (എക്സ്പോസ്റ്റ് ഫാക്റ്റോ) വഴിയൊരുക്കുന്നതിന് 2021-ലും 2022-ലും കേന്ദ്ര സര്‍ക്കാര്‍ ഇറക്കിയ ഓഫീസ് മെമറാന്‍ഡങ്ങള്‍ ചോദ്യംചെയ്ത് വനശക്തി എന്ന സംഘടന നല്‍കിയ ഹര്‍ജിയിലായിരുന്നു മേയ് 16-ന് വിധി പറഞ്ഞത്. മുന്‍കൂര്‍ പ്രാബല്യത്തില്‍ അനുമതി നല്‍കാമെന്ന ഓഫീസ് മെമറാന്‍ഡങ്ങള്‍ റദ്ദാക്കുകയും ചെയ്തിരുന്നു. എന്നാല്‍, ആ വിധി പിന്‍വലിക്കപ്പെട്ടതോടെ മെമറാന്‍ഡങ്ങള്‍ക്ക് ഫലത്തില്‍ സാധ്യതയായി.



# ക്നാനായ സമുദായത്തിന്റെ ചരിത്രം അനാവരണം ചെയ്യുന്ന ബിഷപ് കുന്നശ്ശേരി മെമ്മോറിയൽ ക്നാനായ ഹെറിറ്റേജ് ഗ്യാലറി നാടിനു സമർപ്പിച്ചു



കോട്ടയം: ക്നാനായക്കാരുടെ തലപ്പള്ളിയായ കടുത്തുരുത്തി വലിയപള്ളി അങ്കണത്തിൽ നിർമ്മാണം പൂർത്തിയാക്കിയ ആർച്ച്ബിഷപ് കുന്നശ്ശേരി മെമ്മോറിയൽ ക്നാനായ ഹെറിറ്റേജ് ഗ്യാലറി (മ്യൂസിയം) കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് വെഞ്ചരിച്ച് നാടിനു സമർപ്പിച്ചു. കോട്ടയം എം.പി ഫ്രാൻസിസ് ജോർജ് നാടമുറിച്ച് ഗ്യാലറി പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു.


വെഞ്ചരിപ്പിനെത്തുടർന്ന് നടത്തപ്പെട്ട പൊതുസമ്മേളനത്തിൽ കോട്ടയം അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് ഉദ്ഘാടനം നിർവഹിച്ചു. അബ്രാഹത്തിന്റെ വിളിയിൽ ആരംഭിച്ച് ഇന്നും ജീവിക്കുന്ന ക്നാനായ സമുദായത്തിന്റെ ചരിത്രം അനാവരണം ചെയ്യുന്നതാണ് ബിഷപ് കുന്നശ്ശേരി മെമ്മോറിയൽ ഹെറിറ്റേജ് ഗ്യാലറിയെന്ന് ഉദ്ഘാടനപ്രസംഗത്തിൽ പിതാവ് പറഞ്ഞു. ഇന്നും ജീവിക്കുന്നതും നൂറ്റാണ്ടുകളെ ബന്ധിപ്പിക്കുന്നതുമായ ഗ്യാലറി കഴിഞ്ഞ കാലത്തെ സജീവമാക്കി നിർത്തിക്കൊണ്ട് യഥാർത്ഥ വിശ്വാസത്തെ മുറുകെപ്പിടിച്ചു മുന്നേറാൻ പ്രചോദനമാകണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. മ്യൂസിയെത്തുക്കുറിച്ചുള്ള ലഘുവിവരണം സഹായമെത്രാൻ ഗീവർഗീസ് മാർ അപ്രേം യോഗത്തിൽ അവതരിപ്പിച്ചു. അതിരൂപതാ പ്രോ പ്രോട്ടോസിഞ്ചെല്ലൂസ് ഫാ. തോമസ് ആനിമൂട്ടിൽ സ്വാഗതവും പ്രൊക്കുറേറ്റർ ഫാ. ഏബ്രഹാം പറമ്പേട്ട് കൃതജ്ഞതയും അർപ്പിച്ചു. ഫ്രാൻസിസ് ജോർജ് എംപി, മോൺസ് ജോസഫ് എംഎൽഎ, ബാബു പറമ്പടത്തുമലയിൽ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. മ്യൂസിയത്തിന്റെ നിർമ്മാണത്തിൽ സഹകരിച്ചു പ്രവർത്തിച്ച വിഷ്വൽ ആർട്ടിസ്റ്റ് പി.കെ. രാമചന്ദ്രൻ നമ്പ്യാരെ ചടങ്ങിൽ ആദരിച്ചു.



അതിരൂപതാ സിഞ്ചെല്ലൂസ് ഫാ. മൈക്കിൾ വെട്ടിക്കാട്ട്, ഒ.എസ്.എച്ച് സുപ്പീരിയർ ജനറൽ ഫാ. ജോസ് കന്നുവെട്ടിയേൽ, ഒ.എസ്.ബി സുപ്പീരിയർ ജനറൽ ഫാ. ബിനോ ചേരിയിൽ, എംഎസ്പി ഡയറക്ടർ ഫാ. മാത്യു മണക്കാട്ട്, സ്റ്റീഫൻ ജോർജ് എക്സ് എംഎൽഎ, കെസിഡബ്ല്യുഎ പ്രസിഡണ്ട് ഷൈനി ചൊള്ളമ്പേൽ, കെസിവൈഎൽ പ്രസിഡണ്ട് ജോണിസ് പി. സ്റ്റീഫൻ, വിസിറ്റേഷൻ സന്യാസിനി സമൂഹത്തിന്റെ മദർ ജനറാൾ സിസ്റ്റർ ഇമ്മാക്കുലേറ്റ്, സെന്റ് ജോസഫ്സ് സന്യാസിനി സമൂഹത്തിന്റെ മദർ ജനറാൾ സിസ്റ്റർ അനിത എസ്ജെസി, കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ട്രസ്സ് ജനറൽ സിസ്റ്റർ ലിസി മുടക്കോലിൽ, എൽഡിഎസ്ജെജി സുപ്പീരിയർ സിസ്റ്റർ റോമിൽഡ എന്നിവർ സന്നിഹിതരായിരുന്നു.


ക്നാനായ ജനതയുടെ കുടിയേറ്റ ചരിത്രവും വളർച്ചയും വിഷ്വൽ ഗ്യാലറിയിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ക്നാനായ ജനതയുടെ തലപ്പള്ളിയായ കടുത്തുരുത്തി വലിയപള്ളിയുടെ മുറ്റത്ത് ക്നാനായ പൈതൃകാവബോധം ഉണർത്താൻ അക്ഷീണം പ്രയത്നിച്ച കടുത്തുരുത്തി ഇടവകക്കാരനും കോട്ടയം അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്തയുമായിരുന്ന അഭിവന്ദ്യ മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവിന്റെ നാമധേയത്തിലാണ് ക്നാനായ ഹെറിറ്റേജ് ഗ്യാലറി എന്ന പൈതൃക സ്മാരകം സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. ക്നാനായ ജനതയുടെ വ്യതിരക്ത കലാസമ്പ്രദായങ്ങളും തനതായ വിവാഹാചാരങ്ങളും പ്രതിപാദിക്കുന്ന ചിത്ര ശില്പ കാഴ്ചകൾ വിഷ്വൽ ഗ്യാലറിയിൽ ക്രമീകരിച്ചിട്ടുണ്ട്. കേരളസഭയിൽ കാലാന്തരത്തിൽ സംഭവിച്ച വിടവുകളും പുനരൈക്യ പാതകളും ഹൃദ്യമായി വരയ്ക്കുകയും പ്രതിപാദിക്കുകയും ചെയ്തിരിക്കുന്നു.

കേരളത്തിന്റെ ആത്മീയ ഭൗതിക മണ്ഡലങ്ങളിൽ സംഭാവനകൾ നല്കിയ ക്നാനായ സമുദായാംഗങ്ങളെ മ്യൂസിയത്തിൽ സ്മരിക്കുന്നുണ്ട്. ഇടവകകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കുടുംബങ്ങളിൽ നിന്നും സമാഹരിച്ച ചരിത്രസ്മാരകങ്ങളുടെ മാതൃകാപ്രദർശനം, എ.ഡി. 345-ലെ ക്നാനായ കുടിയേറ്റം മുതൽ കോട്ടയം അതിരൂപത വരെ എത്തിച്ചേർന്ന വളർച്ചയുടെ വിവിധ ഘട്ടങ്ങളുടെ ദൃശ്യാവിഷ്ക്കാരവും കടുത്തുരുത്തി വലിയ പള്ളിയുടെ പ്രൗഢിയും പാരമ്പര്യവും നേരിട്ടു മനസ്സിലാക്കുന്നതിനുള്ള അവസരവും ക്നാനായ ഹെറിറ്റേജ് ഗ്യാലറി സന്ദർശകർക്ക് ആസ്വദിക്കാനാകും. ക്നാനായ ചരിത്രം വിശദീകരിക്കുന്ന ദൃശ്യ-ശ്രാവ്യ ശേഖരങ്ങൾ ഗ്യാലറിയിൽ തയ്യാറാക്കിയിട്ടുണ്ട്. ഭാരതസഭാ ചരിത്രത്തിലേക്കും കേരളസഭാ ചരിത്രത്തിലേക്കുമുള്ള പടിവാതിൽ കൂടിയായ ഈ ഹെറിറ്റേജ് ഗ്യാലറി സന്ദർശിക്കുന്നത് വിശ്വാസതീക്ഷ്ണതയും ചരിത്രാവബോധവും വളർത്താൻ ഉപകരിക്കുന്നതോടൊപ്പം ക്നാനായ സമുദായ ശാക്തീകരണത്തിനും സഹായിക്കും.









# ജോൺ ഇളമതയുടെ 'STORIED STONES' ഷാർജ അന്താരാഷ്ട്ര മേളയിൽ പ്രകാശനം ചെയ്തു

പ്രശസ്ത നോവലിസ്റ്റും ചെറുകഥാകൃത്തുമായ ജോൺ ഇളമത, ലോകപ്രശസ്ത ശില്പി മൈക്കിൾ ആഞ്ചലോയുടെ ജീവിതത്തെ ആസ്പദമാക്കി രചിച്ച ജീവചരിത്ര നോവൽ 'Storied Stones' (കഥ പറയുന്ന കല്ലുകൾ) ഷാർജ അന്താരാഷ്ട്ര മേളയിൽ വെച്ച് പ്രകാശനം ചെയ്യപ്പെട്ടു.

പ്രമുഖ മാധ്യമ പ്രവർത്തകനും എഴുത്തുകാരനുമായ ഷാബു കിളിത്തട്ടിൽ പ്രകാശനം ചെയ്തു; സജി ഇളമത ഏറ്റുവാങ്ങി.കൈരളി ബുക്സ് മാനേജിംഗ് ഡയറക്ടർ ഒ. അശോക് കുമാർ, എഡിറ്റർ എ.വി. പവിത്രൻ, എഴുത്തുകാരൻ സിറാജ് നായർ എന്നിവർ ആശംസകളർപ്പിച്ചു.




# കെ.എം. ഈപ്പന്റെ ജീവചരിത്രം പ്രസിദ്ധീകരിക്കുന്നു

**കുര്യൻ ഫിലിപ്പ്**



ചിക്കാഗോ: അമേരിക്കയിലെ മുതിർന്ന മാധ്യമപ്രവർത്തകനും കേരള എക്സ്പ്രസിന്റെ ചീഫ് എഡിറ്ററും ഗ്രേസ് പ്രിന്റിംഗ്, ഗ്രേസ് കൺവൻഷൻ സെന്റർ എന്നിവയുടെ സ്ഥാപകനുമായ കെ.എം. ഈപ്പന്റെ ജീവചരിത്രം പ്രസിദ്ധീകരിക്കുന്നു. നാല് പതിറ്റാണ്ട് മുമ്പ് പ്രവാസിയായി ചിക്കാഗോയിൽ എത്തിയ കെ.എം. ഈപ്പന്റെ കഠിനാദ്ധ്വാനത്തിന്റെയും ദൈവാശ്രയത്തിന്റെയും വിജയകഥകളുടെ വെളിപ്പെടുത്തലുകളാണ് ഈ ജീവചരിത്രം.

രാഷ്ട്രീയ, സാമുദായിക, സാംസ്കാരിക, സാഹിത്യ, മാധ്യമ മേഖലകളിലെ പ്രമുഖർ തങ്ങളുടെ അനുഭവങ്ങൾ ഈ ഗ്രന്ഥത്തിലൂടെ പങ്കുവെക്കും. ചിക്കാഗോ ഗോസ്പൽ മീഡിയ അസോസിയേഷനാണ് പ്രസിദ്ധീകരണത്തിന്റെ ചുമതല. കുര്യൻ ഫിലിപ്പ് എഡിറ്റർ ഇൻ ചാർജ് ആയും ജോൺസൺ ഉമ്മൻ കോ-ഓർഡിനേറ്റർ ആയും പ്രവർത്തിക്കും. സി.ജി.എം.എ ഭാരവാഹികളായ ഡോ. അലക്സ് ടി. കോശി, ഡോ. ടൈറ്റസ് ഈപ്പൻ, ഡോ. ബിജു ചെറിയാൻ, അജിത്ത് ഈപ്പൻ എന്നിവർ ഉൾപ്പെടുന്ന സമിതി പ്രസിദ്ധീകരണത്തിന് മേൽനോട്ടം വഹിക്കും.

ഈ പുസ്തകത്തിൽ ചേർക്കുവാനായി കെ.എം. ഈപ്പനുമായോ അദ്ദേഹത്തിന്റെ സംരംഭങ്ങളുമായോ നിങ്ങൾക്കുള്ള ബന്ധങ്ങളും ഓർമ്മകളും ചുരുക്കത്തിൽ എഴുതി ഫോട്ടോ സഹിതം Kmeapenbio@gmail.com എന്ന ഇ-മെയിലിലോ 847 812 5578, 847 997 7485 എന്ന വാട്സ് ആപ്പിലോ എത്രയും വേഗം അയച്ചുതരുവാൻ ആഭ്യർത്ഥിക്കുന്നു.

# പോസ്റ്റൽ കുടുംബസംഗമം വർണ്ണാഭമായി

**സജി പൂത്ത്യക്കയിൽ**

ചിക്കാഗോ: ചിക്കാഗോ പോസ്റ്റൽ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ വർണ്ണാഭമായ പരിപാടികളോടെ കുടുംബസംഗമം നടത്തപ്പെട്ടു. ചിക്കാഗോയിലെയും പരിസരപ്രദേശങ്ങളിലെയും പ്ലാന്റുകളിലും ഓഫീസുകളിലും ജോലി ചെയ്യുന്ന നിരവധി പോസ്റ്റൽ ജീവനക്കാർ കുടുംബസമേതം സംഗമത്തിൽ പങ്കുചേർന്നു. ഫാ. അനീഷ് മാവേലിപുത്തൻപുരയിൽ കുടുംബസംഗമം ഉദ്ഘാടനം ചെയ്തു. റയൻ വെട്ടികാട്, ടോം സണ്ണി, ജോസഫ് മാത്യു എന്നിവർ വിശിഷ്ടാതിഥികൾ ആയിരുന്നു. ഐസ് ബ്രേക്കിംഗിനു ശേഷം പോസ്റ്റൽ ജീവനക്കാരെയും കുടുംബാംഗങ്ങളെയും പരസ്പരം പരിചയപ്പെടുത്തി.

വിവിധ ഓഫീസുകളിൽ ഉന്നത പദവികളിൽ സേവനം ചെയ്യുന്നവരെയും പോസ്റ്റൽ സർവീസിൽ നിന്നും റിട്ടയർ ചെയ്തവരെയും സർവീസിൽ 25 വർഷം പൂർത്തിയാക്കിയവരെയും സംഗമത്തിൽ ആദരിച്ചു. കുട്ടികളുടെ കലാപരിപാടികളും മുതിർന്നവർക്കു വേണ്ടി ഗെയിമുകളും നടത്തപ്പെട്ടു. പോസ്റ്റൽ കുടുംബാംഗങ്ങൾ ഒരുക്കിയ ഗാനമേള സംഗമത്തെ മോടിപിടിപ്പിച്ചു. സജി പൂത്ത്യക്കയിൽ മാസ്റ്റർ ഓഫ് സെറിമണി ആയിരുന്നു. മനോജ് അച്ചേട്ട് സ്വാഗതവും ആനീസ് മേനമറ്റത്തിൽ നന്ദിയും പറഞ്ഞു.





വഴിത്താരകൾ

കേരളാ എക്സ്പ്രസ് KERALA EXPRESS
Weekly Newspaper National Edition from Chicago

കേരളാ എക്സ്പ്രസ്സിലെ ശ്രദ്ധേയമായ പംക്തി

നിങ്ങളുടെ ജീവിതം ഞങ്ങളോട് പറയാൻ താല്പര്യമുണ്ടോ?
വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം

ഇതാ ഒരു സുവർണ്ണാവസരം..!
കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ

ഇനി ലോകം നിങ്ങളെ അറിയട്ടെ

വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ്സ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.



മത്തായിച്ചൻ
MATHAICHAN
ROOFING & SIDING
We Specialize In Storm Damage Repair & Remodeling
We Work with All Home Insurances
Will do any Remodeling
JBR RESTORATION SERVICES - LICENSED
CITGO bp Shell AMOCO
Hotel, Motel, Gas Station
Roofing & Repairing
FREE ESTIMATE
Call Mathew:
630-205-5585

# 8th Anniversary in Heaven

BORN ON 02-09-1949 DIED ON 26-11-2017



## Samuel P Varughese ( Samu )

Ponvelil, Pullad

Pappa you will forever remain in our hearts and memories.

Loving Wife (Alamma)

Children: Shibu & Amber, Cible & Biju and Siby & Princy

Grandkids: Madison, Melana, Victoria, Aiden, Aaron, Sanaya & Ava

കേരളാ എക്സ്പ്രസ്
KERALA EXPRESS
വാരാന്ത്യം

# ഡോ. ബ്രിജിറ്റ് ജോർജ്

## ഫൊക്കാനയുടെ 2026– 28 ഭരണസമിതിയിൽ അസോസിയേറ്റ് സെക്രട്ടറിയായി മത്സരിക്കുന്നു



**ചി**ക്കാഗോയിൽ നിന്നുള്ള പ്രമുഖ വനിതാ സംഘടനാ നേതാവും ഫൊക്കാനയുടെ വിമൻസ് ഫോറം ചെയർപേഴ്സണുമായിരുന്ന ഡോ. ബ്രിജിറ്റ് ജോർജ് ഫൊക്കാനയുടെ 2026 – 28 ഭരണസമിതിയിൽ അസോസിയേറ്റ് സെക്രട്ടറി ആയി മത്സരിക്കുന്നു. ലീലാ മാരേട്ട് പ്രസിഡന്റായി മത്സരിക്കുന്ന ടീമിൽ നിന്നാണ് ഡോ. ബ്രിജിറ്റും മത്സരിക്കുന്നത്. 2022– 24 കാലയളവിൽ ഫൊക്കാന വിമൻസ് ഫോറം ചെയർ പേഴ്സണായി തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച ഡോ. ബ്രിജിറ്റ് ജോർജ്  മികച്ച പ്രാസംഗിക, ടിവി അവതാരക, പ്രോഗ്രാം അവതാരക, മികച്ച സംഘടനാ പ്രവർത്തക, ഗായിക, മത – സാംസ്കാരിക പ്രവർത്തക, ആതുര സേവന സംഘടനാ പ്രവർത്തക തുടങ്ങിയ നിലകളിൽ അറിയപ്പെടുന്ന വ്യക്തിത്വം കൂടിയാണ്. എന്തുകൊണ്ടും ഫൊക്കാനയുടെ നേതൃത്വ രംഗത്ത് അടയാളപ്പെടുത്തേണ്ട ഡോ. ബ്രിജിറ്റ് ജോർജിന്റെ ജീവിത വഴികളിലൂടെ ഒരു യാത്ര.

കാഞ്ഞിരപ്പള്ളി പൊടിമറ്റം പുരാതന കാർഷിക കുടുംബമായ കരിപ്പാപ്പറമ്പിൽ ബർക്ക്മാൻസ് ഈപ്പന്റെയും മേരിയമ്മയുടേയും മകളാണ് ഡോ. ബ്രിജിറ്റ് ജോർജ്. കാഞ്ഞിരപ്പള്ളി കുന്നുംഭാഗം സെന്റ് ജോസഫ് സ്കൂളിൽ ഒന്നാംക്ലാസ് മുതൽ പത്താംക്ലാസ് വരെ സ്കൂൾ വിദ്യാഭ്യാസം. മാന്നാനം കെ.ഇ. കോളേജിൽ പ്രീഡിഗ്രി സയൻസ് പഠനം. കോയമ്പത്തൂർ രാമകൃഷ്ണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസിൽ ഫിസിയോ തെറാപ്പിയിൽ ഡിഗ്രി. 1997-ൽ ഏറ്റുമാനൂർ സ്വദേശിയായ സെബാസ്റ്റ്യൻ ജോർജിനെ വിവാഹം കഴിച്ചു. 1998-ൽ അമേരിക്കയിലേക്ക്.







ചിക്കാഗോയിൽ കമ്മ്യൂണിറ്റി ഫിസിക്കൽ തെറാപ്പി ഏജൻസിയിൽ ഫിസിയോ തെറാപ്പിസ്റ്റായി ആദ്യ ജോലി. തുടർന്ന് റീഹാബ് സെന്ററുകളിലേക്ക് മാറ്റം. പിന്നീട് റീഹാബ് ഡയറക്ടർ പോസ്റ്റിലേക്ക് ബാരിംഗ്ടണിൽ തന്റെ സേവനം ഉയർത്തപ്പെട്ടു. 2015-ൽ യൂട്ടിക്ക യൂണിവേഴ്സിറ്റിയിൽ നിന്ന് ഫിസിയോ തെറാപ്പിയിൽ ഡോക്ടറേറ്റ്. പ്രസ്ബിറ്റേറിയൻ ഹോംസിലും, അലക്സിയെൻ ബ്രദേഴ്സിലും ജോലി. ബ്രിജിറ്റ് ജോർജ് ആയിരുന്നു 2016-2018-ൽ ചിക്കാഗോ സീറോ മലബാർ കത്തീഡ്രലിന്റെ പാരിഷ് കൗൺസിൽ മെമ്പറും, പബ്ലിക് റിലേഷൻസ് ഓഫീസറും.

വിവിധ സംഘടനകളിലും, പള്ളിയിലെ പി.ആർ.ഒ പ്രവർത്തനങ്ങളും ഡോ. ബ്രിജിറ്റ് ജോർജിൽ ഒരു മാദ്ധ്യമ പ്രവർത്തകയെ കൂടി രൂപപ്പെടുത്തി. ഏഷ്യാനെറ്റ് യു.എസ്.എ, യു.എസ്. റൗണ്ട് അപ് പരിപാടിയിൽ ഔവർ ഗസ്റ്റ് എന്ന സെഗ്മെന്റിൽ (അമേരിക്കയിലെ പ്രഗത്ഭരായ വ്യക്തിത്വങ്ങളെ പരിചയപ്പെടുത്തുന്ന പരിപാടി) അവതാരകയായി തുടങ്ങിയ മീഡിയ പ്രവർത്തനം കൈരളി ടി.വി. യു.എസ്.എയുടെ ഭാഗമായി പ്രവർത്തനം തുടർന്നു.

2022-2024-ൽ വിമൻസ് ഫോറത്തിന്റെ ഉദ്ഘാടനം 2022 നവംബർ അഞ്ചിന് ചിക്കാഗോയിൽവെച്ച് അതിവിപുലമായി നടത്തപ്പെട്ടു. പ്രൗഢഗംഭീരമായി ഉദ്ഘാടന ചടങ്ങുകൾ സംഘടിപ്പിക്കുവാൻ സാധിക്കുക മാത്രമല്ല, വളരെ വേഗത്തിൽ നിരവധി പദ്ധതികളിലേക്ക് കടക്കുവാനും സാധിച്ചു. അമേരിക്ക മുഴുവൻ ഉള്ള ഫൊക്കാന റീജിയണുകളിൽനിന്നും പ്രഗത്ഭമായ ഒരു വനിതാ നേതൃനിരയെ സജ്ജമാക്കുവാൻ സാധിച്ചത് ഒരു നേട്ടമായി.

മലയാളത്തിലെ ഏറ്റവും വലിയ സ്കോളർഷിപ്പായ ഫൊക്കാന ഭാഷയ്ക്കൊരു ഡോളറിനൊപ്പം പുതിയ ഒരു വിദ്യാഭ്യാസ സഹായ പദ്ധതിക്ക് ഫൊക്കാന വിമൻസ് ഫോറത്തിന്റെ നേതൃത്വത്തിൽ വിപുലമായ പദ്ധതികൾക്ക് തുടക്കമിട്ടു. കേരളത്തിൽ നേഴ്സിംഗ് മേഖലയിൽ പഠിക്കുന്ന (നിർദ്ധനരും പഠിക്കുവാൻ മിടുക്കരുമായ) വിദ്യാർത്ഥികൾക്ക് ആയിരം ഡോളർ വീതം നൽകി

2018-2019 കാലയളവിൽ സംഗീതാദ്ധ്യാപിക ജെസി തരിയത്തിന്റെ കീഴിൽ രണ്ട് വർഷമായി സംഗീതപഠനം തുടരുന്ന ഡോ. ബ്രിജിറ്റ് ജോർജ് കലയുടെ വഴിയിലൂടെയും സഞ്ചരിക്കുന്നു. ജീവിതത്തിന്റെ എല്ലാ നിമിഷവും ആഘോഷമാക്കാൻ സംഗീതത്തിനു കഴിയും എന്ന വിശ്വാസത്തോടെ മുൻപ് മാറ്റിവെച്ച പാട്ടിനെ തിരികെ കൂട്ടുകയാണിപ്പോൾ.

ഏതൊരു സ്ത്രീയുടേയും ജീവിത വിജയത്തിന് പിന്നിൽ കുടുംബത്തിന്റെ പിന്തുണ കൂടിയേ തീരൂ. ജനിച്ചു വളർന്ന വീട്ടിൽനിന്നും വിവാഹിതയായി പോകുന്ന വീട്ടിൽ സ്ത്രീയ്ക്ക് പിന്തുണ ലഭിക്കണം. എങ്കിൽ മാത്രമേ അവരുടെ ജീവിത വിജയം സാധ്യമാകൂ എന്ന് ഡോ. ബ്രിജിറ്റ് ജോർജ് പറയുന്നു. തന്റെ വളർച്ചയ്ക്ക് പിന്നിൽ മാതാപിതാക്കൾ പങ്കുവഹിച്ചതുപോലെ തന്നെ ഭർത്താവ് സെബാസ്റ്റ്യൻ ജോർജ് (സി.പി.എ), മക്കളായ ജോഷ്വ ജോർജ്, ജെസീക്ക ജോർജ് എന്നിവരുടെ പൂർണ്ണ പിന്തുണയുണ്ട്.

ഡോ. ബ്രിജിറ്റ് ജോർജിനെ മുന്നോട്ട് നയിക്കുന്നത് തന്റെ ആത്മവിശ്വാസവും, ദൈവ ഭക്തിയും, ആത്മാർത്ഥമായി ജീവിതത്തെ സമീപിക്കാനുള്ള  കഴിവുമാണ്. ഏതു വിഷയത്തേയും പുഞ്ചിരിയോടെ നേരിടുകയും, താൻ സമൂഹത്തിന് ഒരു ചെറുമാതൃകയായെങ്കിലും മാറണമെന്ന് സ്വയം തീരുമാനിക്കുകയും അതിനനുസരിച്ച് തന്റെ ജീവിതത്തേയും, സാമൂഹിക, സാംസ്കാരിക പ്രവർത്തനങ്ങളേയും മാറ്റുവാൻ കഴിവുള്ള അപൂർവ്വം ചില അമേരിക്കൻ മലയാളി വനിതകളിൽ ഒന്നാം സ്ഥാനമാണ് ഡോ. ബ്രിജിറ്റ് ജോർജിനുള്ളത്. ഈ നേതൃപാടവം ലഭിച്ചതിൽ അത്ഭുതപ്പെടേണ്ടതില്ല. അത് ഒരു അംഗീകാരമായി സമൂഹം അവർക്ക് അനുഗ്രഹിച്ച് നൽകിയതാണ്. പ്രവർത്തനങ്ങളിലൂടെ നേതൃത്വ പദവിയിലേക്കെത്തിയ ഡോ. ബ്രിജിത്ത് ജോർജ് ഫൊക്കാനയ്ക്ക് ഇനിയും മുതൽക്കൂട്ടായി തുടരട്ടെ.

**അനിൽ പെണ്ണുക്കര**

കേരളാ എക്സ്പ്രസ് KERALA EXPRESS

വാരാന്ത്യം

# ഫോമാ കേരളാ കൺവൻഷൻ ചരിത്ര സംഭവമാകും: പീറ്റർ കുളങ്ങര



അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ ഫെഡറേഷനായ ഫോമായുടെ (ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഓഫ് അമേരിക്കാസ്) കേരളാ കൺവൻഷൻ ചരിത്ര സംഭവമായിരിക്കുമെന്നു കൺവൻഷൻ ചെയർമാൻ പീറ്റർ കുളങ്ങര അറിയിച്ചു. ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേലിന്റെ നേതൃത്വത്തിൽ 2024-ൽ അധികാരമേറ്റ ടീമിന്റെ കേരളാ കൺവൻഷൻ നടക്കുക കോട്ടയത്തെ ഡൗൺടൗൺ ഹോട്ടലായ വിൻഡ്സർകാസിലിൽ വെച്ച് 2026 ജനുവരി 9-ന് ആയിരിക്കും. കേന്ദ്ര, കേരളാ മന്ത്രിമാർ, ജനപ്രതിനിധികൾ, സാമൂഹ്യ, സാംസ്കാരിക ചലച്ചിത്ര, ടിവി മേഖലയിലെ പ്രമുഖർ കൺവൻഷന്റെ ഭാഗമാകും. ആയിരത്തിലധികം പ്രതിനിധികൾക്ക് കൺവൻഷൻ വീക്ഷിക്കാവുന്ന ഹാളിലാണ് പരിപാടികൾ ക്രമീകരിക്കുന്നത്. വിവിധ കമ്പനികൾ, സ്പോൺസർമാരുടെ സ്റ്റാളുകളും ഇവിടെയുണ്ടാകും. വൈകിട്ട് ഹാളിന് പുറത്ത് കേരളത്തനിമയിൽ ലൈവ് തട്ടുകട ഉൾപ്പെടെ വിഭവ സമൃദ്ധമായ ഭക്ഷണശാലയും ഉണ്ടായിരിക്കും.

ഫോമായുടെ സ്ഥാപക പ്രസിഡന്റ് ശശിധരൻ നായരുടെ നേതൃത്വത്തിൽ ഫോമായുടെ ആദ്യ കേരളാ കൺവൻഷൻ നടന്നതും വിൻഡ്സർ കാസിലിൽ വെച്ചായിരുന്നു. വർഷങ്ങൾക്ക് ശേഷം ഫോമായുടെ മറ്റൊരു കേരളാ കൺവൻഷൻ കൂടി ഇവിടെ നടക്കുമ്പോൾ ഫോമാ നേതൃത്വവും പ്രവർത്തകരും ആവേശത്തിലാണെന്ന് പീറ്റർ കുളങ്ങര പറഞ്ഞു. വളരെ സമൃദ്ധമായ താമസാനുഭവവും സമ്മാനിക്കുന്ന ഈ ഹോട്ടൽ കേരളാ ടൂറിസം ഡെസ്റ്റിനിയായ കുമരകത്തിന്റെ പ്രവേശന കവാടം കൂടിയാണ്. മനോഹരമായ കോട്ടേജുകൾ ഉൾപ്പെടെ നിരവധി സൗകര്യങ്ങളോടെ 20 ഏക്കറിലാണ് വിൻഡ്സർകാസിൽ സ്ഥിതി ചെയ്യുന്നത്. കോട്ടയത്തു നിന്ന് രണ്ട് കിലോമീറ്ററും കൊച്ചി വിമാനത്താവളത്തിൽ നിന്ന് 60 കിലോ മീറ്റർ ദൂരവുമാണ് ഇവിടേക്ക് ഉള്ളത്. മദ്ധ്യ തിരുവിതാംകൂറിന്റെ തിലകക്കുറിയായ കോട്ടയത്ത് ഫോമായുടെ കേരളാ കൺവൻഷന്റെ ആദ്യ ദിവസം ഗംഭീരമാക്കാനുള്ള ശ്രമത്തിലാണ് സംഘാടകർ.

കൺവഷന്റെ രണ്ടാം ദിവസമായ ജനുവരി 10-ന് വേമ്പനാട്ട് കായലിലൂടെ ഫോമാ പ്രവർത്തകരുടേയും അതിഥികളുടേയും ബോട്ട് യാത്ര നടക്കും. 11-ന് കൊച്ചി ഗോകുലം പാർക്കിൽ വെച്ച് ഫോമാ ബിസിനസ് മീറ്റും നടക്കുന്നതോടെ ഫോമാ 2024 - 2026 ടീമിന്റെ കേരളാ കൺവൻഷൻ സമാപിക്കും.

ഫോമാ കേരളാ കൺവൻഷന് നേതൃത്വം നൽകുന്ന ചെയർമാൻ പീറ്റർ കുളങ്ങര ഫോമായുടെ തുടക്കം മുതൽ നേതൃത്വനിരയിലുള്ള നേതാവാണ്. കാസർകോഡ് മുതൽ തിരുവനന്തപുരം വരെ വിവിധ മേഖലകളിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും അവ അർഹിക്കുന്ന വ്യക്തികൾക്ക് നൽകുകയും ചെയ്യുന്ന പീറ്റർ കുളങ്ങര ഭിന്ന ശേഷി സമൂഹത്തിന് നൽകിയ സേവനങ്ങൾ വിശാലമാണ്. ഒരു തരത്തിലും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വരാൻ സാധ്യതയില്ല എന്ന് കരുതുന്ന ഒരു സമൂഹത്തെ ഒപ്പം നിർത്താൻ അദ്ദേഹം ഇന്നുവരെ നടത്തിയ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. അമേരിക്കയിലും സമാനതകളില്ലാത്ത ജീവകാര്യണ്യ പ്രവർത്തനത്തിന് നേതൃത്വം നൽകുന്ന പീറ്റർ കുളങ്ങരയുടെ നേതൃത്വം ഫോമയ്ക്ക് എക്കാലവും കരുത്താണ്.

കോട്ടയം ജില്ലയിലെ താഴത്തങ്ങാടിയിൽ കുളങ്ങര കെ.ജെ. മാത്യുവിന്റെയും ചിന്നമ്മ മാത്യുവിന്റെയും എട്ട് മക്കളിൽ ഏഴാമനായാണ് പീറ്റർ കുളങ്ങര ജനിച്ചത്. കുട്ടിക്കാലം മുതൽക്കേ കണ്ടും കേട്ടും വളർന്ന ശീലം ആയതുകൊണ്ട് തന്നെ പരസ്പര സഹായം കുളങ്ങര കുടുംബത്തിലെ കുട്ടികളുടെ മുഖമുദ്രയായി മാറി. അങ്ങനെ പീറ്റർ കുളങ്ങരയും ഏറ്റവുമധികം സമൂഹത്തോടും മനുഷ്യരോടും സംവദിച്ചു തുടങ്ങി. പലർക്കും പല സഹായങ്ങളും ചെയ്തു പോന്നു. സാമൂഹിക പ്രവർത്തനങ്ങളിലും, സാമൂഹ്യ സേവനത്തിലും പീറ്റർ എപ്പോഴും മുന്നിട്ടിറങ്ങി. 1982-ൽ അമേരിക്കയിലേക്ക് ചേക്കേറുമ്പോഴും മാതാപിതാക്കൾ പഠിപ്പിച്ചുതന്ന നന്മയും നേരിന്റെ വഴികളും പീറ്റർ കുളങ്ങരയുടെ ഹൃദയത്തിൽ ഉണ്ടായിരുന്നു. 1991-ൽ സ്വന്തമായി ഒരു ബിസിനസ് തുടങ്ങി. ജോലിക്കൊപ്പം തന്നെ സാമൂഹ്യ പ്രവർത്തനത്തിലേക്ക് ഇറങ്ങേണ്ടതിന്റെ ഒരു ആവശ്യകത കൂടി അദ്ദേഹത്തിന്റെ ജീവിതത്തിൽ ഉടലെടുത്തത് അമേരിക്കയിൽ വച്ചായിരുന്നു. തന്റെ കസിൻ മരിച്ച സമയത്ത് ഫ്യൂണറൽ ഹോമിൽ പോയി സംസ്കാര ചടങ്ങുകൾക്ക് വേണ്ട കാര്യങ്ങൾ അന്വേഷിച്ചപ്പോഴാണ് അതൊരു ഉത്തരവാദിത്വം ആണെന്ന് പീറ്റർ കുളങ്ങരയ്ക്ക് മനസിലായത്. മരിച്ചവരെ സമാധാനമായി യാത്രയാക്കാൻ ഉള്ള ഒരു സാമൂഹിക അന്തരീക്ഷം ഉണ്ടാക്കിയെടുക്കാൻ നല്ല മനസ്സുണ്ടാവണം. മരിച്ചവരെ സമാധാനത്തോടെ മടക്കി അയയ്ക്കുക എന്നുള്ളത് കുടുംബാംഗങ്ങൾക്കും ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. അന്നുമുതൽക്കാണ് പീറ്റർ കുളങ്ങര മരിച്ചവർക്ക് ഇടയിലേക്ക് ഇറങ്ങി നടക്കാൻ തുടങ്ങിയത്. ജീവിച്ചിരിക്കുന്നവരെക്കാൾ നമ്മളെ ആവശ്യമുള്ളത് മരിച്ചവർക്കാണെന്ന് പീറ്റർ കുളങ്ങര തിരിച്ചറിഞ്ഞു.

സംസ്കാര ചടങ്ങുകൾക്ക് പള്ളി ഇല്ലാതിരുന്ന സമയത്തും മരിച്ച ആളുകൾക്ക് വേണ്ടി പീറ്റർ കുളങ്ങര പ്രവർത്തിച്ചു. അവരുടെ സംസ്കാരത്തിന് വേണ്ടതെല്ലാം ചെയ്തു കൊടുത്തു അവരുടെ ബന്ധുക്കളെ ആശ്വസിപ്പിച്ച് യാഥാർഥ്യത്തെ ഉൾക്കൊള്ളാൻ അവരെ പ്രാപ്തരാക്കി. ദൈവത്തിന്റെ നിശ്ചയം അതായിരുന്നിരിക്കാം. മരിച്ചവർക്കും വേണ്ടെ ഭൂമിയിൽ ജീവിച്ചിരിക്കുന്ന ആരെങ്കിലും.

തന്റെ പ്രവർത്തികളെ കുറിച്ച് ഏറ്റവും നിഷ്കളങ്കമായി പീറ്റർ കുളങ്ങര പറയുന്നത് ഇങ്ങനെയാണ്: 'അമേരിക്കയിൽ സംസ്കാരവുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങൾ നാം അഭിമുഖീകരിക്കുന്നുണ്ട്. നല്ലൊരു ഫ്യൂണറൽ ഹോം കണ്ടെത്തണം. അതിനായി നമുക്ക് അവരുമായി വിലപേശണം. മാന്യമായ രീതിയിൽ അവ നടത്തിക്കൊടുക്കണം. പള്ളി എന്ന് മാത്രമല്ല. ഏത് വിഭാഗത്തിൽ പെട്ടവർക്കും സഹായം എത്തിച്ചു നൽകും',

ഈ വാക്കുകളിൽ നിന്ന് വ്യക്തമാണ് അദ്ദേഹം എത്രത്തോളം നിഷ്കളങ്കനായ മനുഷ്യനാണെന്ന്. തനിക്ക് സ്വന്തമായിട്ടുള്ള ബിസിനസ് രണ്ടു മൂന്നു ദിവസത്തേക്ക് മാറ്റി വെച്ച്, ആരാണ് മരണപ്പെട്ടത് അവർക്ക് വേണ്ടിയും അവരുടെ കുടുംബത്തിന് വേണ്ടിയും ഓടിനടക്കാൻ പീറ്റർ കുളങ്ങര കാണിക്കുന്ന ആത്മാർത്ഥത ഇന്ന് ഒരു മനുഷ്യരിലും നമുക്ക് കണ്ടെത്താൻ കഴിയില്ല.

എല്ലാത്തിലുമുപരി അമേരിക്കയിലെ മലയാളി സംഘടനകളിൽ നിറസാന്നിധ്യമാണ് പീറ്റർ കുളങ്ങര. ചിക്കാഗോ കെ.സി.എസിന്റെ ട്രഷറർ, വൈസ് പ്രസിഡന്റ്, കെ.സി.സി.എൻ.എ, ആർ.വി.പി, മിഡ്വെസ്റ്റ് മലയാളി അസോസിയേഷൻ ആദ്യകാല ചെയർമാൻ, പിന്നീട് പ്രസിഡന്റ് എന്നീ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചിരുന്നു. തുടർന്ന് ഫോമാ ആർ.വി.പി. നാഷണൽ കൗൺസിൽ മെമ്പർ, ഫോമ അഡ്വൈസറി ബോർഡ് വൈസ് ചെയർമാൻ, ഫോമാ ഹൗസിംഗ് പ്രോജക്ട് മെമ്പർ, ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ പള്ളിയുടെ പ്രഥമ കൈക്കാരൻ (ട്രസ്റ്റി) 2010 മുതൽ പള്ളിയുടെ ഫ്യൂണറൽ കോ- ഓർഡിനേറ്റർ എന്നീ നിലകളിലും തന്റെ വൈധഗ്ദ്യം അദ്ദേഹം പ്രകടിപ്പിച്ചു. അമേരിക്കൻ ജീവിതത്തിൽ മലയാളികൾക്ക് ഓർത്തു വെക്കാൻ പോരുന്ന ഒന്നാണ് സംഘടനാ ജീവിതം. അതുകൊണ്ടുതന്നെ സംഘടനയിലൂടെ മനുഷ്യരുടെ കണ്ണുനീരിലേക്ക് സ്നേഹത്തിന്റെ വഞ്ചിയിറക്കുകയായിരുന്നു പീറ്റർ കുളങ്ങര.










**അനിൽ പെണ്ണുക്കര**

# ചിക്കാഗോ കെസിഎസ് ക്നാനായ നൈറ്റ് 2025 പ്രൗഢഗംഭീരമായി

**ഷാജി പള്ളിവീട്ടിൽ**

ചിക്കാഗോ: ചിക്കാഗോ ക്നാനായ കാത്തലിക് സൊസൈറ്റി (കെ.സി.എസ്.) ഗ്ലെൻ എലനിലെ കോളജ് ഓഫ് ഡ്യൂപേജിൽ വെച്ച് നടത്തിയ ക്നാനായ നൈറ്റ്-2025 പ്രൗഢഗംഭീരമായി. അനിവാര്യമായിരുന്ന മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അനൗൺസ് ചെയ്തിരുന്നതു പോലെ കൃത്യം 5 മണിക്ക് തന്നെ പ്രോഗ്രാമുകൾ സ്റ്റാർട്ട് ചെയ്തത് അംഗങ്ങൾക്കിടയിൽ കൂടുതൽ മതിപ്പുളവാക്കി. 170-ൽപരം കുട്ടികളെ കോർത്തിണക്കിക്കൊണ്ട് കിഡ്സ് ക്ലബ് കോ-ഓർഡിനേറ്റേഴ്സ് കൃത്യം 5 മണിക്ക് തന്നെ കിഡ്സ് ക്ലബ് പ്രോഗ്രാമുകൾ തുടങ്ങുവാനായത് ക്നാനായ നൈറ്റിന് നല്ലൊരു തുടക്കമായി. കിഡ്സ് ക്ലബിന്റെ പ്രോഗ്രാമിനെ തുടർന്ന് കെ.സി.ജെ.എൽ, ഗോൾഡീസ്, സീനിയർ സിറ്റിസൺസ്, കെ.സി.വൈ.എൽ, യുവജനവേദി എന്നിവരുടെ പ്രകടനങ്ങൾ പരിപാടികൾക്ക് കൂടുതൽ മിഴിവേകി. അതിനുശേഷം നടന്ന വിമൻസ് ഫോറത്തിന്റെ വൈവിധ്യമാർന്ന കലാപ്രകടനങ്ങൾ ക്നാനായ നൈറ്റിന് കൂടുതൽ നിറച്ചാർത്തായി.

പരിപാടികളുടെ മദ്ധ്യത്തിൽ കെ.സി.സി.എൻ.എയുടെ 16-ാമത് കൺവൻഷൻ കിക്കോഫും നടത്തപ്പെടുകയുണ്ടായി. രജിസ്ട്രേഷൻ ഓപ്പൺ ആയതിനുശേഷം രണ്ട് ആഴ്ചയ്ക്കുള്ളിൽ തന്നെ ഏതാണ്ട് 500-ന് അടുത്ത ഫാമിലികൾ രജിസ്ട്രേഷൻ നടത്തിയിട്ടുള്ളത് റെക്കോർഡ് ഏർലി രജിസ്ട്രേഷനാണെന്ന് കെ.സി.സി.എൻ.എ പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കൽ കിക്കോഫ് മദ്ധ്യത്തിൽ പ്രഖ്യാപിക്കുകയുണ്ടായി.

അതിനുശേഷം കെ.സി.എസിന്റെ സെൻസസ് ഫോം ഫിൽ ചെയ്തവരുടെ റാഫിൾ ഡ്രോയിംഗ് നടത്തപ്പെടുകയുണ്ടായി. റാഫിൾ ഡ്രോയിങ്ങിൽ സമ്മാനാർഹരായ ടോണി ആൻഡ് സൗമിക്ക് മലബാർ ഗോൾഡിന്റെ 750 ഡോളർ ഡയമണ്ട് വൗച്ചർ സമ്മാനിക്കുകയുണ്ടായി.

പരിപാടികൾ അനൗൺസ് ചെയ്തിരുന്നതിനേക്കാൾ 15 മിനിറ്റ് നേരത്തെ സമാപിക്കാനായതിന് എല്ലാ സബ് ഓർഗനൈസേഷൻ കോ-ഓർഡിനേറ്റർമാരെയും എംസിമാരെയും പ്രസിഡണ്ട് ജോസ് ആനമല പ്രശംസിക്കുകയുണ്ടായി. വെന്യൂ തെരഞ്ഞെടുത്തതിലും പരിപാടികളുടെ ഗുണനിലവാരത്തിലും സമയക്രമം പാലിച്ചതിലും പങ്കെടുത്തവർ അത്യന്തം സംതൃപ്തി പ്രകടിപ്പിക്കുകയും സംഘാടകരെ അഭിനന്ദിക്കുകയും ചെയ്തു.

ഫോട്ടോ: ഡൊമിനിക് ചൊള്ളമ്പേൽ





















# ചിക്കാഗോ കെസിഎസ് ക്നാനായ നൈറ്റ് 2025 ചിത്രങ്ങളിലൂടെ...









































# ചിക്കാഗോ കെസിഎസ് ക്നാനായ നൈറ്റ് 2025 ചിത്രങ്ങളിലൂടെ...
























ഫോട്ടോ: ഡൊമിനിക് ചൊള്ളമ്പേൽ

# ചിക്കാഗോ കെസിഎസ് ക്നാനായ നൈറ്റ് 2025 ചിത്രങ്ങളിലൂടെ...



























# ഫോമാ ലാസ്‌വേഗസ് കുടുംബസംഗമം വൻ വിജയം



ലാസ്‌വേഗസ്: ഫോമാ വെസ്റ്റേൺ റീജിയന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഫാമിലി നൈറ്റ് ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. നവംബർ 14-ന് വെള്ളിയാഴ്ച സായംസന്ധ്യയിൽ ലാസ്‌വേഗസിൽ അരങ്ങേറിയ ഫോമാ വെസ്റ്റേൺ റീജിയന്റെ കുടുംബസംഗമം വമ്പിച്ച വിജയം കൈവരിച്ചു. ഓൺലൈൻ രജിസ്ട്രേഷൻ ക്ലോസ് ചെയ്തശേഷം വാക് ഇൻ രജിസ്ട്രേഷനിൽ വന്നവർക്ക് ഇരിപ്പിടമില്ലാത്ത അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തി. നൂറ് രജിസ്ട്രേഷനിൽ നിന്നും ഇരട്ടിയിലധികമായി ഇരുനൂറിലേക്ക് എത്തിയപ്പോഴേയ്ക്കും പാർട്ടി ഹാൾ നിറഞ്ഞുകവിഞ്ഞു.

റീജിയണൽ വൈസ് പ്രസിഡണ്ട് ജോൺസൺ ജോസഫിന്റെയും ബിസിനസ് ചെയർ ബിജു സക്കറിയായുടെയും നേതൃത്വത്തിൽ നടന്ന പരിപാടിയിൽ റീജിയണിൽ നിന്നുള്ള എല്ലാ അംഗസംഘടനകളും പങ്കെടുത്തു.

**പന്തളം ബിജു**

ആർവിപി ജോൺസൺ സന്നിഹിതരായിരുന്ന എല്ലാവരെയും സദസ്സിനു പരിചയപ്പെടുത്തി സ്വാഗതം ചെയ്തു. അമേരിക്കയിലുടനീളമുള്ള ഫോമാ പ്രവർത്തകർ പങ്കെടുത്ത ഈ പരിപാടി അമേരിക്കൻ മലയാളികളുടെ സംഘടനാശക്തി വിളിച്ചോതുന്നതായി അദ്ദേഹം എടുത്തുപറഞ്ഞു.

ചെയർമാൻ റെനി പൗലോസിന്റെ ഈശ്വരപ്രാർത്ഥനയോടെ തുടക്കം കുറിച്ച ഈ പൊതുപരിപാടിയിൽ എലൈൻ സജി അമേരിക്കൻ ദേശീയഗാനവും നിർമല സജിത്ത്, വിനീത സുകുമാരൻ എന്നിവർ ഇന്ത്യൻ ദേശീയ ഗാനവും ആലപിച്ചു.

ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ, സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, മുൻ പ്രസിഡണ്ട് ജോൺ ടൈറ്റസ്, ബിസിനസ് ചെയർ ബിജു സക്കറിയ എന്നിവർ ആശംസകളർപ്പിച്ചു.

സജി കപ്പാട്ടിലിന്റെയും ഡോ. രശ്മി സജിയുടെയും മകൾ മിസ് കാലിഫോർണിയ ടീൻ ഫസ്റ്റ് റണ്ണർ അപ്പ് 2025 കിരീടധാരിയായ എലൈൻ സജിയെ സദസ്സിൽ ആദരിച്ചു. ഡോക്ടർ മഞ്ജു പിള്ളയുടെ നേതൃത്വത്തിൽ നടന്ന ഫാഷൻ ഷോ ഹൃദ്യമായി. പ്രായം മറന്ന് ഷോയിൽ പങ്കെടുത്തത് ആസ്വാദകരിൽ കൗതുകമായി.

റീജിയണൽ കമ്മിറ്റിയുടെ പ്രത്യേക ക്ഷണപ്രകാരം എത്തിയ നാഷണൽ നേതാക്കളായ ഫോമാ ബൈലോ കമ്മിറ്റി ചെയർമാൻ ജോൺ സി. വർഗീസ്, നാഷണൽ കമ്മിറ്റി അംഗങ്ങളായ തോമസ് കർത്തനാൽ, മോളമ്മ വർഗീസ്, ബിജു തോണിക്കടവിൽ, മാത്യു വർഗീസ്, അനു സ്കറിയ, ബിനോയ് തോമസ്, രേഷ്മ രഞ്ജൻ, സാമുവൽ മത്തായി, ജിഷോ തോമസ്, രാജു പള്ളത്ത്, മോൻസി വർഗീസ് എന്നിവരെ പ്രത്യേകം ആദരിച്ചു.



നാഷണൽ കമ്മിറ്റി അംഗങ്ങളായ സുജ ഔസോ, സാജൻ മൂലേപ്ലാക്കിൽ, ഡോ. മഞ്ജു പിള്ള, ആഗ്നസ് ബിജു, റീജിയണൽ ട്രഷറർ മാത്യു ചാക്കോ, വൈസ് ചെയർമാൻ ജോസഫ് ഔസോ, ജോയിന്റ് സെക്രട്ടറി സെൽബി കുര്യാക്കോസ്, പിആർഒ പന്തളം ബിജു തോമസ്, ജാസ്മിൻ പരോൾ, ഡോ. രശ്മി സജി, രാജൻ ജോർജ്, ജാക്സൺ പൂയപ്പാടം, പോൾ ജോൺ, ഷാൻ പരോൾ, സർഗം പ്രസിഡണ്ട് വിൽസൺ നെച്ചിക്കാട്ട്, കൊളറാഡോ മലയാളി അസോസിയേഷൻ പ്രസിഡണ്ട് വിമൽ ആൻഡ്രൂസ്, മങ്ക പ്രസിഡണ്ട് പത്മപ്രിയ പാലോട്ട്, കേരള അസോസിയേഷൻ ഓഫ് ലാസ് വേഗസ് പ്രസിഡണ്ട് ഡോ. തോംസൺ ചെമ്പ്ളാവിൽ, സെക്രട്ടറി ഡേവിഡ് പറപ്പിള്ളി എന്നിവർ പരിപാടിയുടെ വിജയത്തിനായി പ്രവർത്തിച്ചു.





കേരള അസോസിയേഷൻ ഓഫ് ലാസ് വേഗസിന്റെ വമ്പിച്ച പങ്കാളിത്തവും ശ്രദ്ധേയമായി. ലോസാഞ്ചലസിൽ നിന്നുള്ള ആസ്ഥാനഗായകനായ ബിജു മാത്യുവിന്റെ ലൈവ് ഗാനമേള ഇടവേളകളിൽ പരിപാടികൾക്ക് കൊഴുപ്പേകി. സെക്രട്ടറി സജി തൈവളപ്പിൽ ഏവർക്കും നന്ദി രേഖപ്പെടുത്തി.

# സീറോ മലബാർ കൺവൻഷൻ കിക്കോഫിന് ന്യൂജേഴ്സി സോമർസെറ്റ് പള്ളിയിൽ ഉജ്ജ്വല പ്രതികരണം

**ബീനാ വള്ളിക്കളം**

ചിക്കാഗോ: അമേരിക്കയിലെ സീറോ മലബാർ രൂപത 25 വർഷം പിന്നിടുന്ന സുപ്രധാനമായ നാഴികക്കല്ലിൽ എത്തിനിൽക്കുന്ന അവസരത്തിൽ ഒരുവർഷം നീണ്ടുനിൽക്കുന്ന ജൂബി





ലി ആഘോഷങ്ങൾ തുടരുകയാണ്. 2026 ജൂലൈ 9 മുതൽ 12 വരെ നടത്തപ്പെടുന്ന കൺവൻഷനോടുകൂടിയാണ് ഈ ആഘോഷങ്ങൾക്ക് തിരശ്ശീല വീഴുക. അമേരിക്കയിലെ എല്ലാ ഇടവകകളിലും ജൂബിലിയുടെ സന്ദേശവും കൺവൻഷൻ വിവരങ്ങളും നേരിട്ട് നൽകുവാനായി കൺവൻഷൻ പ്രതിനിധികൾ സന്ദർശനം നടത്തിവരുന്നു.

കൺവൻഷൻ രജിസ്ട്രേഷൻ കിക്കോഫിനായി ന്യൂജേഴ്സിയിലെ സോമർസെറ്റ് സെന്റ് തോമസ് ഫൊറോന പള്ളിയിൽ എത്തിയ കൺവൻഷൻ കൺവീനറും ഈ പള്ളിയിലെ തന്നെ മുൻ വികാരിയുമായിരുന്ന ഫാ. തോമസ് കടുകപ്പിള്ളിക്കും കൺവൻഷൻ ടീമിനും ഇടവക വികാരി ഫാ. ജോണിക്കുട്ടി പുലിശ്ശേരിയുടെ നേതൃത്വത്തിൽ ഇടവകാംഗങ്ങൾ ഹൃദയപൂർവ്വമായ വരവേൽപ്പ് നൽകി. ഫാ. തോമസ് കടുകപ്പിള്ളിൽ ഏവരെയും കൺവൻഷനിൽ പങ്കുചേരുവാനായി ക്ഷണിക്കുകയുണ്ടായി. ജൂബിലി ചെയർമാൻ ജോസഫ് ചാമക്കാല രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തപ്പെടുന്ന പരിപാടികളുടെ വിവരങ്ങൾ നൽകി. കൺവൻഷൻ ചെയർമാൻ ബിജി സി. മാണി കൺവൻഷന്റെ വിവിധ വശങ്ങളെക്കുറിച്ച് പ്രതിപാദിച്ചു. ഫിനാൻസ് ചെയർമാൻ ആൻഡ്രൂസ് തോമസ് രജിസ്ട്രേഷൻ, സ്പോൺഷിപ്പ് അവസരങ്ങൾ എന്നിവയുടെ വിശദവിവരങ്ങൾ നൽകി. സ്പെഷ്യൽ ഇവന്റ്സ് കോ-ഓർഡിനേറ്റർ ആയ ജോമോൻ ചിറയിലും ടീമിനോട് ചേർന്ന് വിവരങ്ങൾ പങ്കുവെച്ചു.

കൺവൻഷന്റെ ഇടവകയിൽനിന്നുള്ള പ്രതിനിധികളായ ടോം പെരുമ്പായിൽ, സെബാസ്റ്റ്യൻ തോട്ടത്തിൽ, ജോജിമോൾ കല്ലറക്കൽ, മിനി റോയ്, മെലിസ പുത്തൻപുര എന്നിവരോടൊപ്പം റോബിൻ ജോർജ്, ബോബി വർഗീസ്, ജോയ് ലാസർ എന്നീ ട്രസ്റ്റിമാരും കിക്കോഫ് അതിമനോഹരം ആക്കുവാൻ നേതൃത്വം നൽകി.

അമ്പതിൽപരം രജിസ്ട്രേഷൻ തദവസരത്തിൽ തന്നെ കൺവൻഷൻ ടീമിന് കൈമാറാൻ ആയത് ഇടവകാംഗങ്ങളുടെ താൽപര്യത്തെയും സഹകരണത്തെയും സൂചിപ്പിക്കുന്നതായും കൂടുതൽ രജിസ്ട്രേഷനുകൾ പ്രതീക്ഷിക്കുന്നുവെന്നും ഇടവക വികാരിയും കൺവൻഷൻ പ്രതിനിധികളും സന്തോഷപൂർവ്വം അറിയിച്ചു. കൺവൻഷന്റെ വിജയത്തിനായി ഇടവകയുടെ പരിപൂർണ്ണ പിന്തുണ വികാരിയച്ചൻ ഉറപ്പു നൽകി.

2026 ജൂലൈ 9 മുതൽ 12 വരെ ചിക്കാഗോയിലെ പ്രശസ്തമായ മക്കോർമിക് പ്ലേസ് കൺവൻഷൻ സെന്ററിലാണ് സീറോ മലബാർ യുഎസ്എ കൺവൻഷൻ നടക്കുന്നത്. ഇതോടൊപ്പം രൂപതയുടെ ആദ്യ ഇടയനായ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക ജൂബിലിയും കൊണ്ടാടുന്നു. ദിവസേനയുള്ള ദിവ്യബലി, ആരാധന എന്നിവയോടൊപ്പം വിദഗ്ദ്ധർ നയിക്കുന്ന ക്ലാസുകളും, ബിസിനസ് മീറ്റുകളും, വിവിധ സംഘടനകളുടെ കൂട്ടായ്മകളും, നാളിതുവരെ ഇടവകയെ നയിച്ചവർക്കുള്ള ആദരവും, വൈവിധ്യമാർന്ന കലാപരിപാടികളും, മത്സരങ്ങളും ഒരുക്കിയിരിക്കുന്നു. യുവജനങ്ങൾക്കും മുതിർന്നവർക്കും അവരുടെ താല്പര്യങ്ങൾക്ക് ഉതകുന്ന വിധത്തിൽ



പ്രത്യേക ട്രാക്കുകളിൽ ആയിട്ടാണ് പരിപാടികൾ ഒരുക്കുന്നത്.

അമേരിക്കയിലെ സീറോ മലബാർ വിശ്വാസികളെ ഒന്നിച്ച് ചേർക്കുന്ന ഈ സംഗമം, ഒന്നിച്ചു ചേരാനും, ആശയവിനിമയത്തിനും, പ്രവാസ ലോകത്തെ, സഭയുടെ വളർച്ചയ്ക്കും പുരോഗതിക്കും വേണ്ടി ഒരു പുതിയ ദിശാബോധം നൽകുവാനുള്ള ഒരു അവസരം ആയിരിക്കും. മനോഹരമായ ഈ ആത്മീയ, സാംസ്കാരിക സംഗമത്തിൽ പങ്കെടുക്കുവാൻ രൂപതാ അധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് എല്ലാ വിശ്വാസികളെയും ക്ഷണിക്കുന്നു.





രൂപതയിലെ എല്ലാ പള്ളികളിലെയും കൺവൻഷൻ പ്രതിനിധികളോട് ചേർന്ന് രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ നടത്തുവാനുള്ള സംവിധാനത്തിന്റെ ഭാഗമായി എല്ലാ ഇടവകകളും സന്ദർശിക്കുവാൻ ശ്രമിക്കുന്നതായി കൺവൻഷൻ ടീം അറിയിച്ചു. വിവരങ്ങൾ പങ്കുവെക്കുക വഴി കൺവൻഷൻ രജിസ്ട്രേഷൻ എളുപ്പമാവുകയും കൂടുതൽ വിശ്വാസികളെ ഈ മഹാ കൂട്ടായ്മയിൽ പങ്കുചേർക്കാൻ കഴിയുകയും ചെയ്യുമെന്ന് ടീം വിശ്വസിക്കുന്നു.

സോമർസെറ്റ് ഇടവകയിലെ വികാരിയച്ചന്റെയും, ഇടവകാംഗങ്ങളുടെയും വളരെ ഹൃദ്യമായ സ്വീകരണത്തിനും സഹകരണത്തിനും കൺവൻഷൻ ടീം പ്രത്യേകം നന്ദി അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും www.syroConvention.-org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

# അബ്ദുൾ പുന്നയൂർക്കുളത്തിന് ലാനയുടെ ആദരം

**കോരസൺ**

ചിക്കാഗോ: അമേരിക്കൻ മലയാളി സാഹിത്യകാരൻ അബ്ദുൾ പുന്നയൂർക്കുളത്തിനു ലാനയുടെ ആദരം നല്കപ്പെട്ടു. പതിറ്റാണ്ടുകളായി ഇംഗ്ലീഷിലും മലയാളത്തിലും എഴുതുന്ന അമേരിക്കൻ മലയാളി അബ്ദുൾ പുന്നയൂർക്കുളത്തിന്റെ സാഹിത്യ സംഭാവനകളെ മാനിച്ച് അമേരിക്കൻ മലയാളി എഴുത്തുകാരുടെ സംഘടനയായ ലിറ്റററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (ലാന) ആദരിച്ചു.

സഞ്ചരിക്കുന്ന ലൈബ്രറി എന്ന് അറിയപ്പെടുന്ന അബ്ദുൾ പുന്നയൂർക്കുളം, അമേരിക്കയിൽ നടക്കുന്ന ഒട്ടുമിക്ക സാഹിത്യ സമ്മേളനങ്ങളിലും അമേരിക്കൻ മലയാളി എഴുത്തുകാരുടെ പുസ്തകശേഖരവുമായി പോകാറുണ്ട്. ഒക്കെ അവിടെ ശ്രദ്ധേയമായ രീതിയിൽ പെറുക്കി നിരത്തിവെച്ച് അതിനു കാവലിരിക്കുന്ന അബൂക്ക എഴുത്തുകാരുടെ ഹൃദയസൂക്ഷിപ്പുകാരനായി മാറിയിട്ട് കാലമേറെയായി. ഇപ്പോൾ മലയാള സമ്മേളനങ്ങളിൽ അബൂക്കയെ കണ്ടില്ലെങ്കിൽ ആളുകൾ തിരക്കിയിറങ്ങുന്ന സ്ഥിതിവിശേഷമായി. അമേരിക്കൻ മലയാളി എഴുത്തുകാരുടെ ഇതുവരെ ഇറങ്ങിയിട്ടുള്ള ഒട്ടുമിക്ക കൃതികളും അദ്ദേഹം സൂക്ഷിച്ചുവെച്ചിട്ടുണ്ട്.

ഓരോ സമ്മേളനത്തിനും ഭാരമുള്ള ഈ പുസ്തകപെട്ടിയുമായി ഡിട്രോയിറ്റിൽനിന്നും യാത്ര ചെയ്യാൻ അദ്ദേഹത്തിനു മടിയില്ല. നിരത്തിവെച്ചിരിക്കുന്ന പുസ്തകങ്ങൾക്ക് കോണിൽ പലപ്പോഴും എന്നെയും പിടിച്ചിരുത്താറുണ്ട്. “എനിക്കു പ്രായമായി, ഇനിയും ആരെങ്കിലും ഇത് ഏറ്റെടുക്കുമെന്നു പ്രതീക്ഷിക്കാം” അദ്ദേഹം ഇടയ്ക്കിടെ പറയാറുണ്ട്.



സ്വയം ഏറ്റെടുത്ത ഈ അക്ഷര ദൗത്യം സാഹിത്യലോകത്തെ ആദരത്തിന് അദ്ദേഹത്തെ അർഹനാക്കി. മറ്റുള്ള എഴുത്തുകാരെ പ്രോത്സാഹിപ്പിക്കാതെ താൻ എഴുതുന്നതു മാത്രം നിരന്തരം മുന്നോട്ടു പ്രതിഷ്ഠിക്കുന്ന ചെറിയ എഴുത്തുകാരുടെ ലോകത്ത് സ്വന്തം കൃതികൾക്കൊപ്പം മറ്റുള്ള എല്ലാ എഴുത്തുകാരുടെയും കൃതികൾ താല്പര്യപൂർവം ചേർത്തുവെക്കുകയും അതിനൊപ്പം നിൽക്കുകയും ചെയ്യുക എന്ന വിശാലത പുന്നയൂർക്കുളത്തിനുണ്ട് എന്ന് ലാനയുടെ പ്രസിഡണ്ട് ശങ്കര മന പറഞ്ഞു. ഒക്ടോബർ 31 മുതൽ നവംബർ 2 വരെ ഡാളസിൽ വെച്ച് നടന്ന വാർഷിക സമ്മേളനത്തിൽ പുന്നയൂർക്കുളത്തിന്റെ ‘പറക്കും പക്ഷിയെ പ്രണയിക്കുന്നവർ’ എന്ന പുതിയ നോവൽ പ്രകാശനം ചെയ്തു.

# ബിഷപ് മാർ ജേക്കബ് അങ്ങാടിയത്തിന് മിഷൻ ലീഗിന്റെ ആദരം



ചിക്കാഗോ: മെത്രാഭിഷേകത്തിന്റെ രജതജൂബിലി നിറവിലായിരിക്കുന്ന സെന്റ് തോമസ് സീറോമലബാർ രൂപതയുടെ മുൻ അദ്ധ്യക്ഷനായ ബിഷപ് മാർ ജേക്കബ് അങ്ങാടിയത്തിന് ചെറുപുഷ്പ മിഷൻ ലീഗ് രൂപതാ സമിതി ആദരവുകൾ അർപ്പിച്ചു.

രൂപതാ വാർഷികത്തോടനുബന്ധിച്ച് ബിഷപ് മാർ ജോയി ആലപ്പാട്ടും

**സിജോയി പറപ്പള്ളിൽ**

മിഷൻ ലീഗ് രൂപതാ ഭാരവാഹികളും ചേർന്ന് ജേക്കബ് അങ്ങാടിയത്ത് പിതാവിനെ പൊന്നാട അണിയിച്ചു. മിഷൻ ലീഗ് രൂപതാ പ്രസിഡണ്ട് സിജോയി പറപ്പള്ളിൽ ബിഷപ് അങ്ങാടിയത്തിന് പൂച്ചെണ്ട് നല്കി മിഷൻ ലീഗ് കുടുംബത്തിന്റെ സ്നേഹവും ആദരവും അറിയിച്ചു.

മിഷൻ ലീഗ് രൂപതാ ഡയറക്ടർ റവ.ഡോ. ജോർജ് ദാനവേലിൽ, രൂപതാ ജനറൽ സെക്രട്ടറി ടിസൺ തോമസ്, ജോയിന്റ് ഡയറക്ടർ സിസ്റ്റർ ആഗ്നസ് മരിയാ എം.എസ്.എം.ഐ, അസി. ഡയറക്ടർ ഫാ. ബിൻസ് ചേത്തലിൽ, എക്സിക്യൂട്ടീവ് അംഗം ആൻറ്റോമി എന്നിവർ സന്നിഹിതരായിരുന്നു.

ചെറുപുഷ്പ മിഷൻ ലീഗ് സംഘടനയെ വളരെയധികം സ്നേഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത ബിഷപ് അങ്ങാടിയത്ത്, വടക്കെ അമേരിക്കയിൽ സംഘടനയുടെ ചിട്ടയായ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നതിന് നിർണായകമായ നേതൃത്വം നല്കി.

# ഫാ. ഗീവറുഗീസ് ജേക്കബ് ചാലിശ്ശേരി വൈദിക സെക്രട്ടറി

**വർഗീസ് പാലമലയിൽ**

വിർജീനിയ: നോർത്ത് അമേരിക്കൻ മലങ്കര അതിഭദ്രാസന വൈദിക അസോസിയേഷൻ സെക്രട്ടറിയായി റവ.ഫാദർ ഗീവറുഗീസ് ജേക്കബ് ചാലിശ്ശേരി തെരഞ്ഞെടുക്കപ്പെട്ടു.

യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ 36-ാമത് യൂത്ത് ആൻഡ് ഫാമിലി കോൺഫറൻസിനോട് അനുബന്ധിച്ച് വിർജീനിയയിൽ വെച്ച് നടന്ന വൈദികയോഗത്തിൽ വെച്ചാണ് അച്ചനെ തെരഞ്ഞെടുത്തത്. ന്യൂജേഴ്സി വാണാക്യു സെന്റ് ജെയിംസ് സിറിയൻ ഓർത്തഡോക്സ് പള്ളി വികാരി കൂടിയാണ് അദ്ദേഹം.




അമേരിക്കൻ അതിഭദ്രാസന സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, കൗൺസിൽ അംഗം എന്നീ നിലകളിൽ അച്ചൻ പ്രവർത്തിച്ചിട്ടുണ്ട്. അച്ചന് ലഭിച്ച പുതിയ നിയോഗമാണ് വൈദിക സെക്രട്ടറി പദവി. വന്ദ്യ ഗീവറുഗീസ് ചട്ടത്തിൽ കോർ എപ്പിസ്കോപ്പ, റവ.ഫാദർ ആകാശ് പോൾ, റവ.ഫാദർ എബി മാത്യു, റവ.ഫാദർ ഷെറിൽ മത്തായി, റവ.ഫാദർ മാർട്ടിൻ ബാബു എന്നിവരാണ് പുതിയ വൈദിക കൗൺസിൽ അംഗങ്ങൾ.

തൃശൂർ ഭദ്രാസനത്തിലെ ചാലിശ്ശേരി പള്ളി ഇടവകാംഗമായ ഗീവറുഗീസ് അച്ചൻ ബാഹ്യകേരള ഭദ്രാസനത്തിലെ വിവിധ പള്ളികളിൽ ശുശ്രൂഷ നിർവഹിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ട് പതിറ്റാണ്ടായി അമേരിക്കൻ ഭദ്രാസനത്തിൽ ശുശ്രൂഷ ചെയ്തുവരുന്നു.

തൃശൂർ ഭദ്രാസനത്തിലെ സീനിയർ വൈദികനായ വന്ദ്യ ജേക്കബ് ചാലിശ്ശേരിൽ കോർ എപ്പിസ്കോപ്പ അച്ചന്റെ പുത്രനാണ് ഗീവറുഗീസ് അച്ചൻ. അച്ചന്റെ ബസ്കിയാമ്മ ഷീജ ഗീവറുഗീസ് അങ്കമാലി ഭദ്രാസനത്തിലെ ദിവംഗതനായ കൈപ്രമ്പാട്ട് വന്ദ്യ ഏലിയാസ് കോർ എപ്പിസ്കോപ്പയുടെ പുത്രിയാണ്. അബിൻ, അജിൻ, ആരൺ എന്നിവർ മക്കളാണ്.

# ഹെവൻലി ട്രമ്പറ്റ് 2025 നവംബർ 29-ന് ഫിലാഡൽഫിയയിൽ




ഫിലാഡൽഫിയ: മാർത്തോമാ സഭയുടെ നോർത്ത് അമേരിക്കൻ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ സൗത്ത് ഈസ്റ്റ് റീജണൽ ആക്ടിവിറ്റി കമ്മിറ്റിയും സഭയുടെ സംഗീതവിഭാഗമായ ഡി.എസ്.എം.സി.യും സംയുക്തമായി നേതൃത്വം നല്കുന്ന ഹെവൻലി ട്രമ്പറ്റ് 2025 നവംബർ മാസം 29-ന് ശനിയാഴ്ച വൈകുന്നേരം 4 മുതൽ 7.30 വരെ പെൻസിൽവേനിയയിലെ മെൽറോസ് പാർക്കിൽ സ്ഥിതി ചെയ്യുന്ന OLD GRATZ കോളജ് ഓഡിറ്റോറിയത്തിൽ (7605 old York Rd, MelrosePark, PA

**സന്തോഷ് ഏബ്രഹാം**

19027) വെച്ച് നടത്തപ്പെടുന്നു.

ഹെവൻലി ട്രമ്പറ്റ് 2025 നോർത്ത് അമേരിക്കൻ ഭദ്രാസനത്തിന്റെ റീജിയനൽ തലത്തിലുള്ള രണ്ടാമത്തെ ക്രിസ്മസ് സംഗീത സായാഹ്നം ആണ്. ഭദ്രാസന അദ്ധ്യക്ഷൻ റൈറ്റ് റവ.ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ തിരുമേനിയുടെ മഹത്തായ ആശയമാണ് ഹെവൻലി ട്രമ്പറ്റ്. ക്രിസ്മസ് സന്ദേശം നല്കുന്നത് ആർച്ച് ഡയോസിസ് ഓഫ് ഫിലാഡൽഫിയ ഓക്സിലറി ബിഷപ്പായ കെയ്ത്ത് ജെയിംസ് ചിലിൻസ്കി (Keith James Chylinski). ഏകദേശം നൂറോളം ഗായക സംഘാംഗങ്ങൾ ഒരേ സ്വരത്തിലും ഒരേ ഈണത്തിലും പാടി ക്രിസ്തുവിന്റെ തിരുപ്പിറവിയെ വരവേൽക്കുവാൻ ഒരുങ്ങിക്കൊണ്ടിരിക്കുന്നു.

16 ഇടവകകളിൽ നിന്നും കോൺഗ്രിഗേഷനുകളിൽ നിന്നുമുള്ള അംഗങ്ങളാണ് പാട്ടു പരിശീലനം നടത്തുന്നത്. മുൻ ഡി.എസ്.എം.സി ഡയറക്ടറും ബോസ്റ്റൺ കാർമേൽ മാർത്തോമ്മാ ഇടവക വികാരിയുമായ റവ. ആശിഷ് തോമസ് ജോർജ് ഗായകസംഘത്തെ പരിശീലിപ്പിക്കുന്നു. അച്ചൻ മികച്ച ഗായകനും ഗാനരചയിതാവും ഗാനപരിശീലകനുമാണ്. സംഗീതം ജീവിതോപാസനയായി സ്വീകരിച്ചിരിക്കുന്ന അച്ചൻ ബോസ്റ്റണിൽ നിന്നും അനേകം കാതം സഞ്ചരിച്ചാണ് എല്ലാ ആഴ്ചയിലും ഫിലാഡൽഫിയയിലും ന്യൂജേഴ്സിയിലും എത്തി ഗാനപരിശീലനത്തിന് നേതൃത്വം നല്കുന്നത്.

അസൻഷൻ മാർത്തോമ്മാ ഇടവക വികാരി റവ. ജോജി എം. ജോർജ് വൈസ് പ്രസിഡണ്ടായും അനു സ്കറിയ സെക്രട്ടറിയായുമുള്ള സൗത്ത് ഈസ്റ്റ് റീജനൽ ആക്ടിവിറ്റി കമ്മിറ്റി വിജയകരമായ നടത്തിപ്പിനായി പ്രയത്നിച്ചുകൊണ്ടിരിക്കുന്നു. മറ്റ് കമ്മിറ്റി അംഗങ്ങൾ: ട്രസ്റ്റി-ബൈജു വർഗീസ്, അക്കൗണ്ടന്റ്-പി.ജി. തോമസ്, ബോർഡ് മെംബേഴ്സ്-ബിൻസി ജോൺ, ഡോ. ഏലിയാസ് ഏബ്രഹാം, ഡോ. മാത്യു ടി. തോമസ്, വത്സ മാത്യു, ജോസഫ് കുരുവിള, റെജി ജോസഫ്, ഷൈജു ചെറിയാൻ.




Joseph Mullappallil
Mortgage Broker/Owner
joemcitywide@gmail.com
773-908-8296



Jeremy Karedan
Mortgage Broker/Owner
jeremy@citywidema.com
773-202-2600

Citywide Mortgage of America Corp.
Servicing Illinois, Florida, California, and Indiana
We can provide you a PRE-APPROVAL IN MINUTES
Purchase
Jumbo Loan
Refinance
Cashout
WWW.CITYWIDEMA.COM
EQUAL HOUSING LENDER
Illinois Residential Mortgage Licensee

4323 W. Irving Park Unit 1B Chicago, IL 60641 | NMLS: 255253

Mullappallil Law Group



Shijo Mullappallil
Attorney at Law
smullapp23@gmail.com
Cell: 847-650-8241
General Practice including: Real Estate Law, Wills, Trust Estate Planning, and Contracts

# BIHAR ELECTIONS: INDIA’S DRIFT TOWARD ONE-PARTY HEGEMONY

George Abraham

Oh yes, the BJP won again! And if not for the sheer scale of its victory, there would have been nothing novel or particularly intriguing about these election results. So, what now? Are we heading toward a one-party domination of Indian politics, a situation where a single party holds significant power and influence over the political landscape? Are Modi and his colleagues executing a long-term script envisioned by the RSS from behind the scenes? And has the Congress been reduced to a political non-entity, especially in northern India? These questions are not frivolous, and they demand the nation’s serious attention.

Undoubtedly, the BJP’s sweeping victory in Bihar will be viewed as a watershed moment for the INDIA coalition, a diverse mix of the Congress and regional parties formed precisely to counter the BJP hegemony. The coalition, which was a significant attempt to unite various political forces against the BJP, had potential, but it struggled to realize it, plagued by internal rivalries and constant jockeying for leadership. The idea of the coalition was based on a sound argument: that the BJP often wins elections with only a plurality of votes. Yet the alliance failed to project a united front or a clear alternative.

Since the 2024 Lok Sabha elections, the opposition has found itself confronted byamammoth machinery, one that includes the full strength of the bureaucracy, an increasingly compliant Election Commission, supportive media ecosystems, and virtually unlimited resources from business magnates, electoral bonds, and vested interests. Combined with alleged voter-roll manipulation, which refers to the suspected tampering or removal of voter names from electoral rolls, accusations of EVM vulnerabilities, and selective enforcement of election rules, these forces appear to have contributed to sweeping victories in Haryana, Maharashtra, and now Bihar.

One wonders whether Nehru and Ambedkar, architects of India’s democratic institutions, could have imagined how far the Election Commission would drift under the current regime. Rahul Gandhi’s explosive revelations on electoral-roll irregularities were met not with alarm but with silence. Even though the data Gandhi cited came directly from the Commission itself, the EC chose not to meaningfully address the complaints or the threat they pose to electoral integrity. Such dismissiveness undermines the very fabric of India’s democratic system.

According to The Economic Times, the Bihar government under Nitish Kumar credited Rs. 10,000 each to around 14 million women belonging to self-help groups under the Mukhyamantri Mahila Rojgar Yojana (MMRY). These payments reportedly came just before, or even after, the Model Code of Conduct came into effect. Many analysts and opposition leaders believe this direct cash transfer functioned as a voter-influencing tool targeting a crucial demographic. Sharad Pawar of the NCP even called the payout a “threat to democracy,” arguing it unfairly tilted the electoral playing field toward the ruling coalition.

This raises another critical question: where did such a massive sum of money suddenly come from? Jan Suraaj leaders allege that World Bank–financed project



George Abraham

funds were diverted for this purpose, an accusation, if true, carrying serious governance, legal, and international implications. Even setting that aside, the BJP’s vast reservoir of financial resourcesor its access to billionaire networks, makes such electoral mobilizations easy to engineer. The result was a record-breaking turnout among women voters in Bihar. If misappropriation of multilateral funds is ultimately proven, it would demand a rigorous investigation.

Another deeply troubling issue concerns the large-scale removal of voters from the electoral rolls. Reliable reports indicate that around 65 lakh names were deleted prior to the election, potentially disenfranchising marginalized communities and altering outcomes in closely contested constituencies. While the ruling party defends this as a necessary “cleanup,” the unprecedented scale raises serious questions about voter suppression and public trust in the electoral system’s integrity.

Rahul Gandhi has further demonstrated, using official data, how “ghost voters” proliferate across rolls—names with invalid or nonexistent addresses, large clusters registered at single locations, and even foreign nationals inexplicably listed as Indian voters. These anomalies suggest either a breach of the central voter database or the misuse of authorized access. The existence of such ghost entries conveniently paves the way for manipulating outcomes, especially if combined with EVM systems that the Election Commission refuses to make fully transparent. The software on these machines is not open source, and multi-phase elections often involve long periods during which EVMs are stored without clear public access to CCTV footage that is sometimes destroyed prematurely. These conditions naturally erode public confidence.

The opposition, for its part, has not helped its own cause. Beyond opposing the BJP, it rarely projected a cohesive ideological narrative. It lacked a compelling alternative vision for development, economic growth, or social welfare. Internal factionalism, weak grassroots organization, and inconsistent messaging have all contributed to its decline. Meanwhile, the NDA’s disciplined focus on religious nationalism and welfare delivery has resonated more effectively with voters.

In northern India, the Congress has indeed been performing poorly in election after election. Its repeated “introspection” exercises have yielded little. Rahul Gandhi often appears as a lone voice, while many in his party remain disconnected from grassroots realities. It is past time for Congress to adopt serious organizational reforms, demand stronger electoral safeguards, such as paper ballots, and articulate an agenda and engage in a more sustained on the ground campaigning. At the very least, candidate selection must be merit-based, with tickets finalized at least six months in advance to give them any realistic chance of success.

Meanwhile, the long-term ideological agenda of the RSS is coming increasingly into focus. It appears less interested in preserving the diversity of India’s political ecosystem and more committed to reshaping the nation along lines of cultural and religious conformity. Weakening the independence of institutions such as the Election Commission, judiciary, and media seems central to that strategy, consolidating lasting political dominance.

It is a profound irony that a party’s rise to power through a fair, transparent, and democratic process can ultimately weaken the very (see page 34)

# ഐ. വർഗീസിന് കേരള അസോസിയേഷൻ ഓഫ് ഡാളസ് മീറ്റ് & ഗ്രീറ്റ് സംഘടിപ്പിച്ചു

അനശ്വരം മാമ്പിള്ളി

ഡാളസ്: 50 വർഷം പിന്നിടുന്ന കേരള അസോസിയേഷൻ ഓഫ് ഡാളസിന്റെ മുന്നണി പോരാളിയും സമാനതയില്ലാത്ത സംഘാടകനുമായ ഐ. വർഗീസിന് മീറ്റ് & ഗ്രീറ്റ് സംഘടിപ്പിച്ചു.

നവംബർ 16-ന് ഞായറാഴ്ച വൈകുന്നേരം 5.30-ന് ഐസിഇസി ഹാളിലാണ് പരിപാടി നടന്നത്. ഐ. വർഗീസിന്റെ വൈവിദ്ധ്യപരമായ പുരോഗമന ചിന്താഗതിയും ജനാധിപത്യ, മനുഷ്യത്വപരമായ അനുപമ നേതൃത്വവും അദ്ദേഹത്തെ സകലരുടെയും സ്നേഹാദരങ്ങൾക്ക് പാത്രമാക്കിത്തീർത്തു. ഇതെല്ലാം തന്നെ അസോസിയേഷന്റെ ഗുണകരമായ വളർച്ചയ്ക്ക് ഒരു കാരണമായിരുന്നു. പ്രക്ഷുബ്ധമായ സാഹചര്യങ്ങളോട് സംയമനത്തോടെ, നിഷ്പക്ഷതയോടെ സമീപിക്കുന്ന അദ്ദേഹം അമേരിക്കയിലെ കലാ-സാംസ്കാരിക സമന്വയത്തിന്റെയും സാമൂഹിക ലയനത്തിന്റെയും വിസ്മയകരമായ



സംഘടനയായി കേരള അസോസിയേഷൻ ഓഫ് ഡാളസിനെ ആക്കിത്തീർത്തു.

സണ്ണി ജേക്കബ്, പി.റ്റി. സെബാസ്റ്റ്യൻ, മുതിർന്ന മാധ്യമപ്രവർത്തകൻ പി.പി. ചെറിയാൻ, ബാബു മാത്യു, ജേക്കബ് സൈമൺ, ഐസിഇസി പ്രസിഡണ്ട് മാത്യു നൈനാൻ, ഐസിഇസി സെക്രട്ടറി തോമസ് ഈശോ, സിജു കൈനിക്കര, അസോസിയേഷൻ പ്രസിഡണ്ട് പ്രദീപ് നാഗനൂലിൽ, അസോസിയേഷൻ സെക്രട്ടറി മഞ്ജിത് കൈനിക്കര, സിജു വി. ജോർജ്, ടോമി കളത്തിൽവീട്ടിൽ, ബേബി കൊടുവത്ത്, അനശ്വരം മാമ്പിള്ളി തുടങ്ങിയവർ മാഞ്ഞുപോകാത്ത, മായിക്കുവാൻ കഴിയാത്ത ഓർമ്മകൾ പങ്കുവെച്ചു. സാഹിത്യകാരൻ ജോസ് ഓച്ചാലിൽ, ആൻസി ജോസ്, പൗലോസ്, ടോമി നെല്ലുവേലിൽ, കമ്മിറ്റി അംഗങ്ങളായ ഫ്രാൻസിസ് എ. തോട്ടത്തിൽ, ദീപക് നായർ, നേബു കുര്യാക്കോസ് തുടങ്ങി ഒട്ടേറെ പേർ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു. നിങ്ങളുടെ പിന്തുണയാണ് എന്റെ കരുത്ത്. നിങ്ങളുടെ സ്നേഹാദരങ്ങൾക്ക് നന്ദി. എന്നും നിങ്ങളിൽ ഒരാളായി കൂടെയുണ്ടാകും എന്നും ഐ വർഗീസ് നന്ദി പ്രകാശിപ്പിച്ചു.

# നന്ദിയിലൂടെ നന്മയുടെ ഒഴുക്ക്

ഏലിയാമ്മ ലൂക്കോസ്

പാട്ടുകാരൻ പാടുന്നു: 'നന്ദി ചൊല്ലിത്തീർപ്പാൻ നാവുകൾ പോരല്ലോ.' സത്യമല്ലേ? നമ്മുടെ ദൈവം നമുക്കു ചെയ്യുന്ന നന്മയുടെ അളവ് വളരെയാണ്. നവംബർ മാസത്തിൽ താങ്ക്സ് ഗിവിംഗ് ഡേ ആഘോഷിക്കുന്നു. അമേരിക്കയിൽ മാത്രമല്ല മറ്റു ചില ദേശങ്ങളിലും ആഘോഷിക്കുന്നുണ്ട്. ഏതൊരു ദൈവഭക്തന്റെയും നാവിൽ എപ്പോഴും സ്തുതിസ്തോത്രങ്ങളുടെ ശബ്ദമുണ്ട്. ഇന്നാട്ടിൽ ചെറിയ കാര്യങ്ങൾക്കുപോലും അന്യോന്യം നന്ദി പറയുന്നു. മറ്റു പല ദേശങ്ങളിലും അതില്ല. നാം മലയാളികൾ മാതാപിതാക്കൾ സഹോദരീസഹോദരന്മാർക്ക് നന്ദി പറയാറില്ല. അവർ ചെയ്യുന്നതെല്ലാം അവരുടെ കടപ്പാടാണെന്നു നാം കരുതുന്നു. മക്കളോട് എങ്ങനെ നന്ദി പറയുമെന്നു ചിന്തിക്കുന്ന മാതാപിതാക്കളുണ്ട്. ഒരു നന്ദിവാക്ക് പലപ്പോഴും നമുക്കൊരു തണുപ്പേകാറുണ്ടല്ലോ. അതിനാൽ, ആരും ശങ്കിക്കേണ്ട, ആർക്കും നാം നന്ദി പറയാം. അത് അധികപ്പറ്റാകുകയില്ല. അത് ഒരു മര്യാദയാണ്. നാമത് മാതൃകയാക്കണം.

വിശുദ്ധ ബൈബിളിൽ അത്ഭുതമന്ത്രിയെന്നു വിശേഷിപ്പിച്ചിരിക്കുന്ന യേശുതമ്പുരാൻ അനേക അത്ഭുതങ്ങൾ ചെയ്തിട്ടുണ്ട്. പച്ചവെള്ളത്തെ വീഞ്ഞാക്കിയതു തുടങ്ങി അഞ്ച് അപ്പം കൊണ്ട് അയ്യായിരത്തിലധികം പേരെ തീറ്റിയതും മരിച്ചവരെ ഉയിർപ്പിച്ചതും കുഷ്ഠരോഗികളെയും പക്ഷവാതക്കാരനെയും കൂനിയായ സ്ത്രീയെ വിടുവിച്ചതും രക്തസ്രാവമുള്ള സ്ത്രീയെ സൗഖ്യമാക്കിയതുമൊക്കെ നമുക്കു കാണാൻ കഴിയും. എല്ലാവരും നന്ദി പറഞ്ഞുവോ എന്തോ? എന്നാൽ പത്ത് കുഷ്ഠരോഗികളെ സൗഖ്യമാക്കിയതിൽ ശമര്യാക്കാരനായ കുഷ്ഠരോഗി യേശുവിന്റെ അടുക്കൽ വന്ന് നന്ദി പറഞ്ഞത് എടുത്തെഴുതിയിരിക്കുന്നു. പത്ത് പേർ ശുദ്ധരായില്ലയോ? ബാക്കി ഒമ്പതുപേർ എവിടെ എന്നചോദ്യം അർത്ഥവത്താണ്. ഈ പത്തു പേർക്കും ഒരേ സൗഖ്യമാണ് ലഭിച്ചത്. യഹൂദനല്ലാത്ത പുറജാതിക്കാരൻ അഥവാ ശമര്യാക്കാരൻ മാത്രം യേശുവിന്റെ കാൽക്കൽ വീണ് നന്ദി പറഞ്ഞു. യേശു അവനെ പുകഴ്ത്തി. നാമും പലപ്പോഴും ചെയ്യേണ്ടതു ചെയ്യാത്തവരും നമുക്കു ലഭിക്കേണ്ടതു ലഭിക്കാത്തവരുമാണ്.

നാം താങ്ക്സ് ഗിവിംഗ് ഡേ കൊണ്ടാടുന്നത് എന്തുകൊണ്ട്? ഇംഗ്ലണ്ടിൽ നിന്നു കടന്നുവന്ന പരദേശികളായ പിതാക്കളെ ഓർത്തുകൊണ്ട് അവർ നടത്തിയ പ്രാർത്ഥനയും കാർഷിക നന്മയും മനസ്സിലാക്കി ദൈവത്തിനു നന്ദി പറയുകയാണ്. ഇത് ഒരു ചെറിയ കാര്യമല്ല. ദൈവത്തിനു കൊടുക്കുമ്പോൾ ദൈവം അമർത്തി കുലുക്കി കൊടുക്കുമെന്നതിന് ഒരു നല്ല ഉദാഹരണമാണ് അമേരിക്ക. ലോകത്തിലെ ഏറ്റവും വലിയ ഒരു രാജ്യമായി അമേരിക്ക മാറിയില്ലയോ? സമ്പൽസമൃദ്ധിയുടെ ഒരു നാടാണ് അമേരിക്ക. വാസ്തവത്തിൽ ഭൂമിയിലെ സ്വർഗ്ഗം തന്നെയാണ് നമ്മുടെ പ്രിയപ്പെട്ട നാട്. അനേക ദുഷ്ടശക്തികൾ ഈ നാടിനെ നശിപ്പിക്കാൻ ശ്രമിക്കുന്നെങ്കിലും ദൈവത്തിന്റെ സൂക്ഷിപ്പും കാവലും നമുക്കുണ്ട്. നാം അന്യോന്യം സ്നേഹിക്കുന്നതുപോലെ അന്യോന്യം നന്ദിയുള്ളവരും ആയിരിക്കേണം. അനേക



ലേഖകൻ

നന്ദികെട്ടവർ നമ്മുടെ ചുറ്റുമുണ്ട്. അവർക്ക് അധികം നന്മ ലഭിക്കാൻ പോകുന്നില്ല. കേരളത്തിൽനിന്ന് കടന്നുവന്ന ഞാൻ ജോലിക്കുവേണ്ടി ഓടിനടന്നിട്ടുണ്ട്. അന്നെന്നെ സഹായിച്ചവരെ ഞാൻ ഒരിക്കലും മറക്കുകയില്ല. പലർക്കും ജോലി ലഭിക്കാൻ ഞാനും കാരണമായിട്ടുണ്ട്. അനേകർക്കും ലഭിച്ചിട്ടുമുണ്ട്. പലരും അതിനോട് നന്ദിയുള്ളവരാണ്. എന്നെ കാണുമ്പോൾ അവർ ഓടിവരുന്നതു കാണുമ്പോൾ എന്റെ ഹൃദയം സന്തോഷിക്കും. എന്റെ ഒരു കൂട്ടുകാരിക്കുവേണ്ടി ഞാൻ വളരെ കഷ്ടപ്പെട്ടു. എനിക്കു ജോലി ലഭിച്ചിടത്ത് അവളെയും ആക്കുവാൻ ദൈവം എനിക്കു കൃപ നല്കി. എന്നേക്കാൾ വലിയവളാകാൻ ആഗ്രഹിച്ചു. ഒരു നല്ല സ്ഥാപനത്തിൽ ആ കൂട്ടുകാരി ജോലി സമ്പാദിച്ചു. ഞാനതറിഞ്ഞപ്പോൾ ഞാൻ കരഞ്ഞുപോയി. അധികം താമസിയാതെ ദൈവം എന്നെ ആ സ്ഥാപനത്തിലാക്കി. ആ സഹോദരിക്ക് വളരെ പെട്ടെന്നു പുറത്താകേണ്ടി വന്നു. ഞാനോ ദീർഘനാൾ അവിടെ തുടരുകയും നല്ലൊരു യാത്രയയപ്പ് പ്രാപിക്കുകയും ചെയ്തു. ഹൃദയങ്ങളെ അറിയുന്ന ദൈവം നമ്മെ വഴിനടത്തും. നന്ദിയുള്ളവരായി സ്നേഹമുള്ളവരായി മുന്നോട്ടു നീങ്ങുന്നത് ശ്രേഷ്ഠമാണ്.

വിശുദ്ധ പൗലോസ് പറയുന്നു: 'എപ്പോഴും നന്ദിയുള്ളവരായിരിപ്പിൻ. എപ്പോഴും സ്തോത്രം ചെയ്യുവിൻ.' സ്തോത്രം നന്ദിയുള്ള ഹൃദയത്തിൽ നിന്നു മാത്രമേ പുറപ്പെടൂ. സ്തോത്രമെന്ന യാഗം അർപ്പിക്കുന്നവൻ യഹോവയെ മഹത്വപ്പെടുത്തുന്നു. സ്തോത്രയാഗം അർപ്പിച്ചവരുടെ ജീവിതത്തിൽ, ഹല്ലേലുയ്യാ പാടിയവരുടെ ജീവിതത്തിലുണ്ടായ നന്മകൾ വർണ്ണിപ്പാൻ സമയമില്ല. ആന ആക്രമിക്കാൻ ചെന്നപ്പോൾ ഉറക്കെ ഹല്ലേലുയ്യ പറഞ്ഞപ്പോൾ ആന ഓടിപ്പോയ അനുഭവം കേട്ടിട്ടുണ്ട്. 13 അടി വെള്ളമുണ്ടായിരുന്ന കിണറ്റിൽ വീണ കുട്ടി സ്തോത്രം പറഞ്ഞപ്പോൾ ആ വെള്ളം മുഴുവൻ വറ്റിപ്പോയി ചെളിയിൽ കാലുകുത്തി നിൽക്കുവാൻ കഴിഞ്ഞ സംഭവം വായിച്ചിട്ടുണ്ട്. നിശ്ചയമായും ദൈവത്തെ സ്തുതിക്കുമ്പോൾ, നന്ദി പറയുമ്പോൾ നന്മയുണ്ടാകും; അത്ഭുതങ്ങൾ നടക്കും.

യേശു പറയുന്നു: നിങ്ങളോ ശത്രുക്കളെ സ്നേഹിപ്പിൻ. അവർക്ക് നന്മ ചെയ്യുവിൻ. ദൈവം നന്ദികെട്ടവരോടും ദുഷ്ടന്മാരോടും ദയാലുവല്ലോ. (ലൂക്ക് 6: 35) ദൈവത്തിനു നന്ദി പറയാത്തവർ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീരും. അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി. ഭക്തന്മാർ സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീയഗീതങ്ങളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധി ഉപദേശിച്ചും നന്ദിയോടെ ദൈവത്തിനു പാടിയും സ്തോത്രം ചെയ്തും പിതാവായ ദൈവത്തെ മഹത്വപ്പെടുത്തുന്നു. ഈ ലോകം നശ്വരമാണ്. അനശ്വരമായ ഒരു നാടിനു വേണ്ടി, ഈ രാജ്യത്തിനു വേണ്ടി കാത്തിരിക്കുന്നവർ ദൈവത്തോട് നന്ദിയുള്ളവരായി അവനു പ്രസാദം വരുമാറ് ഭക്തിയോടും ഭയത്തോടും ദൈവസേവ ചെയ്യണം. എണ്ണമില്ലാത്ത കൃപകൾ ദൈവത്തിൽ നിന്നു അനുഭവിക്കുന്ന നാം നന്ദിയോടെ ദൈവത്തെ സ്തുതിക്കാം. ഈ താങ്ക്സ് ഗിവിംഗ് ഡേ അനേകർക്ക് ആവോളം നന്മ ചെയ്തു കൊണ്ട് നമുക്ക് ആഘോഷിക്കാം. എല്ലാവർക്കും നന്മ നേരുന്നു.



# നാം നന്ദിയുള്ളവരാകുന്നുവോ?

**എൽസി ബേബി**

ആരെങ്കിലും നമുക്കൊരു ഉപകാരം ചെയ്താൽ നാം അവരോട് നന്ദി രേഖപ്പെടുത്താറുണ്ട്. മിക്കവാറും ചിലനാൾ കഴിയുമ്പോൾ നാം അതു മറന്നുപോകയാണ് പതിവ്. അതേസമയം സദാ സർവ്വതാ നന്ദിയുള്ള ഒരു ഹൃദയമല്ലേ നമുക്കോരോരുത്തർക്കും വേണ്ടത്. നാം തമ്മിൽ തമ്മിൽ നന്ദിയുള്ളവരായിരിക്കുക. എല്ലാറ്റിലും ഉപരിയായി നമ്മെ സൃഷ്ടിച്ചു പരിപാലിച്ചു പോറ്റിപ്പുലർത്തുന്ന ദൈവംതമ്പുരാനോട് നാം എത്ര നന്ദിയുള്ളവരായിരിക്കണം. നാം ശ്വസിക്കുന്ന ഓരോ ശ്വാസവും എത്ര വിലയേറിയതാകുന്നു എന്നു മനസ്സിലായാൽ മാത്രമേ നമ്മേ ജീവനോടെ ജീവിക്കുവാൻ ധാരാളമായി സ്വാതന്ത്ര്യമായി ഒരു വിലയും കൊടുക്കാതെ ശ്വസിക്കുന്ന ശ്വാസം അഥവാ ഓക്സിജൻ നല്കുന്ന ദൈവംതമ്പുരാനോട് നാം എത്ര നന്ദിയുള്ളവരായിരിക്കണം. അതുപോലെതന്നെ നമ്മുടെ മാതാപിതാക്കളോടും സഹോദരങ്ങളോടും മക്കളോടും ബന്ധുമിത്രാദികളോടുമെല്ലാം നാം നന്ദിയുള്ളവരായിരിക്കേണ്ടതല്ലേ? അവർ ആരുമില്ലാതെ നാം ഏകാന്തരായി കഴിയേണ്ടിവന്നാലുള്ള അവസ്ഥ ഒന്നു ചിന്തിച്ചു നോക്കുക. നാം പലപ്പോഴും അതൊന്നും ചിന്തിക്കാതെയല്ലേ ജീവിക്കുന്നത്? നമ്മുടെ ശരീരത്തെക്കുറിച്ച് ഒന്നു ചിന്തിച്ചുനോക്കൂ. എത്ര അത്ഭുതകരമായിട്ടാണ് ദൈവം നമ്മേ സൃഷ്ടിച്ചിരിക്കുന്നതെന്നു ചിന്തിച്ചിട്ടുണ്ടോ? ഒരു നിമിഷംപോലും തെറ്റാതെ സ്പന്ദിച്ചു കൊണ്ടിരിക്കുന്ന ഹൃദയം എത്ര ഗ്യാലൻ രക്തമാണ് മൈലുകളോളം നീളമുള്ള രക്തക്കുഴലുകളിലൂടെ ശരീരഭാഗങ്ങളിൽ ശുദ്ധരക്തം എത്തിച്ച് അവിടെനിന്നും അശുദ്ധരക്തം വേർതിരിച്ച് അത് ശുദ്ധീകരിച്ച് താളം തെറ്റാതെ യാതൊരു തടസ്സവുമില്ലാതെ തുടർന്നു കൊണ്ടിരിക്കുന്നു. രക്തഓട്ടത്തിന്റെ അത്ഭുതകരമായ പ്രവൃത്തിമൂലമാണ്



ലേഖിക

നാം ജീവിക്കുന്നതെന്നോർക്കുമ്പോൾ അതിനു കാരണഭൂതനായ നമ്മുടെ സൃഷ്ടികർത്താവിനോട് എത്ര നന്ദിയുള്ളവരായിരിക്കേണം എന്നു ചിന്തിക്കാറുണ്ടോ? അതോടൊപ്പം പ്രവർത്തിക്കുന്ന ശ്വാസകോശം, മസ്തിഷ്കം ഇവയൊന്നും വർണ്ണിക്കേണ്ടതില്ലല്ലോ. നമ്മുടെ ഓരോ അവയവങ്ങളും അതാതിന്റെ സ്ഥാനങ്ങളിൽ സ്ഥാപിച്ച് വിഘ്നം കൂടാതെ പ്രവർത്തിക്കുന്ന ശരീരശാസ്ത്രം നാം പഠിച്ചിട്ടുണ്ടല്ലോ. നാം അതൊക്കെ ഓർക്കാറുണ്ടോ? എത്ര നന്ദി പറഞ്ഞാൽ മതിയാകും.

നാം കാണുന്ന പ്രപഞ്ചം നോക്കുക. വാനശാസ്ത്രം പഠിച്ചാൽ സൂര്യൻ, ചന്ദ്രൻ, കോടാനുകോടി നക്ഷത്രങ്ങൾ, ആകാശവിതാനങ്ങൾ ഇവയെ അതാതു സ്ഥാനങ്ങളിൽ നിർത്തി പ്രവർത്തിക്കുന്ന അദൃശ്യശക്തിയെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ? ഇത്രയൊക്കെ എഴുതാൻ കാരണം പാശ്ചാത്യരാജ്യങ്ങളിലൊക്കെ ആണ്ടിലൊരിക്കൽ താങ്ക് ഗിവിംഗ് എന്ന പേരിൽ തിന്നുകുടിച്ച് ആഘോഷിക്കുന്ന ഒരു രീതിയുണ്ട്. നവംബർ മാസത്തിന്റെ അവസാന വ്യാഴാഴ്ചയാണ് ആ ശുഭദിനം. അതിനുള്ള പ്രധാന കാരണം നാം പലപ്പോഴും ചിന്തിച്ചിട്ടുള്ളതാണല്ലോ. ചില നൂറ്റാണ്ടുകൾക്കു മുമ്പ് പരദേശികളായി അമേരിക്കയിലെത്തിയ ചില പരദേശികൾ കാടുകളിൽ താമസിച്ച് കാട്ടുകിഴങ്ങുകളും ഫലങ്ങളും ഭക്ഷിച്ചു കാലം പോക്കി. തുടർന്ന് കൃഷി ചെയ്ത് ചോളം, മത്തങ്ങ, മധുരക്കിഴങ്ങ്, ടർക്കി കോഴി എന്നിവ പാകംചെയ്ത് വയറു നിറയെ ഭക്ഷിച്ച് തൃപ്തരായി സ്വർഗ്ഗത്തിലെ ദൈവത്തിനു നന്ദി പറഞ്ഞു പാടി സ്തുതിച്ച് ആരാധിച്ചു സന്തോഷിച്ചതിന്റെ പ്രതീകമായിട്ടാണ് ആണ്ടുതോറും ആഘോഷിക്കുന്ന താങ്ക്സ് ഗിവിംഗ് എന്ന ആഘോഷം. ഇന്ന് അത് എങ്ങനെയാണ് ആഘോഷിക്കുന്നത്? ടർക്കി കോഴിയും അതിനോടു ചേർന്ന് പല വിഭവങ്ങളും ധാരാളം പാകം ചെയ്തു ഭക്ഷിച്ചും പാനം ചെയ്തും ബാക്കിവരുന്നവ ചവറ്റുകൊട്ടയിൽ കളയുമ്പോൾ എത്രത്തോളം നന്ദിയുള്ളവരായിരിക്കും എന്ന് ഊഹിക്കാമല്ലോ.

നമ്മുടെ ഓരോ ആഘോഷങ്ങളിലും ഉത്സവങ്ങളിലും അവയുടേതായ ചരിത്രങ്ങളും ഐതിഹ്യങ്ങളും ഉണ്ടെങ്കിലും കാലങ്ങളും പരിഷ്കാരങ്ങളും സംസ്കാരങ്ങളും പുരോഗമിക്കുന്തോറും അവയുടെ അടിസ്ഥാന സത്യങ്ങൾക്കു വിലയില്ലാതായിപ്പോയിട്ടില്ലേ? ഒരു ഹിതപരിശോധനയ്ക്കായി മാത്രമാണ് ഇത്രയും എഴുതിയത്. നാം എപ്പോഴും നാൾതോറും നിമിഷംതോറും നന്ദിയുള്ളവരായിരിക്കാം. ആണ്ടിലൊരിക്കൽ ആഘോഷമായിട്ടല്ല, ദിനംതോറും ഹൃദയം നിറഞ്ഞു കവിയുന്ന നന്ദിസൂചകമായി അതിനിർഹനായ സ്വർഗ്ഗസ്ഥ പിതാവിന് നന്ദിനിറഞ്ഞ ഹൃദയത്തിൽനിന്നും ഉയരുന്ന സ്തുതിസ്തോത്രങ്ങൾ അർപ്പിക്കുമ്പോൾ ലഭിക്കുന്ന സംതൃപ്തിയും സന്തോഷവും നാം ഊഹിക്കുന്നതിനേക്കാൾ അധികം അനുഗ്രഹകരമായിരിക്കും. സംശയമില്ല.

മാത്രമല്ല, നമ്മുടെ സമൃദ്ധിയിൽനിന്നും അതില്ലാതെ കഷ്ടപ്പെടുന്നവർക്കു പങ്കുവെക്കുവാൻ നല്ല ഒരു മനസ്സുണ്ടെങ്കിൽ അതിലൂടെ ലഭിക്കുന്ന സന്തോഷവും സമൃദ്ധിയും അനുഗ്രഹങ്ങളും വിലയേറിയതായിരിക്കും എന്നോർക്കുക. നമ്മുടെ അല്പമായ സഹായം ലഭിക്കുമ്പോഴുണ്ടാകുന്ന സന്തോഷവും നന്ദിയും ആ പാവപ്പെട്ടവൻ നമുക്കൊപ്പം നന്ദി രേഖപ്പെടുത്തുമ്പോൾ സ്വർഗ്ഗം സന്തോഷിക്കുന്നു. അതാകുന്നു യഥാർത്ഥ താങ്ക്സ് ഗിവിംഗ്.

# മലയാളി ദമ്പതികൾക്ക് ഇസ്രയേലിൽനിന്ന് പിഎച്ച്ഡി

കോട്ടയം: ഇസ്രയേലിലെ അരിയേൽ സർവകലാശാലയിൽനിന്നു മലയാളി ദമ്പതികൾക്ക് ഒരേസമയം പിഎച്ച്ഡി ലഭിച്ചു. അലൻ സാം തോമസിനു കെമിക്കൽ എഞ്ചിനീയറിങ്ങിലും ഭാര്യ അനീന ലാലിനു രസതന്ത്രത്തിലുമാണു പിഎച്ച്ഡി ലഭിച്ചത്.

പാമ്പാടി എള്ളുകാലായിൽ എ.എസ്. തോമസിന്റെയും ലൈസാമ്മ തോമസിന്റെയും മകനാണ് അലൻ.

ആലപ്പുഴ പൂങ്കാവ് പാലിയത്തറ വീട്ടിൽ ലാലു ജോസിന്റെയും ജാൻസി ലാലുവിന്റെയും മകളാണ് അനീന. ഇരുവരും ജറുസലം ഹീബ്രു യൂണിവേഴ്സിറ്റിയിൽ പോസ്റ്റ് ഡോക്ടറൽ ഗവേഷകരാണ്.

# ഡിട്രോയിറ്റിൽ സീറോമലബാർ കൺവൻഷൻ കിക്കോഫ് വിജയകരം

**ബീനാ വള്ളിക്കളം**

ചിക്കാഗോ: 2026 ജൂലൈ 9 മുതൽ 12 വരെ ചിക്കാഗോയിലെ ചരിത്രപ്രസ്തമായ മക്കോർമിക് പ്ലേസിൽ നടക്കുന്ന സീറോമലബാർ കൺവൻഷന്റെ രജിസ്ട്രേഷൻ കിക്കോഫ് ഡിട്രോയിറ്റിലെ സെന്റ് തോമസ് പള്ളിയിൽ നവംബർ 16-ന് നടത്തുകയുണ്ടായി. കൺവൻഷൻ രജിസ്ട്രേഷൻ കിക്കോഫിനായി കത്തീഡ്രൽ ഇടവക അസി. വികാരി ഫാ. യൂജിൻ ജോസഫിനോടൊപ്പം പബ്ലിസിറ്റി & മാർക്കറ്റിംഗ് ചെയർ സജി വർഗീസ്, കോ-ഓർഡിനേറ്റർമാരായ സന്തോഷ് കാട്ടൂക്കാരൻ, ജിതേഷ് ചുങ്കത്ത്, റോമിയോ കാട്ടൂക്കാരൻ, ബിജോയ് തോമസ് എന്നിവരും എത്തിയിരുന്നു. ഫാ. യൂജിൻ ഏവരെയും കൺവൻഷനിൽ പങ്കുചേരാനായി ക്ഷണിച്ചു.

കൺവൻഷന്റെ ഇടവകയിൽ നിന്നുള്ള പ്രതിനിധികളായ ബൈജി ജോസഫ്, കുഞ്ഞച്ചൻ മണലേൽ, സൈജൻ കണിയോടിക്കൽ, ബ്രിജിഡ് ജേക്കബ്, ആൻ മസ്കരേനാസ്, ട്രസ്റ്റിമാരായ ജോസ് ഫിലിപ്പ്, ജയ്മോൻ ജേക്കബ്, ക്രിസ് മുഴയിൽ എന്നിവർ കിക്കോഫ് മനോഹരമാക്കുവാൻ നേതൃത്വം നല്കി. സജി വർഗീസ് കൺവൻഷന്റെ വിവിധ വശങ്ങളെക്കുറിച്ച് പ്രതിപാദിച്ചു. കൺവൻഷന്റെ വിജയത്തിനായി ഇടവകയുടെ പരിപൂർണ്ണ പിന്തുണ വികാരി ഫാ. വിൽസൺ കണ്ടങ്കരി ഉറപ്പു നല്കി.





കൺവൻഷനോടൊപ്പം രൂപതയുടെ ആദ്യ ഇടയനായ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക ജൂബിലിയും കൊണ്ടാടുന്നു. അമേരിക്കയിൽ എല്ലായിടത്തുമുള്ള സീറോമലബാർ വിശ്വാസികളെ ഒരു കുടക്കീഴിൽ ഒന്നിച്ചു ചേർക്കുന്ന ഈ മഹാസമ്മേളനം, കടലുകൾക്കിപ്പുറവും വിശ്വാസവും സംസ്കാരവും ഹൃദയത്തിൽ ചേർത്തു നിർത്തുന്ന ഏവർക്കും ഒന്നിച്ചു ചേരാനും പരസ്പര സ്നേഹം പങ്കുവെക്കാനും വിശ്വാസപ്രഘോഷണം നടത്തുവാനുമുള്ള ഒരു അവസരമായിരിക്കും. നാല് ദിവസങ്ങളിലായി നടത്തുന്ന ഈ കൺവൻഷനിൽ ദിവസേനയുള്ള വിശുദ്ധ കുർബാന, ആരാധന എന്നിവയോടൊപ്പം വിദഗ്ദ്ധർ നയിക്കുന്ന ക്ലാസുകളും ബിസിനസ് മീറ്റുകളും വിവിധ സംഘടനകളുടെ കൂട്ടായ്മകളും നാളിതുവരെ ഇടവകയെ നയിച്ചവർക്കുള്ള ആദരവും വൈവിധ്യമാർന്ന കലാപരിപാടികളും യുവജനങ്ങൾക്കു പ്രത്യേക പരിപാടികളും ഒരുക്കിയിരിക്കുന്നു. രൂപതാദ്ധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് എല്ലാ വിശ്വാസികളെയും ഈ കൂട്ടായ്മയിലേക്ക് ക്ഷണിക്കുന്നു.

രൂപതയിലെ എല്ലാ പള്ളികളിലെയും കൺവൻഷൻ പ്രതിനിധികളോട് ചേർന്ന് രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ നടത്തുവാനുള്ള സംവിധാനത്തിന്റെ ഭാഗമായി കൺവൻഷൻ പ്രതിനിധികൾ ഇടവക സന്ദർശനം നടത്തിവരുന്നു. വിവരങ്ങൾ പങ്കുവെക്കുക വഴി കൺവൻഷൻ രജിസ്ട്രേഷൻ എളുപ്പമാക്കുകയും കൂടുതൽ വിശ്വാസികളെ ഈ മഹാകൂട്ടായ്മയിൽ പങ്കുചേർക്കാൻ കഴിയുകയും ചെയ്യുമെന്ന് ടീം വിശ്വസിക്കുന്നു. ഡിട്രോയിറ്റ് ഇടവകയിലെ വികാരിയച്ചന്റെയും ഇടവകാംഗങ്ങളുടെയും വളരെ ഹൃദ്യമായ സ്വീകരണത്തിനും സഹകരണത്തിനും കൺവൻഷൻ ടീം പ്രത്യേകം നന്ദി അറിയിച്ചു. 20-ൽപ്പരം രജിസ്ട്രേഷനുകൾ ഇടവകാംഗങ്ങൾ കൺവൻഷൻ ടീമിനു കൈമാറി. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും www.syroConvention.org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

# മെഡിക്കൽ കോളജുകൾക്ക് പുതിയ മാർഗനിർദേശങ്ങൾ

ന്യൂഡൽഹി: ഡൽഹി സ്ഫോടനവുമായി ബന്ധപ്പെട്ട് നിരവധി ഡോക്ടർമാർ അറസ്റ്റിലായ സാഹചര്യത്തിൽ രാജ്യത്തുടനീളമുള്ള മെഡിക്കൽ സ്ഥാപനങ്ങൾക്കും പ്രാക്ടീഷണർമാർക്കും പുതിയ മാർഗനിർദേശങ്ങൾ നല്കാൻ തയ്യാറെടുത്ത് ദേശീയ മെഡിക്കൽ കമ്മീഷൻ (എൻ.എം.സി), ജോലിസ്ഥലത്തെ ദേശവിരുദ്ധ പ്രവർത്തനങ്ങളിൽനിന്നു വിട്ടുനില്ക്കാനും സാമൂഹിക ഉത്തരവാദിത്വങ്ങൾ നിലനിർത്തുവാനുമുള്ള നിർദ്ദേശങ്ങളായിരിക്കും പുറപ്പെടുവിക്കുക. എത്തിക്സ് ആൻഡ് മെഡിക്കൽ രജിസ്ട്രേഷൻ ബോർഡ് മാർഗരേഖ തയ്യാറാക്കുന്നുണ്ടെന്നും എല്ലാ മെഡിക്കൽ സ്ഥാപനങ്ങളിലേക്കും അത് അയയ്ക്കുമെന്നും എൻ.എം.സി ഉദ്യോഗസ്ഥർ പറഞ്ഞു.

ഔദ്യോഗികമായ കടമകൾ, ദേശീയ ആരോഗ്യ മുൻഗണനകൾ, മെഡിക്കൽ ക്യാമ്പസുകളിലെ പെരുമാറ്റ രീതികൾ എന്നിവയ്ക്കു മാർഗ്ഗരേഖ അടിവരയിടും. ഡൽഹി സ്ഫോടനത്തിനു പിന്നിൽ പ്രവർത്തിച്ച ജെയ്ഷെ മുഹമ്മദ് എന്ന ഭീകരസംഘടനയുമായി ബന്ധമുണ്ടെന്ന് ആരോപിച്ച് അൽ ഫലാ സർവകലാശാലയിലെ നിരവധി ഡോക്ടർമാർ പിടിയിലായിരുന്നു.

ദേശീയതലത്തിൽ ഇതു സംബന്ധിച്ച അന്വേഷണം ഊർജിതമായി നടക്കുകയാണ്. അന്വേഷണസംഘത്തിന്റെ കണ്ടെത്തലുകളെ ആശ്രയിച്ചായിരിക്കും അൽ ഫലാ മെഡിക്കൽ കോളജിന്റെ ഭാവിയെന്ന് മുതിർന്ന എൻ.എം.സി ഉദ്യോഗസ്ഥൻ മാധ്യമങ്ങളോട് പറഞ്ഞു. ഹരിയാന സർക്കാരിന്റെ തീരുമാനത്തെയും കേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ അന്തിമതീരുമാനമെടുക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഹരിയാന സ്റ്റേറ്റ് യൂണിവേഴ്സിറ്റി ആക്ടിനു കീഴിലാണ് അൽ ഫലാ സർവകലാശാല പ്രവർത്തിക്കുന്നത്. മെഡിക്കൽ കോഴ്സിനു പുറമെ നിരവധി നോൺ മെഡിക്കൽ കോഴ്സുകളും സർവകലാശാല വാഗ്ദാനം ചെയ്യുന്നു. ഇവരുടെ മെഡിക്കൽ കോളജ് പദവി സംബന്ധിച്ച് സംസ്ഥാന സർക്കാർ തീരുമാനമെടുക്കും. എന്തുതന്നെയായാലും വിദ്യാർത്ഥികളുടെ അക്കാദമിക് ഭാവി അപകടത്തിലാകില്ലെന്ന് എൻ.എം.സി. ഉറപ്പ് നല്കുന്നുണ്ട്.

രാജ്യത്തെ നടുക്കിയ ഡൽഹി ഭീകരാക്രമണത്തിലെ പ്രധാന പ്രതികൾ, വൈറ്റ് കോളർ ഭീകര കേന്ദ്രം, അൽ ഫലാ യൂണിവേഴ്സിറ്റിയിലെ ഡോക്ടർമാരാണെന്നും ഇവിടം കേന്ദ്രീകരിച്ചാണ് ഭീകരപ്രവർത്തനം നടത്തിയതെന്നും കണ്ടെത്തിയതിനെത്തുടർന്ന് സർവകലാശാല അടച്ചുപൂട്ടൽ നടപടികളിലേക്കു നീങ്ങുമോ എന്നാണ് വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ആശങ്ക. സർവകലാശാലയിൽ നിന്ന് വിദ്യാർത്ഥികൾ കൂട്ടത്തോടെ മടങ്ങുകയാണെന്നും നിരവധി അദ്ധ്യാപകരും അനദ്ധ്യാപകരും അവധിയിലാണെന്നും റിപ്പോർട്ടുകളുണ്ട്. അൽ ഫലാ ഗ്രൂപ്പ് ചെയർമാൻ ജാവേദ് അഹമ്മദ് സിദ്ദിഖിയെ ഇതിനിടം കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമപ്രകാരം ഇഡി അറസ്റ്റ് ചെയ്തു. സ്ഥാപനവുമായി ബന്ധപ്പെട്ട സ്ഥലങ്ങളിൽ നടത്തിയ പരിശോധനയെത്തുടർന്നാണ് അറസ്റ്റ്.

## ഫാത്തിമ ബൊഷ് വിശ്വസുന്ദരി



ബാങ്കോക്ക്: അപമാനിച്ചവരോട് പ്രതികരിച്ചും ധീരമായ നിലപാടെടുത്തും ശ്രദ്ധ കവർന്ന മെക്സിക്കോ സുന്ദരി തന്നെ വിശ്വസുന്ദരി. തായ്ലന്റിൽ നടന്ന മിസ് യൂണിവേഴ്സ് മത്സരത്തിൽ ഫാത്തിമ ബൊഷ് കിരീടം ചൂടിയത് നാടകീയമായൊരു മധുര പ്രതികാരമായി.

സൗന്ദര്യമത്സരത്തോടനുബന്ധിച്ചുള്ള പ്രാദേശിക പ്രചാരണ പ്രവർത്തനങ്ങളിൽ സജീവമല്ലെന്നു കുറ്റപ്പെടുത്തി തായ്ലന്റുകാരനായ സംഘാടകരിലൊരാൾ ഫാത്തിമ (25) യെ നേരത്തെ പരസ്യമായി ശകാരിച്ചിരുന്നു. ബുദ്ധിയില്ലാത്തവളെന്നും അനുസരണം കെട്ടവളെന്നും അപമാനിച്ചപ്പോൾ ചുട്ട മറുപടി നൽകിയും വേദി വിട്ടു. ഫാത്തിമ അന്നേ എല്ലാവരുടെയും കൈയടി നേടിയതാണ്. മിസ് തായ്ലന്റ് പ്രവീണാർ സിങ് (29) രണ്ടാം സ്ഥാനവും മിസ് വെനസ്വേല സ്റ്റെഫനി അഡ്രിയാന (25) മൂന്നാം സ്ഥാനവും നേടി. വേറെയും വിവാദങ്ങൾ കൊണ്ടും ബഹളമായിരുന്നു മത്സരം. വോട്ട് അട്ടിമറി ആരോപണവും ജൂറി അംഗങ്ങളുടെ പ്രതിഷേധ റാലിയുമുണ്ടായിരുന്നു.

## ക്നാനായ റീജിയൻ വിവാഹ ഒരുക്ക കോഴ്സ് ഡാളസ്സിൽ നടത്തപ്പെട്ടു



ഡാളസ്: ക്നാനായ റീജിയൻ ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ മൂന്നുദിവസത്തെ വിവാഹ ഒരുക്ക കോഴ്സ് ഡാളസ് ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ദേവാലയത്തിൽവെച്ച് നവംബർ 14, 15, 16 തീയതികളിൽ നടത്തപ്പെട്ടു. വൈദികരും അല്മായരും അടങ്ങുന്ന റിസോഴ്സ് ടീം അംഗങ്ങൾ വിവിധ വിഷയങ്ങളെ

**സിജോയി പറപ്പള്ളിൽ**

ആസ്പദമാക്കി ക്ലാസുകൾ എടുത്തു. ക്നാനായ റീജിയൻ വിവിധ ഇടവകകളിൽനിന്നും മിഷനിൽനിന്നുമായി 31 യുവതീയുവാക്കൾ പങ്കെടുത്തു. കോഴ്സിൽ ക്നാനായ റീജിയൻ ഫാമിലി കമ്മീഷൻ ഡയറക്ടർ റ്റോണി പുല്ലാപ്പള്ളിൽ നേതൃത്വം നല്കി.



## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 89.13 |
| യൂറോ | 102.85 |
| സ്റ്റെർലിംഗ്പൗണ്ട് | 116.69 |
| സ്വിസ് ഫ്രാങ്ക് | 110.51 |
| സിംഗപ്പൂർ ഡോളർ | 68.31 |
| കനേഡിയൻ ഡോളർ | 63.17 |
| ഒമാൻ റിയാൽ | 231.77 |
| ബഹ്റൈൻ ദിനാർ | 236.37 |
| സൗദി റിയാൽ | 23.76 |
| യു.എ.ഇ. ദിർഹം | 24.29 |
| കുവൈത്ത് ദിനാർ | 290.00 |



# ഇന്ത്യൻ പരമോന്നത നീതിപീഠത്തിന്റെ അമരത്ത് സൂര്യകാന്ത്

എബി മക്കപ്പുഴ

ന്യൂഡൽഹി: ഇന്ത്യയുടെ 53-ാം ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സൂര്യകാന്ത് സ്ഥാനമേറ്റെടുത്തു. ഹരിയാനയിലെ ഹിസാർ സ്വദേശിയാണ് ജസ്റ്റിസ് സൂര്യകാന്ത്. കേരളത്തിലെ എസ്ഐആർ കേസ് അടക്കം പരിഗണിക്കുന്നത് ജസ്റ്റിസ് സൂര്യകാന്തിന്റെ ബെഞ്ചാണ്. നിലവിലെ ചീഫ് ജസ്റ്റിസ് ബി.ആർ. ഗവായിയുടെ കാലാവധി നവംബർ 23-ന് അവസാനിച്ചിരുന്നു. സുപ്രീംകോടതി ഭരണഘടനാ ബെഞ്ച് തീരുമാനം എടുക്കേണ്ട കേസുകളിൽ ഉടൻ നടപടിയുണ്ടാകുമെന്ന് ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അഭിപ്രായപ്പെട്ടു. ഇതിനായി കൂടുതൽ ഭരണഘടനാ ബെഞ്ചുകൾ സ്ഥാപിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. സുപ്രീംകോടതിയിൽ കെട്ടിക്കിടക്കുന്നതിനാൽ കീഴ്ക്കോടതികൾക്ക് തീരുമാനം എടുക്കാൻ കഴിയാത്തവയ്ക്ക് പ്രഥമ പരിഗണന. ദേശീയ പ്രാധാന്യമുള്ള കേസുകളിൽ വേഗത്തിൽ തീരുമാനം എടുക്കും. കോർപ്പറേറ്റ് കേസുകളിൽ മദ്ധ്യസ്ഥതയ്ക്ക് ഊന്നൽ നല്കും. നിയമരംഗത്ത് എഐ ഉപയോഗത്തിൽ ശ്രദ്ധ ചെലുത്തും.

ഒക്ടോബർ 30-നാണ് ജസ്റ്റിസ് സൂര്യകാന്തിനെ സുപ്രീംകോടതിയുടെ അടുത്ത ചീഫ് ജസ്റ്റിസായി നിയമിച്ചുകൊണ്ടുള്ള ഉത്തരവ് പുറത്തിറക്കിയത്. രാഷ്ട്രപതി ദ്രൗപതി മുർമുവാണ് നിയമന ഉത്തരവ് പുറത്തിറക്കിയത്. 2027 ഫെബ്രുവരി 9 വരെയീണ് അദ്ദേഹത്തിന്റെ കാലാവധി. നിലവിൽ സുപ്രീംകോടതിയിലെ ഏറ്റവും മുതിർന്ന ജസ്റ്റിസാണ് സൂര്യകാന്ത്. ഹരിയാനയിൽ നിന്ന് സുപ്രീംകോടതി ചീഫ് ജസ്റ്റിസ് പദവിയിലെത്തുന്ന ആദ്യത്തെ വ്യ



ക്തിയെന്ന നേട്ടം സ്വന്തമാക്കിക്കൊണ്ടാണ് സൂര്യകാന്തിന്റെ വരവ്.

ഹരിയാനയിലെ ഹിസാറിൽ 1962 ഫെബ്രുവരി 10-ന് അദ്ദേഹം ജനിച്ചത്. അദ്ധ്യാപകനായിരുന്നു പിതാവ്. ഗ്രാമത്തിലെ സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം സൂര്യകാന്ത് 1984-ൽ മഹർഷി ദയാനന്ദ സർവ്വകലാശാലയിൽ നിന്ന് നിയമബിരുദം കരസ്ഥമാക്കി. ഹിസാറിലെ ജില്ലാ കോടതിയിൽ അഭിഭാഷകനായാണ് അദ്ദേഹം പ്രവർത്തനം ആരംഭിച്ചത്. പിന്നീട് പഞ്ചാബ് ആൻഡ് ഹരിയാന ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്യുന്നതിനായി ചണ്ഡിഗഡിലേക്ക് മാറി. 38-ാം വയസിൽ ഹരിയാനയുടെ അഡ്വക്കറ്റ് ജനറലായി ചുമതലയേറ്റു. 2004-ൽ അദ്ദേഹത്തെ പഞ്ചാബ് ഹരിയാന ഹൈക്കോടതി ജഡ്ജിയായി നിയമിച്ചു. 2011-ൽ സൂര്യകാന്ത്, കുരുക്ഷേത്ര സർവകലാശാലയിൽ നിന്ന് നിയമത്തിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കി. നീണ്ട 14 വർഷം ഹൈക്കോടതിയിൽ ജഡ്ജിയായി പ്രവർത്തിച്ച അദ്ദേഹത്തെ 2018 ഒക്ടോബറിൽ ഹിമാചൽപ്രദേശ് ഹൈക്കോടതി ചീഫ് ജസ്റ്റിസായി നിയമിച്ചു. 2019 മെയ് 24-നാണ് അദ്ദേഹം സുപ്രീംകോടതി ജഡ്ജിയായി ചുമതലയേറ്റത്. ആറ് വർഷങ്ങൾക്കിപ്പുറം സുപ്രീം കോടതിയിലെ ഏറ്റവും മുതിർന്ന ജസ്റ്റിസായി സൂര്യകാന്ത് രാജ്യത്തിന്റെ പരമോന്നത നീതിപീഠത്തിന്റെ അമരത്തെത്തുകയാണ്.

# എസ്ഐആർ: ഫോം പൂരിപ്പിക്കാൻ ഒട്ടേറെപ്പേർ കാണാമറയത്ത്

തിരുവനന്തപുരം: സമഗ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ (എസ്ഐആർ) എന്യൂമറേഷൻ ഫോം പൂരിപ്പിച്ചു മടങ്ങിവരുന്ന നടപടികൾ പുരോഗമിക്കുമ്പോൾ, കണ്ടെത്താനാകാത്ത വോട്ടർമാരുടെ എണ്ണം വർധിക്കുന്നു. 80,000-ൽപരം പേരെ ഇതുവരെ കണ്ടെത്താനായിട്ടില്ല.

താമസം മാറിയവർ, മരിച്ചവർ, സ്ഥലത്തില്ലാത്തവർ എന്നിങ്ങനെ 3 വിഭാഗങ്ങളിലുള്ളവരെയാണ് പൊതുവെ പട്ടികയിൽ നിന്നു നീക്കുന്നത്. താമസം മാറിയവരെയും മരിച്ചവരെയും കുറിച്ചുള്ള  വിവരങ്ങൾ ബൂത്ത് ലവൽ ഓഫീസർമാർക്കു (ബിഎൽഒ) ലഭിക്കുന്നുണ്ടെങ്കിലും സ്ഥലത്തില്ലാത്തവർ എന്ന വിഭാഗത്തിലെ പലരെയും കണ്ടെത്താനാകുന്നില്ല.

നിശ്ചിത കാലത്തേക്ക് മക്കളുടെ പഠനം , ജോലി തുടങ്ങിയ കാര്യങ്ങൾക്കായി ഒരു സ്ഥലത്തുവന്നു താമസിക്കുകയും അക്കാലത്ത് വോട്ടർ പട്ടികയിൽ പേരു ചേർക്കുകയും ചെയ്തവരാണ് ഇവരിൽ വലിയൊരു വിഭാഗം എന്നു കണ്ടെത്തിയിട്ടുണ്ട്. വാടകയ്ക്ക് താമസിച്ചശേഷം മാറിപ്പോകുകയോ സ്ഥലവും വീടും വിറ്റുപോകുകയോ ചെയ്ത ഇവരുടെ പേരുകൾ വർഷങ്ങളായി പല ബൂത്തുകളിലേയും പട്ടികകളിലുണ്ട്. ഇവരെക്കുറിച്ച് ഇപ്പോഴുള്ള അയൽക്കാർക്കും നാട്ടുകാർക്കും ജനപ്രതിനിധികൾക്കും അറിയില്ല.

അതേസമയം, വിദേശത്ത് പഠന, ജോലി ആവശ്യത്തിനു പോയവർ പൗരത്വം ഉപേക്ഷിച്ചിട്ടുണ്ടോ എന്ന അന്വേഷണം നടത്തിയാണ് ബിഎൽഒമാർ ഫോം നൽകുന്നത്. എസ്ഐആറിന്റെ ഭാഗമാകണമെങ്കിൽ ഇന്ത്യൻ പൗരനാകണമെന്നതു നിർബന്ധമാണ്.

# എസ്ഐആറിന് ഉടനെ സ്റ്റേയില്ല

ന്യൂഡൽഹി: കേരളത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന വോട്ടർപട്ടികയുടെ പ്രത്യേക സമഗ്ര പരിഷ്കരണ (എസ്ഐആർ) ത്തിനെതിരെ വിവിധ രാഷ്ട്രീയ കക്ഷികളും സംസ്ഥാന സക്കാരും സമർപ്പിച്ച ഹർജികൾ സുപ്രീം കോടതി 26-ന് പരിഗണിക്കും. തദ്ദേശ തെരഞ്ഞെടുപ്പ് അവസാനിക്കുന്നതുവരെയെങ്കിലും എസ്ഐആർ നടപടിക്രമങ്ങൾ നിർത്തിവെക്കണമെന്നാവശ്യപ്പെട്ടുള്ള ഹർജികൾ അടിയന്തരമായി പരിഗണനയ്ക്കെടുത്താണ് സുപ്രീം കോടതി 26-ന് വാദം കേൾക്കുന്നത്. വിഷയത്തിൽ തെരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രതികരണം തേടി കോടതി നോട്ടീസ് അയച്ചിട്ടുണ്ട്.

എസ്ഐആറിനെതിരെ ഉത്തർപ്രദേശ്, പുതുച്ചേരി സംസ്ഥാനങ്ങളിൽ നിന്നുള്ള ഹർജികളും കോടതിമുമ്പാകെ ഉണ്ടെങ്കിലും 26-ന് കേരളത്തിന്റെ ഹർജികൾ പ്രത്യേകമായാണ് പരിഗണിക്കുന്നതെന്ന് ജസ്റ്റീസുമാരായ സൂര്യകാന്ത്, എസ്.വി.എൻ ഭട്ടി ജോയ്മല്യ ബാഗ്ച്ചി എന്നിവരുടെ ബെഞ്ച് വ്യക്തമാക്കി. എസ്ഐആറും തെരഞ്ഞെടുപ്പുകളും ഒരുമിച്ച് നടത്തുന്നത് ഏകദേശം അസാദ്ധ്യമാണെന്നും ബൂത്ത് ലെവൽ ഓഫീസർമാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ ജോലിസമയം വർദ്ധിക്കുമെന്നുമായിരുന്നു സംസ്ഥാന സർക്കാരിനും കേരളത്തിലെ വിവിധ രാഷ്ട്രീയ പാർട്ടികൾക്കും വേണ്ടി ഹാജരായ അഭിഭാഷകൻ കോടതിയെ അറിയിച്ചത്.

തദ്ദേശ തെരഞ്ഞെടുപ്പ് പുരോഗമിക്കുന്നതിനാൽ കോടതിയുടെ ഇടപെടൽ ഉണ്ടാകണമെന്നും അഭിഭാഷകൻ ആവശ്യപ്പെട്ടു. കേരളത്തിൽ നിന്നുള്ള ഹർജികളുടെ അടിയന്തര സ്വഭാവം മനസ്സിലാക്കിയാണ് ഉടൻ വാദം കേൾക്കുന്നതെന്ന് ബെഞ്ച് വ്യക്തമാക്കി.

# ജോസഫ് മത്തായി മാത്യൂസ് ചിക്കാഗോയിൽ അന്തരിച്ചു



**Joseph Mathai Mathews**

**October 2, 1963 - November 20, 2025**

Age 62, of Wood Dale, Illinois, passed away peacefully on November 20, 2025. Joseph was born on October 2, 1963, in Mumbai, India to loving parents, the late Mathai Mathew and Annamma Mathew. He came to the United States at age 10 and settled in Skokie, Illinois with his parents and siblings, James and Jessica.

After completing his education at the University of Illinois at Chicago, Joseph went on to build a long and dedicated career at Advocate Health System, where he worked for over 30 years.

He married Sherin Mathews on December 23, 1987, and together they raised three children-Anthony, Angeline, and Alyssa. They eventually settled in Bensenville, Illinois, where they lived for 20 years.

After retiring, Joseph cherished spending time with his family, especially his grandchildren, Elijah and Isabella. He devoted himself to caring for his mother and loved catching up with his friends.

Joseph was preceded in death by his father, Mathai Mathew. He is survived by his mother, Annamma Mathew; his wife, Sherin Mathews; his brother, James Mathew; his sister, Jessica Paulose (Pradeep); his children, Anthony, Angeline (Anup), and Alyssa (Amar); and his beloved grandchildren, Elijah and Isabella.

**Visitation**

8.30 am - 12.30 pm

St. Gregorios Malankara Orthodox Cathedral

315 27th Ave.,

Bellwood, IL 60104

# ജേക്കബ് തടത്തേൽ അന്തരിച്ചു



ന്യൂയോർക്ക്: ന്യൂയോർക്ക് ഈസ്റ്റ് മെഡോയിൽ താമസിക്കുന്ന കണ്ണൂർ കണിച്ചാർ തടത്തേൽ ജേക്കബ് ചാക്കോ (തമ്പി-61) അന്തരിച്ചു. ഭാര്യ കണ്ണൂർ കുളക്കാട് ഓലിക്കുഴിയിൽ ലിസ്സി ജേക്കബ്.

മക്കൾ: ജോയൽ ജേക്കബ്, ക്രിസ്റ്റീന ജേക്കബ്. സഹോദരങ്ങൾ: ലീലാമ്മ ചാക്കോ (ഡാളസ്), ഏലിക്കുട്ടി ചാക്കോ (കീഴ്പ്പള്ളി കണ്ണൂർ), സാറാമ്മ മത്തായി (കേളകം), പൊന്നമ്മ ഏലിയാസ് (പുന്നപ്പാലം, കണ്ണൂർ), ഏബ്രഹാം തടത്തേൽ (ന്യൂയോർക്ക്), ലാലി ജയൻ (ന്യൂയോർക്ക്), മിനി മാത്യൂസ് (ചിക്കാഗോ). സംസ്കാര ശുശ്രൂഷകൾ നവംബർ 24-ന് തിങ്കളാഴ്ച രാവിലെ 9 മണി മുതൽ ആരംഭിച്ച് പൈൻലോൺ മെമ്മോറിയൽ പാർക്ക് സെമിത്തേരിയിൽ മൃതദേഹം സംസ്കരിക്കുന്നതാണ്. 1987-ൽ അമേരിക്കയിലെത്തിയ ജേക്കബ് ന്യൂയോർക്ക് എപ്പിഫനി ഇടവകാംഗവും തുടർന്ന് ശാലോം മാർത്തോമ്മാ ഇടവകയുടെ സ്ഥാപകാംഗവും അത്മായ ശുശ്രൂഷകനും ഇടവക മിഷനിലെ സജീവ അംഗവുമായിരുന്നു.

# സാറാമ്മ വറുഗീസ് അന്തരിച്ചു



ന്യൂയോർക്ക്/കോന്നി: നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന സെക്രട്ടറിയും ബ്രോങ്ക്സ് സെന്റ് മേരീസ് ഓർത്തഡോക്സ് വികാരിയുമായ ഫാ. ഡോ. വറുഗീസ് എം. ഡാനിയേലിന്റെ മാതാവ് സാറാമ്മ വറുഗീസ് (79) അന്തരിച്ചു. മരൂർപ്പാലം മേലേച്ചിറ്റേടത്ത് ബ്ലെസ് കോട്ടേജിൽ പരേതനായ ഡി. വർഗീസിന്റെ ഭാര്യയാണ് പരേത. മറ്റ് മക്കൾ: സജി എം.റ്റി. (കോന്നി), റെജി എം.ഡി. (ആസ്ട്രേലിയ). മരുമക്കൾ: സുരഭി സജി (കോന്നി), ഡോ. സ്മിത വറുഗീസ് (മിൽട്ടൺ-കണക്ടിക്കട്ട്), റെക്സി റെജി (ആസ്ട്രേലിയ). കൊച്ചുമക്കൾ: സ്നേഹ, ആൻസൺ, ആദർശ്, ഏഞ്ചലാ, സ്റ്റീവ്, സ്റ്റേസി. സംസ്കാര ശുശ്രൂഷകൾ കോന്നിയിലെ വീട്ടിലും സെന്റ് ജോർജ് ഓർത്തഡോക്സ് മഹാ ഇടവകയിലും നടക്കും. വീട്ടിലെ ശുശ്രൂഷകൾ നവംബർ 27-ന് വ്യാഴാഴ്ച 9 മുതൽ 12 വരെ. തുടർന്ന് പള്ളിയിൽ 2 മണിക്ക് സംസ്കാരം നടത്തും.

# പരിഷ്കരണം അനിവാര്യം

(3-ാം പേജിൽനിന്നും)

ബ്രസീൽ പ്രസിഡണ്ട് ലുല ഡ സിൽവ, ദക്ഷിണാഫ്രിക്കൻ പ്രസിഡണ്ട് സിറിൽ റാമഫോസ എന്നിവർ യോഗത്തിൽ പങ്കെടുത്തു. മനുഷ്യകേന്ദ്രിത വികസനം ഉറപ്പാക്കുന്നതിൽ സാങ്കേതികവിദ്യയുടെ നിർണായകപങ്ക് അദ്ദേഹം ഉയർത്തിക്കാട്ടി. ഡിജിറ്റൽ അടിസ്ഥാനസൗകര്യങ്ങളായ യുപിഐ, കോവിൻ തുടങ്ങിയവയും സൈബർ സുരക്ഷാപദ്ധതികൾ, സ്ത്രീകളുടെ നേതൃത്വത്തിലുള്ള സാങ്കേതികവിദ്യാ സംരംഭങ്ങൾ എന്നിവയും പരസ്പരം പങ്കിടാൻ 'ഇബ്സ ഡിജിറ്റൽ ഇനവേഷൻ അലയൻസും' മോദി നിർദേശിച്ചു. വികസ്വരരാജ്യങ്ങൾക്കിടയിലെ സഹകരണം കൂടുതൽ വിപുലമാക്കാനായി കാലാവസ്ഥാപ്രതിസന്ധിയെ അതിജീവിക്കുന്ന കൃഷിക്കായി ഇബ്സ ഫണ്ടുണ്ടാക്കണമെന്ന ശിപാർശയും മുന്നോട്ടുവെച്ചു.

# SEEKING BRIDEGROOM

*We are Pentecostal ( Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport ( she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

*Pentecostal parents from Kerala seek a suitable alliance for their 27-year-old daughter (5'1, fair complexion), a Master's degree holder in Physical Therapy (Orthopedics), currently working in Kerala. We invite proposals from professionally qualified Pentecostal individuals in the US, Canada, UK, Australia, Switzerland, or the Middle East, preferably those interested in ministry alongside their profession. For details, contact **423-637-4717 / 423-847-7483 or email Thresiamma.chacko@gmail.com** with recent photos and information.

*The Pentecostal family settled in Texas invites a proposal for their daughter, who has completed MD and is doing her 1st year of residency -Pediatric in Los Angeles, CA. Age 26 (November 4, 1998), 5'4", God-fearing, baptized & US citizen from parents of a Pentecostal boy, preferably from California, with a professional career and from the US. Please email complete details and pictures to **shepherdusa1@gmail.com**

*Pentecostal parents invite proposals for their daughter (29 yrs, 5'4") with a Masters of Engineering degree and working as a licensed professional engineer in New York City. She was born and brought up in the US. She attends a non-denominational Christian church in NYC and is very active in fitness and sports. We are seeking suitable alliances from similarly qualified professionals. If interested, please send recent photo and details to **mathew.eng12@gmail.com.**

*Pentecostal Girl in Dallas, TX, USA: MBA/Seeking Groom Pentecostal parents looking for suitable proposals for their daughter, 25 years old and 5ft 2in, MBA and working as manager for insurance agency. Seeking proposals from professional and qualified Pentecostal boys, preferably from USA. Contact: **469-233-4309** Please leave a message if your call is now answered.

**Visit Our Website:
www.keralaexpress.com for Matrimonial**

# SEEKING BRIDE

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

*Pentecostal family settled in US prayerfully seeking proposal for son (March 1996 -5'7") born again baptized US citizen, working as an Engineer in a reputed space exploration firm in Texas. He has master's in mechanical engineering and Bachelors in Petroleum Engineering. Seeking suitable alliance from the parents of God fearing professionally qualified girls from US. Please respond with details via **joybe764@gmail.com** or reach out to **972.900.2524**

*Immigrant Orthodox Parents invite marriage Proposal for their son in India (Madhya Pradesh) B.E. Biomedical Engineer, from parents of Christian girls in the United States (He is 32 years old and Height is 5'4" with 68kg.) please contact at email: **geappen@gmail.com }**

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to:
**inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com**.

*Aunt seeking alliance for nephew, 27 years old (April 2nd 1997), born and raised in Mumbai, India. He is currently completing grad school at Columbia University, majoring in Management Science and Engineering. Before pursuing his Masters, he worked as Senior Consultant at Ernst & Young - Parthenon. Seeking wife who is settled in the US, with medical or software based job, Pentecostal denomination. Please call **678 431 8651** Preela Varghese.

## SEEKING BRIDEGROOM CONTD.....

**Visit Our Website:
www.keralaexpress.com
for Matrimonial Advt.**

KERALA EXPRESS

# നിര്യാതരായി

## ഏലിയാമ്മ ചെറിയാൻ

**പാത്താമുട്ടം:** പടിയര വള്ളിക്കാട്ടായ പടിയരയിൽ പരേതനായ പി.സി. ചെറിയാന്റെ ഭാര്യ ഏലിയാമ്മ (അമ്മിണി-90) അന്തരിച്ചു. മണർകാട് പുത്തൻപറമ്പിലായ പാലയ്ക്കലോടിയിൽ കുടുംബാംഗമാണ്. മക്കൾ: ലിസി, റെജി, പരേതനായ റോയ്. മരുമക്കൾ: ടാജി ദേവസ്യ (കൊല്ലം), കൊച്ചുമോൾ വലിയപറമ്പിൽ, ശോശാമ്മ (യുഎസ്).

**കുന്നന്താനം:** മുണ്ടുകുഴി കെ.സി. തോമസിന്റെ (റിട്ട. പ്രിൻസിപ്പൽ സെ. തോമസ് എച്ച്.എസ്.എസ് കോയമ്പത്തൂർ) ഭാര്യ കോയമ്പത്തൂർ സെ. ഫ്രാൻസിസ് ആംഗ്ലോ ഇന്ത്യൻ സ്കൂൾ റിട്ട. ടീച്ചർ) ആലീസ് തോമസ് (അമ്മിണി-78) അന്തരിച്ചു.

**റാന്നി:** ചെറുകുളഞ്ഞി ബിഎഎച്ച്എസ് റിട്ട. അദ്ധ്യാപിക ഐത്തല കൊച്ചേത്ത് തങ്കമ്മ ഇട്ടിയവിര (92) അന്തരിച്ചു.

**മാന്നാർ:** ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റ് കോ-ഓപ്പറേറ്റീവ് റിട്ട. ഇൻസ്പെക്ടർ ഒഴുകുപറമ്പിൽ ഒ.സി. ജോസഫ് (91) അന്തരിച്ചു.

## ആൻസി തോമസ്

**നീണ്ടൂർ:** വെട്ടിക്കാട്ട് പാറയിൽ ആൻസി തോമസ് (71) അന്തരിച്ചു. കണ്ണങ്കര കുപ്ലിക്കാട്ട് (കോനോത്ത്) കുടുംബാംഗമാണ്. ഭർത്താവ് തൊമ്മിക്കുഞ്ഞ് (ഹോട്ടൽ വെട്ടിക്കാട്ട് പ്ലാസ നീണ്ടൂർ, ഹോട്ടൽ ഹെറിറ്റേജ് പ്ലാസ വൈക്കം). മക്കൾ: സുരഭി, സുരജ്,സുനിത, സജിത. മരുമക്കൾ: ജോസുകുട്ടി നീലേട്ട് (യുഎസ്), ജ്യോതി കണ്ടാരപ്പള്ളിയിൽ, മാത്യു കടുതോടിൽ, ജാക്സ് ആകശാല (യുഎസ്).

**കാഞ്ഞിരപ്പള്ളി:** കരിപ്പാപ്പറമ്പിൽ പരേതനായ ഡൊമിനിക് സെബാസ്റ്റ്യന്റെ ഭാര്യ റോസമ്മ (74) അന്തരിച്ചു.

**വാകത്താനം:** ഞാലിയാകുഴി ചിറയിൽ വീട്ടിൽ സി. ഐസക് ജോൺ (അച്ചൻകുഞ്ഞ് -70) അന്തരിച്ചു.

## മേരി തോമസ്

**കുഴിമറ്റം:** തിരുവല്ല പാറയിൽ ജെയ്സൻ നിവാസ് ഉമ്മൻ തോമസിന്റെ ഭാര്യ മേരി തോമസ് യുഎസിൽ അന്തരിച്ചു. തെക്കേമറ്റം (പടിയറ വള്ളിക്കാട്ട്) കുടുംബാംഗമാണ്. മകൻ: ഡോ. ജെയ്സൻ ഉമ്മൻ. മരുമകൾ: ടീന ജെയ്സൻ രാമമംഗലം (ഇരുവരും യുഎസ്).

**തിരുവല്ല:** പെരുന്തുരുത്തി ഇടപ്പറമ്പിൽ മേരിലാൻഡ് മുംബൈ ജോൺസൺ ആൻഡ് ജോൺസൺ റിട്ട. ഹെഡ് ഓഫ് പർച്ചേസിങ് മാനേജർ ശോശാമ്മ ചാണ്ടി (101) അന്തരിച്ചു.

**കുമ്പളാംപൊയ്ക:** പുതുച്ചിറ ജോ വില്ലയിൽ പി.ഇ. ഏബ്രഹാം (90) അന്തരിച്ചു.

**കുളത്തുക്കടവ്:** പാറയ്ക്കൽ പരേതനായ ജോർജ് ജോസഫിന്റെ ഭാര്യ മേരി ജോസഫ് (90) അന്തരിച്ചു.

## കെ.വി. ചെറിയാൻ

**വാകത്താനം:** ജെഎംഎച്ച്എസ്എസ് റിട്ട. അദ്ധ്യാപകനും വാകത്താനം പഞ്ചായത്ത് പ്രസിഡണ്ടുമായിരുന്ന കണ്ണൻചിറ മംഗലപ്പള്ളിയിലായ കളപ്പുരയ്ക്കൽ കെ.വി. ചെറിയാൻ (പാപ്പച്ചി-91) അന്തരിച്ചു. ഭാര്യ പള്ളം പാറപ്പുറത്ത് പരേതയായ മേഴ്സി ചെറിയാൻ. മക്കൾ: ജിജി, ജേക്കബ് ചെറിയാൻ (യുകെ), ജാനറ്റ് (യുഎസ്). മരുമക്കൾ: ചെങ്ങന്നൂർ തെരുവിൽപ്പള്ളിയിൽ സൂസൻ ജോൺ, വെള്ളൂർ കുമ്പപടവത്ത് ജൂലി (യുകെ), എരമല്ലൂർ വഴനക്കാവിൽ കൊക്കോടിൽ ജിബു.

## ജോയമ്മ വർഗീസ്



**ഡാളസ്:** അസംബ്ലീസ് ഓഫ് ഗോഡ് മുൻ മധ്യമേഖല ഡയറക്ടർ കടമ്പനാട് ആലുംമൂട്ടിൽ കുടുംബാംഗം പരേതനായ പാസ്റ്റർ ബേബി വർഗീസിന്റെ ഭാര്യ ജോയമ്മ വർഗീസ് (85) ഡാളസിൽ അന്തരിച്ചു. കൊട്ടാരക്കര തൃക്കണ്ണമംഗലം കാര്യാട്ട് കുടുംബാംഗമാണ്. മക്കൾ: പാസ്റ്റർ ജോൺ വർഗീസ്, മേഴ്സി ജോൺസൺ, പാസ്റ്റർ തോമസ് വർഗീസ് (ഐസിപിഎഫ് യുഎസ്എ വൈസ് ചെയർമാൻ), ലീലാമ്മ സണ്ണി. മരുമക്കൾ: എൽസി വർഗീസ്, ജോൺ ജോൺസൺ, ഷേർളി വർഗീസ്, സണ്ണി പാപ്പച്ചൻ.

**കോട്ടയം:** ഇറിഗേഷൻ വകുപ്പ് റിട്ട. സൂപ്രണ്ടിംഗ് എൻജിനീയർ പനമറ്റം തലപ്പള്ളിൽ എം.കെ. കരുണാകരൻ നായർ (83) അന്തരിച്ചു.

**പേരൂർ:** ചാക്കശ്ശേരിൽ പരേതനായ സി.കെ. ജേക്കബിന്റെ (ടാറ്റാ ടീ ലിമിറ്റഡ്) ഭാര്യ സാറാമ്മ ജേക്കബ് (പെണ്ണമ്മ-93) അന്തരിച്ചു.

**സൗത്ത് പാമ്പാടി:** കോട്ടയം നഗരസഭ ജീവനക്കാരനായിരുന്ന കൊച്ചുപുരയിൽ കെ.ജെ. ഏബ്രഹാം (കുഞ്ഞൂട്ടി-74) അന്തരിച്ചു.

**മീനടം:** റിട്ട. എസ്ഐ കണ്ണോത്ര പരേതനായ കെ.സി. മാത്യുവിന്റെ ഭാര്യ ശോശാമ്മ മാത്യു (അമ്മിണി-85) അന്തരിച്ചു.

**ആലപ്പുഴ:** ഗവ. മുഹമ്മദൻസ് ഗേൾസ് എച്ച്.എസ്. റിട്ട. അദ്ധ്യാപിക ഗ്രേസ് ഡെയിലിൽ സാറാമ്മ ജോൺ (86) അന്തരിച്ചു.

**മാലോം:** കുടിയേറ്റ കർഷകൻ പിണ്ണാക്കനാട് തറപ്പേൽ ടി.ജെ. ജെയിംസ് (മാണിക്കുഞ്ഞ് -96) അന്തരിച്ചു.

## ടിഞ്ചു ജോയൽ

**പുത്തൂർ:** തെക്കുംപുറം തെക്കേവീട്ടിൽ ജോയൽ ഭവനിൽ ടിഞ്ചു ജോയൽ (35) യുഎസിൽ അന്തരിച്ചു. അടൂർ പറക്കോട് അറുകാലിക്കൽ വെസ്റ്റ് അലക്സ് വില്ലയിൽ സെൽവൻ പി. അലക്സിന്റെയും ജയാ സെൽവന്റെയും മകളാണ്. ഭർത്താവ് ജോയൽ രാജൻ. മക്കൾ: അന്ന ജോയൽ, ഏബൽ ജോയൽ.

## ഗ്രേയ്സമ്മ

**ചേർത്തല:** മരുത്തോർവട്ടം കരിമ്പടത്ത് ഗ്രേയ്സമ്മ (76) അന്തരിച്ചു. തത്തംപള്ളി പറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ കെ.വി. ഷെല്ലി (ആർമി റിട്ട. ഹവിൽദാർ മേജർ). മക്കൾ: ഗിരീഷ്, ഷിൻസി (ഇരുവരും യുഎസ്), സണ്ണി (ഓസ്ട്രേലിയ). മരുമക്കൾ: പ്രിയ വരിക്കമാക്കൽ (പാലാ), വിനോ വേങ്ങാച്ചുവട്ടിൽ (തൊടുപുഴ), അഞ്ജു കടപ്ലാക്കൽ (അരുവിത്തുറ).

**ആർപ്പൂക്കര:** വില്ലൂന്നി പാറയിൽ വീട്ടിൽ പരേതനായ പി.എൻ. കൃഷ്ണപ്പണിക്കരുടെ (റിട്ട. പോലീസ്) ഭാര്യ രമ കെ. പണിക്കർ (71) അന്തരിച്ചു.

**എസ്.എച്ച്. മൗണ്ട്:** നട്ടാശേരി പിറവൻതൊട്ടിൽ സി.കെ. പൊന്നമ്മ (91) അന്തരിച്ചു.

## ഏലിയാമ്മ കാഞ്ഞിരത്തിങ്കൽ



**ചിക്കാഗോ:** പരേതനായ കുട്ടപ്പൻ കാഞ്ഞിരത്തിങ്കലിന്റെ ഭാര്യ ഏലിയാമ്മ കാഞ്ഞിരത്തിങ്കൽ (83) ചിക്കാഗോയിൽ അന്തരിച്ചു. പരേത കരിങ്കുന്നം കളപ്പുരയിൽ കുടുംബാംഗമാണ്. മക്കൾ:ബെസ്സി ആൻഡ് സജി ഉതുപ്പാൻ (ചിക്കാഗോ), സിറിൾ ആൻഡ് ജോളി കാഞ്ഞിരത്തിങ്കൽ (റ്റാമ്പാ).

**ചങ്ങനാശേരി:** എസ്.ഡി സെന്റ് ജോസഫ്സ് പ്രോവിൻസിലെ സിസ്റ്റർ സ്റ്റനിസ്ലാവോസ് പടിഞ്ഞാറേപീടികയിൽ (മറിയാമ്മ-89) അന്തരിച്ചു.

**തെള്ളിയൂർ:** ബെംഗ്ളൂരു ജോസ്കോ ഇൻസ്റ്റിറ്റ്യൂഷൻസ് സ്ഥാപക ട്രസ്റ്റിയും ഇന്ത്യൻ ആർമി മെഡിക്കൽ കോർപ്സ് മുൻ ഉദ്യോഗസ്ഥനുമായ കന്നാലിൽ കെ.എൽ. ജോസഫ് (കുഞ്ഞച്ചൻ-80) അന്തരിച്ചു.

**അമ്പാറനിരപ്പേൽ:** തിടനാട് സഹകരണ ബാങ്ക് വൈസ് പ്രസിഡണ്ടും യു-ടെക്ക് ഗ്രൂപ്പ് സ്ഥാപനങ്ങളുടെ പാർട്ണറുമായ പഴേട്ട് ജോമി ജോർജ് (47) അന്തരിച്ചു.

## റേച്ചൽ ജോസഫ് തെക്കുംതലക്കൽ



**ഫിലാഡൽഫിയ:** പരേതനായ ജോസഫ് സക്കറിയ തെക്കുംതലക്കലിന്റെ സഹധർമ്മിണി റേച്ചൽ ജോസഫ് (85) അന്തരിച്ചു. പരേത ബെൻസേലം സെന്റ് ജൂഡ് മലങ്കര കത്തോലിക്കാ ഇടവകാംഗമാണ്. തുമ്പമൺ വട്ടടികാലായിൽ പുത്തൻവീട്ടിൽ (പകലോമറ്റം) പരേതരായ വി.കെ. ഫിലിപ്പിന്റെയും മറിയാമ്മ ഫിലിപ്പിന്റെയും പുത്രിയാണ് പരേത. ജോസഫ് സക്കറിയ (ബിജു), സുജ വർഗീസ്, റൂബി തോമസ്, പരേതയായ റാണി ഫ്രാൻസിസ് എന്നിവർ മക്കളാണ്. മരുമക്കൾ: മറിയാമ്മ സക്കറിയ, വർഗീസ് മണപ്പുറത്ത്, ഷാജി തോമസ്, ഫ്രാൻസിസ് ദേവസ്യ.

**പെരുമ്പാവൂർ:** ജില്ലാപഞ്ചായത്ത് പ്രസിഡണ്ട് മനോജ് മൂത്തേടന്റെ മാതാവ് ആയത്തുപടി മൂത്തേടൻ വീട്ടിൽ ത്രേസ്യാമ്മ പത്രോസ് (78) അന്തരിച്ചു.

**തലയോലപ്പറമ്പ്:** കോതമംഗലം വെണ്ടുവഴി പന്ത്രുകുഴി മോളേൽ വീട്ടിൽ പരേതനായ പ്രഫ.സി.കെ. ഇട്ടിയുടെ ഭാര്യ കെ.എ. തങ്കമ്മ (74) അന്തരിച്ചു.

**ചേർപ്പുങ്കൽ:** വയലാ വിഎച്ച്എസ്എസ് റിട്ട. ടീച്ചർ മനക്കുഴിയിൽ (കലേക്കാട്ടിൽ) ജോർജ് തോമസ് (77) അന്തരിച്ചു.

**പാലാ:** പുലിയന്നൂർ പാലക്കാട്ടുകുന്നേൽ ജോർജ് ജോസിന്റെ (സിയ ടൂർസ് ആൻഡ് ട്രാവൽസ്) ഭാര്യ ഫിലോമിന ജോർജ് (എറ്റി-65) അന്തരിച്ചു.

## ശോശാമ്മ ഐസക്

**കീഴില്ലം:** തൃക്കളത്തൂർ കുറവംകുടിയിൽ (മാളികയിൽ) ശോശാമ്മ ഐസക് (97) അന്തരിച്ചു. പാലക്കുഴ കളപ്പുരയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ഐസക് വർഗീസ്. മക്കൾ: ചിന്നമ്മ ജോൺ (യുഎസ്), മോളി തോമസ് (കാനഡ), സാലി ഐസക്, ലാലി ബെന്നി. മരുമക്കൾ: തോമസ് ഡാനിയൽ (കാനഡ), ബെന്നി തോമസ് മുണ്ടയ്ക്കാപ്പിള്ളിൽ കൂത്താട്ടുകുളം (കാനഡ), പരേതനായ പി.ജെ. ജോൺ.

**ആർപ്പൂക്കര:** തൊണ്ണംകുഴി ചേക്കോത്തപ്പറമ്പിൽ തങ്കപ്പൻ (85) അന്തരിച്ചു.

**എലിക്കുളം:** ഞാറയ്ക്കൽ ക്ലാരമ്മ സെബാസ്റ്റ്യൻ (85) അന്തരിച്ചു.

**ചേറ്റുകുഴി:** വാരിക്കാട്ട് സാറാമ്മ ഉമ്മൻ (56) അന്തരിച്ചു.

## അലക്സാണ്ടർ

**റാന്നി:** കരികുളം മുണ്ടിയാന്തറ മാവേലിൽ പേരങ്ങാട്ട് ആറ്റുകുഴിയിൽ എ.എം. അലക്സാണ്ടർ (കുഞ്ഞുമോൻ-86) അന്തരിച്ചു. ഭാര്യ പാറമേൽ പടിഞ്ഞാറേമണ്ണിൽ ഈറക്കൽ പരേതയായ തങ്കമ്മ (യുഎസ് മെഡിക്കൽ വകുപ്പ് മുൻ ഉദ്യോഗസ്ഥ). മക്കൾ: മാത്യൂസ് അലക്സാണ്ടർ (ദുബായ്), ലൗലി അന്ന അലക്സാണ്ടർ (മുൻ അദ്ധ്യാപിക ഇരവിപേരൂർ), സൂസൻ അലക്സാണ്ടർ (യുഎസ്). മരുമക്കൾ: കണ്ടംപേരൂർ തുണ്ടിയിൽ ശാന്തി മാത്യു, കുമ്പനാട് പ്ലാവേലിൽ പുത്തൻപുരയിൽ അനിൽ തോമസ് ഏബ്രഹാം, കുട്ടൻപേരൂർ ചമ്പകമഠം സാമുവൽ മാത്യു, മുളക്കുഴ തച്ചിലേത്ത് സുജ അലക്സ്.

**കട്ടച്ചിറ:** തെക്കേകൊട്ടാരത്തിൽ പരേതനായ ടി.ജെ. ജോണിന്റെയും മേരി ജോണിന്റെയും മകൻ ജേക്കബ് ജോൺ (ജിമ്മി-48) അന്തരിച്ചു.

**മുട്ടം:** പാലാ രൂപതാ വൈദികൻ ഫാ. ജോസഫ് പാമ്പാറ (90) അന്തരിച്ചു.

**മാങ്ങാനം:** ചാണ്ടി ഹൗസിൽ പരേതനായ സി.ജെ. തോമസിന്റെ ഭാര്യ മറിയാമ്മ ജോസ് (68) അന്തരിച്ചു.

## അച്ചാമ്മ ബാബുക്കുട്ടി

**പുതുപ്പള്ളി:** കട്ടപ്പുറത്ത് (തയ്യിൽ) അച്ചാമ്മ ബാബുക്കുട്ടി (കുഞ്ഞുമോൾ-78) കൊളറാഡോയിൽ അന്തരിച്ചു. പുതുപ്പള്ളി കൊച്ചുപാറേട്ട് താഴത്തെ വീട്ടിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ബാബുക്കുട്ടി. മക്കൾ: അനീഷ് ബാബു, ദിനോഷ് ബാബു. മരുമക്കൾ: ബെറ്റ്സി കൊച്ചാക്കൻ കിഴക്കമ്പലം. ക്രിസ്റ്റീൻ പടിഞ്ഞാറ്റേത്ത് എറണാകുളം (എല്ലാവരും യുഎസ്).

**കിടങ്ങൂർ:** മേക്കാട്ടേൽ (മാങ്കുടിയിൽ) മത്തായി മാത്യുവിന്റെ ഭാര്യ ആലീസ് മത്തായി (64) അന്തരിച്ചു.

**ഭരണങ്ങാനം:** ക്ലാരമഠാംഗമായ സിസ്റ്റർ മരിയറ്റ് തയ്യിൽ (90) അന്തരിച്ചു.

**എസ്.എച്ച് മൗണ്ട്:** ചവിട്ടുവരി മാളിയേക്കത്തറ എം.ടി. മാത്യു (93) അന്തരിച്ചു.

**ളാക്കാട്ടൂർ:** തെള്ളകം വലിയ കാഞ്ഞിരത്തിങ്കൽ മറിയാമ്മ കുര്യൻ (86) അന്തരിച്ചു.

**കല്ലറ:** മാത്തിപറമ്പിൽ (പാറേമ്യാലിൽ) പരേതനായ ഏബ്രഹാമിന്റെ മകൻ പി.എ. തോമസ് (ടോമി-58) അന്തരിച്ചു.

**കുമരകം:** മൂലേച്ചേരിൽ ലീലാ ജോയ് (78) ബെംഗ്ളൂരിൽ അന്തരിച്ചു.

**കാഞ്ഞിരപ്പള്ളി:** സിഎംസി അമല പ്രോവിൻസിലെ പൊടിമറ്റം ലിറ്റിൽ ഫ്ളവർ മഠാംഗം സിസ്റ്റർ ഡിക്രൂസ് (അച്ചാമ്മ-84) അന്തരിച്ചു.

**പരുത്തുംപാറ:** കരുമാങ്കൽ ഏലിയാമ്മ വർഗീസ് (കുഞ്ഞൂഞ്ഞമ്മ-85) അന്തരിച്ചു.

## പി.സി. ചാക്കോ

**പാലക്കാട്:** റെയിൽവേ റിട്ട. ഉദ്യോഗസ്ഥൻ പത്തനംതിട്ട കുമ്പളാംപൊയ്ക പൂവണ്ണുനിൽക്കുന്നതിൽ പി.സി. ചാക്കോ (85) അന്തരിച്ചു. ഭാര്യ മാരാമൺ മുതിരകാലായിൽ കാരുവള്ളിൽ കുടുംബാംഗം റേച്ചൽ ചാക്കോ (റിട്ട. റെയിൽവേ). മക്കൾ: ജാസ്മിൻ ജേക്കബ് (യുഎസ്), ജെയ്നി ലിജോ (മസ്കറ്റ്). മരുമക്കൾ: ജേക്കബ് കൊങ്ങിണിപറമ്പിൽ കടപ്ര (യുഎസ്), ലിജോ ചാക്കോ എടത്തനേത്ത് മേപ്പുറത്ത് റാന്നി (മസ്കറ്റ്).

## ഓമന ജോൺ കോശി



**ഡാളസ്:** ചെങ്ങന്നൂർ ചേലനിൽക്കുന്നതിൽ ജോൺ മാത്യു -ഏലിയാമ്മ ജോൺ ദമ്പതികളുടെ മകൾ ഓമന ജോൺ കോശി (68) ടെക്സസിലെ മക്കിനിയിൽ അന്തരിച്ചു. ഭർത്താവ് ജോൺ സി. കോശി. മക്കൾ: ബെൻ കോശി. ബെർണീസ് കോശി. 1995-ൽ കുടുംബത്തോടൊപ്പം കാനഡയിലെത്തിയ ഓമന, ജോർജ് ബ്രൗൺ കോളജിൽനിന്ന് നേഴ്സിംഗ് പഠനം പൂർത്തിയാക്കി നിരവധി ആശുപത്രികളിൽ സേവനമനുഷ്ഠിച്ചു. 2005-ൽ ഡാളസിലെത്തി മക്കിന്നിയിൽ താമസിക്കുകയായിരുന്നു.

**പാലക്കാട്:** തിരുവല്ല ഗീതാഞ്ജലി കുടുംബാംഗം കല്ലേക്കുളങ്ങര താഴെക്കാട്ട് മിനി മാത്യു (71) അന്തരിച്ചു.

**ചങ്ങനാശേരി:** മറ്റം ഭാഗത്ത് കൊച്ചേരി വീട്ടിൽ ജോസഫ് ആന്റണി (ഔതക്കുട്ടി-68) അന്തരിച്ചു.

## സെലീനാമ്മ

**ചങ്ങനാശേരി:** കുരിശുമ്മൂട് വായുമറ്റം സെലീനാമ്മ (74) അന്തരിച്ചു. ഭർത്താവ് പരേതനായ വി.എസ്. മാത്യൂസ്. മക്കൾ: ഡോ. പ്രീതി, പ്രതീഷ് (ഇരുവരും യുഎസ്), പ്രിൻസി (എറണാകുളം). മരുമക്കൾ: സുജ (യുഎസ്), അബീഷ് (ഡിജിറ്റൽ ബാങ്കിങ് മേധാവി).

**തുരുത്തിക്കാട്:** കാടമല വിലങ്ങുപാറയ്ക്കൽ വി.ടി. ചാക്കോ (രാജു-68) അന്തരിച്ചു.

**നാട്ടകം:** കാക്കൂർ തുണ്ടിപറമ്പിൽ പരേതനായ പാപ്പച്ചന്റെയും ലീലാമ്മയുടെയും മകൻ ടി.പി. റിജേഷ് (42) അന്തരിച്ചു.

**കീഴൂർ:** താന്നിക്കാട്ട് ടി.കെ. ജോസഫ് (73) അന്തരിച്ചു.

**കാൽവരിമൗണ്ട്:** എട്ടാം മൈൽ കൊല്ലക്കൊമ്പിൽ മേരി ആന്റണി (79) അന്തരിച്ചു.

# CAREGIVER WANTED IN CHICAGO SUBURB

ചിക്കാഗോയുടെ സബർബായ നോർത്ത് ലെയ്ക്കിൽ താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ വന്നും പോയും (7 days, 5 hours daily) പ്രായമുള്ള ഒരു അമ്മച്ചിയെ നോക്കുവാൻ ആളെ ആവശ്യമുണ്ട്.

**താല്പര്യമുള്ളവർ ബന്ധപ്പെടുക:**

**847-648-3300**

# LIVE-IN CAREGIVER OPPORTUNITY (ELMHURST, IL)

We are seeking a dependable and compassionate live-in caregiver to support our elderly parents in their home. They are moderately independent and require some assistance with daily living activities, along with light housekeeping duties and meal preparation.

The position includes a private bedroom and meals. Ideal candidates will be respectful, patient, and attentive to the needs of older adults.

Details of compensation can be discussed during the interview process.

**For inquiries or to express interest, please contact**

**Gisha Abraham at (847)477-1202 or gmabraham2628@gmail.com**

## *Favors Received*



*Inserted by: Firm Believer, Houston*

## *Favors Received*



*Inserted by: Firm Believer, Houston*

**Visit Our Website: www.keralaexpress.com for Classified Advt.**

# DOMESTIC HELP NEED IN MICHIGAN

Family of 4 with 2 kids aged 9 and 5 seeking domestic help who can cook healthy Kerala food and help with light house cleaning. Lives in Michigan. Salary negotiable.

**Please contact**

**Jinu Mathew at 810-412-8554**

**for further details.**

# DOLLAR-GROCERY STORE FOR SALE

Dollar Store Grocery Store for sale in the Chicago West side area. Biggest 5000 Sq.Ft. store, $50,000.00 gross Sale a month. You can earn extra income on Gaming Machines. Very profitable business. Rent $ 3,200 a month. We don't sell tobacco and lottery. Too much improvement in business. Asking price $ 95,000.00 plus inventory or best offer. Interested people or serious buyers only.

**Call: 773-443-1733**

# CAREGIVER HELP NEEDED IN NEW YORK

An able bodied female or male needed for helping a 90 year old elderly man, for 6 hrs a day from 3 pm to 9 pm, Monday. Candidates in an around Rockland (NY) county or Westchester (NY) preferred. No need for overnight stay.

**Please call : 845 480 4721 or email drmathai123@gmail.com**

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: Firm Believer, Dallas*

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by:* **Roshan Varghese**




# അയ്യപ്പനും വാപുരനും പ്രദർശനത്തിനെത്തി

സ്നേഹത്തിന്റെ, ബന്ധങ്ങളുടെ, സൗഹൃദത്തിന്റെ നിഷ്കളങ്കമായ ഒരു കഥയുമായി എത്തുകയാണ് 'അയ്യപ്പനും വാപുരനും' എന്ന ചിത്രം. നിരവധി ചിത്രങ്ങളിലൂടെ ശ്രദ്ധേയനായ സംവിധായകൻ, കെ.ജി. വിജയകുമാർ കെജിവി സിനിമാസിനുവേണ്ടി നിർമാണവും സംവിധാനവും നിർവഹിക്കുന്ന ഈ ചിത്രം റോഷിക എന്റർപ്രൈസസ് 21-ന് തിയറ്ററിൽ എത്തി.

ഇതൊരു ഭക്തിപടമല്ലെന്നും എന്നാൽ, ഭക്തിയുടെയും വിശ്വാസത്തിന്റെയും ശക്തി കാണിച്ചുതരുന്ന സിനിമയാണെന്നും സംവിധായകൻ പറയുന്നു.

ഉന്നതകുലജാതനെന്ന് മുദ്രകുത്തപ്പെട്ടവർ അനുഭവിക്കുന്ന വേദനയുടെ കഥയാണ് ചിത്രത്തിലൂടെ സംവിധായകൻ അവതരിപ്പിക്കുന്നത്. ഇന്ന് കാണുന്ന വലിയ കൊട്ടാരങ്ങൾക്കുള്ളിൽ, ചിതലരിച്ച ചുമരുകളും ഇളകി വീഴാറായ മേൽക്കൂരകളുമുള്ള, ഇരുള് വീണ മാറാലക്കുള്ളിൽ, പുരാവസ്തുക്കളെപ്പോലെ ജീവിക്കുന്ന സ്ത്രീജന്മങ്ങളുടെ നെടുവീർപ്പുകളുടെ കഥ കൂടി ഈ ചിത്രം പറയുന്നു.



കൊട്ടാരങ്ങളിലെ തമ്പുരാക്കന്മാരുടെ അധികാരം മാത്രമല്ല നഷ്ടപ്പെട്ടത്. പണവും പ്രതാപവും അവർക്ക് നഷ്ടമായി. എന്നിട്ടും അവർ ആരോടും പരാതി പറഞ്ഞില്ല, പ്രതികരിച്ചില്ല.

രാജാധികാരം, ജനാധിപത്യത്തിന് കൈമാറിയപ്പോൾ, ഒരു വലിയ ഭാവിയാണ് ഇവർ സ്വപ്നം കണ്ടത്. എന്നാൽ, കൊടിയ ദാരിദ്ര്യവും അവഗണനയും ആണ് അവർക്ക് ലഭിച്ചത്. തങ്ങൾക്ക് നേരെ വിരൽ ചൂണ്ടിയ അധികാര വർഗങ്ങൾക്കെതിരെ, നിശബ്ദരായി, സ്വന്തം വിശ്വാസങ്ങളെ മുറുകെ പിടിച്ച് അവർ ജീവിച്ചു. ഇവരുടെ ജീവിത പ്രതിസന്ധികളുടെ കഥ പറയുന്നതോടൊപ്പം തങ്ങൾ വിശ്വസിച്ച ദൈവം, എല്ലാ പ്രതിസന്ധികളെയും തരണം ചെയ്യാൻ ഇവർക്ക് കരുത്ത് നൽകുകയും ചെയ്യുന്നിടത്താണ് ചിത്രം അവസാനിക്കുന്നത്. തികച്ചും വ്യത്യസ്തമായൊരു കഥ പറയുകയാണ് ഈ ചിത്രം.

കാമറ-സന്തോഷ് മെകഴു, എഡിറ്റർ-കൃഷ്ണജിത്ത്, വിപിൻ, ഗാനങ്ങൾ-പ്രഭ വർമ, ശശികല മേനോൻ, സംഗീതം-സൈലേഷ് നാരായണൻ, ജോൺസൻ പീറ്റർ, ആലാപനം-വൈക്കം വിജയലക്ഷ്മി, സിയ ഉൾഹക്ക്, രാധിക അശോക്, ജയലക്ഷ്മി, ആർട്ട്-റഫീക് തിരൂർ, മേക്കപ്പ്-ഹക്കിം വയനാട്, കോസ്റ്റ്യൂം-കാമലു, പ്രൊഡക്ഷൻ കൺട്രോളർ-സുധീർ കൂട്ടായി, സ്റ്റിൽ-ജോർജ് കോലൻ, വിതരണം-റോഷിക എന്റർപ്രൈസസ്.

കൃഷ്ണകുമാർ, ശിവജി ഗുരുവായൂർ, ജഫ്റി, സൂര്യ, പ്രിയങ്ക, ഗീതാ വിജയൻ, നീനാ കുറുപ്പ്, കൽപ്പന, ഹരിദാസ് വർക്കല, സിദ്ധരാജ്, രാജലക്ഷ്മി, സുരേഷ് ഭട്ടതിരിപ്പാട്, വർഗീസ് മൊയലൻ എന്നിവർ അഭിനയിക്കുന്നു.

# നായകന്റെ റീമാസ്റ്റർ പതിപ്പ് പ്രദർശനത്തിനെത്തി

കമൽ-മണിരത്നം ചിത്രം നായകന്റെ റീമാസ്റ്റർ പതിപ്പ് പ്രദർശനത്തിനെത്തി. 38 വർഷത്തിനുശേഷമാണ് ചിത്രം വീണ്ടുമെത്തുന്നത്. ചിത്രം 4കെയിലാണ് പ്രദർശിപ്പിക്കുക. രഞ്ജിത്ത് മോഹൻ ഫിലിംസാണ് നായകൻ കേരളത്തിൽ വിതരണത്തിനെത്തിക്കുന്നത്. തമിഴിൽ പ്രദർശനത്തിനെത്തിയ ചിത്രത്തിൽ മുംബൈയിലെ അധോലോകനായകന്റെ കഥയാണ് മുഖ്യപ്രമേയം. 1987-ൽ പുറത്തിറങ്ങിയ നായകൻ കമൽ-മണിരത്നം കൂട്ടുകെട്ടിൽ പിറന്ന ക്ലാസിക് ചിത്രമാണ്. പിതാവിന്റെ കൊലപാതകത്തിന് പ്രതികാരം ചെയ്തശേഷം മുംബൈയിലെത്തി അധോലോകനായകനായി മാറിയ വേലുനായ്ക്കർ എന്ന കഥാപാത്രത്തെയാണ് കമൽ അവതരിപ്പിച്ചത്. ചിത്രത്തിലൂടെ അക്കൊല്ലത്തെ ദേശീയ ചലച്ചിത്ര പുരസ്കാരത്തിന് കമൽ അർഹനായി. പി.സി. ശ്രീറാം ഛായാഗ്രാഹണത്തിന് അവാർഡു നേടി. കലാസംവിധാനത്തിന് തോട്ട ധരണിയും ദേശീയ അവാർഡ് നേടിയപ്പോൾ ചിത്രം ഓസ്കറിനുള്ള ഇന്ത്യയുടെ ഔദ്യോഗിക എൻട്രിയായും തെരഞ്ഞെടുക്കപ്പെട്ടിരുന്നു. മണിരത്നം ബാലകുമാരനുമായി ചേർന്നാണ് ചിത്രത്തിന്റെ തിരക്കഥ എഴുതിയത്. കമൽഹാസന്റെ എക്കാലത്തെയും മികച്ച ഒരു കഥാപാത്രമാണ് വേലുനായ്ക്കർ. ശരണ്യയും കാർത്തികയും ഡൽഹി ഗണേശും നാസറും ചിത്രത്തിൽ മറ്റ് പ്രധാനവേഷങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. സുജാത ഫിലിംസ്, മുക്ത ഫിലിംസ് എന്നീ ബാനറുകളിൽ മുക്ത വി. രാമസ്വാമി, മുക്ത ശ്രീനിവാസൻ, ജി. വെങ്കിടേശ്വരൻ എന്നിവർ ചേർന്നാണ് ചിത്രം നിർമിച്ചിരിക്കുന്നത്. ഇളയരാജയുടെ സംഗീതം ചിത്രത്തിന് മുതൽക്കൂട്ടായി.



# ഫീൽഗുഡ് ആക്ഷൻ ത്രില്ലർ ഒരു വയനാടൻ കഥ

പുതുമുഖങ്ങളായ അമീർ ബഷീർ, സ്നേഹ ഉണ്ണികൃഷ്ണൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി കളത്തിൽ ഫിലിംസിന്റെ ബാനറിൽ നവാഗതനായ അമീർ ബഷീർ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന പുതിയ ചിത്രമാണ് 'ഒരു വയനാടൻ കഥ'. ആക്ഷന് ഏറെ പ്രാധാന്യമുള്ള ഈ ഫീൽഗുഡ് ത്രില്ലർ ചിത്രത്തിന്റെ ടീസർ പുറത്തിറങ്ങി. ചിത്രം തിയറ്ററുകളിലെത്തി. സാൻഹ സ്റ്റുഡിയോ ആണ് ചിത്രം വിതരണത്തിന് എത്തിച്ചത്.




ഒരു റിയൽ സൂപ്പർ ലൈഫ് ഹീറോയുടേതാണ് ചിത്രത്തിന്റെ കഥ. അന്തരിച്ച പ്രിയ താരങ്ങളായ മാമുക്കോയയുടെയും കലാഭവൻ ഹനീഫിന്റെയും അവസാന ചിത്രങ്ങളിൽ ഒന്നാണ് ഈ ചിത്രമെന്നതാണ് മറ്റൊരു പ്രത്യേകത. ഇവരെ കൂടാതെ ബൈജു എഴുപുന്ന, കിരൺ രാജ്, സിദ്ദിഖ് കൊടിയത്തൂർ, അംജത്ത് മൂസ, ദേവി അജിത്ത്, അലീഷ റോഷൻ എന്നിവർക്കൊപ്പം നിരവധി പുതുമുഖങ്ങളും ചിത്രത്തിലെ താരനിരയിലുണ്ട്.

സന്തോഷ് മേലത്ത് ആണ് ഛായാഗ്രഹണം. റഫീഖ് അഹമ്മദ്, റഫീഖ് ഇല്ലിക്കൽ എന്നിവരുടെ വരികൾക്ക് പ്രമോദ് സാരംഗ് സംഗീതം നൽകുന്നു. ബൈജു എഴുപുന്ന, അഖില ആനന്ദ്, അഫ്സൽ, ഭാഗ്യരാജ് എന്നിവരാണ് ചിത്രത്തിലെ ഗായകർ. എഡിറ്റർ-ഷമീർ ഖാൻ, അരുൺ രാഘവ്, ആർട്ട്-സാം ജോസഫ്, മേക്കപ്പ്-എ.പി. നാഥ്, കോസ്റ്റ്യൂംസ്-അഫ്സൽ, കൊറിയോഗ്രാഫർ-ഷംനാസ്, ആക്ഷൻ-അംജത്ത് മൂസ ആൻഡ് രതീഷ് ശിവരാജൻ, പ്രൊഡക്ഷൻ കൺട്രോളർ-നസീർ ഇബ്രാഹിം, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്-നിസാർ വടകര, അസോസിയേറ്റ് ഡയറക്ടർ-പ്രസൂൺ പ്രകാശ്, മോഹൻ സി. നീലമംഗലം, സൗണ്ട് ഡിസൈനിംഗ്-ആനന്ദ് ബാബു, മിക്സിംഗ്-ഫൈനൽ മികിസ് ട്രിവാൻഡ്രം, ഡിഐ-മാഗസിൻ മീഡിയ, ഡിസ്ട്രിബ്യൂഷൻ ഹെഡ്-ഷാനു പരപ്പനങ്ങാടി.




## ഭാനുപ്രിയ രാജ്യാന്തര ഫിലിം ഫെസ്റ്റിവൽ വിശേഷങ്ങൾ പങ്കുവയ്ക്കുന്നു



സിനിമകളിലൂടെയും സീരീസുകളിലൂടെയും മനസ്സിൽ പതിഞ്ഞ ബുസാൻ തെരുവുകളിലൂടെ ഒരു യാത്ര. അതും അഭിനയിച്ച ചിത്രത്തിന്റെ വേൾഡ് പ്രീമിയർ കാണാൻ. കണ്ണൂരിലെ ചുഴലി എന്ന ഗ്രാമത്തിൽ ജനിച്ച എനിക്ക് സ്വപ്നം പോലെയാണ് തോന്നിയത്. ബുസാനിലേക്കുള്ള യാത്രയിലുട നീളം 'ട്രെയിൻ ടു ബുസാൻ' എന്ന കൊറിയൻ ചിത്രമായിരുന്നു മനസ്സിൽ.

ഏഷ്യയിലെ തന്നെ ഏറ്റവും വലിയ ചലച്ചിത്ര പ്രദർശന വേദികളിലൊന്നിൽ ചിത്രത്തിന്റെ ആദ്യ പ്രദർശനം എന്നത് ഞങ്ങളുടെ ടീമിലെ എല്ലാവർക്കും സ്വപ്നതുല്യമായ കാര്യമായിരുന്നു. അതും തെരഞ്ഞെടുക്കപ്പെട്ട മൂന്ന് ഇന്ത്യൻ സിനിമകളിൽ ഒന്നായി. വിഷൻ ഏഷ്യ വിഭാഗത്തിൽ പ്രദർശിപ്പിച്ച ചിത്രം ഹൈലൈഫ് വിഷൻ അവാർഡിന് അർഹമായതോടെ അതിൽ വിജയത്തിന്റെ മധുരം കൂടി കലർന്നു. ദക്ഷിണ കൊറിയയിലുള്ളവർ സിനിമയെ എത്രത്തോളം പ്രാധാന്യത്തോടെ നോക്കിക്കാണുന്നുവെന്നു തിരിച്ചറിഞ്ഞ ദിവസങ്ങൾ കൂടിയായിരുന്നു അത്. നമ്മൾ കൊറിയൻ ചിത്രങ്ങളെയും സീരീസുകളെയും കാണുന്ന പോലെയോ അതിലപ്പുറമോ അവർ ഇന്ത്യൻ സിനിമകൾ ശ്രദ്ധിക്കാറുണ്ട്. ഇഫ് ഓൺ എ വിന്റേഴ്സ് നൈറ്റിന്റെ പ്രദർശനത്തിനു ശേഷം ഞങ്ങളെ കാത്തിരുന്ന മാധ്യമപ്രവർത്തകരും കൊറിയൻ പ്രേക്ഷകരും ഇന്ത്യൻ ചിത്രങ്ങളെപ്പറ്റി ചോദിച്ച ചോദ്യങ്ങളിൽനിന്ന് ഇതു വ്യക്തമായിരുന്നു. രേഖ രാജ് തിരക്കഥ എഴുതി സഞ്ജു സുരേന്ദ്രൻ സംവിധാനം ചെയ്ത ചിത്രത്തിൽ റോഷൻ അബ്ദുൽ റഹൂഫും ഞാനുമാണ് പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. ഡൽഹിയിലേക്കു കുടിയേറുന്ന മലയാളി കമിതാക്കളുടെ ജീവിതമാണു പ്രമേയം.


## സമ്മർ ഇൻ ബെത്‌ലഹേം റീ റിലീസിന്

ആമിയും രവിശങ്കറും ഡെന്നീസും നിരഞ്ജനും മോനായിയും വീണ്ടും പ്രേക്ഷകരുടെ മുന്നിലേക്ക്... 27 വർഷത്തിനുശേഷം സമ്മർ ഇൻ ബെത്‌ലഹേം റീ റിലീസ് ചെയ്യുകയാണ്. പ്രേക്ഷകമനസ്സിൽ ആഴത്തിൽപ്പതിഞ്ഞ ചിത്രത്തിലെ പാട്ടുകളെല്ലാം രചിച്ച ഗിരീഷ് പുത്തഞ്ചേരിക്ക് ആദരമർപ്പിച്ചുകൊണ്ടുള്ള പോസ്റ്റർ അണിയറപ്രവർത്തകർ പുറത്തുവിട്ടു. രഞ്ജിത്തിന്റെ തിരക്കഥയിൽ സിയാദ്



കോക്കർ നിർമിച്ച് സിബി മലയിൽ സംവിധാനംചെയ്ത ചിത്രത്തിൽ മഞ്ജു വാരിയർ, സുരേഷ് ഗോപി, ജയറാം, കലാഭവൻ മണി എന്നിങ്ങനെ വലിയൊരു താരനിരതന്നെ അണിനിരക്കുന്നുണ്ട്. ചിത്രത്തിൽ മോഹൻലാൽ അതിഥിവേഷത്തിലും എത്തിയിരുന്നു. കോക്കേഴ്സ് ഫിലിംസിനോടൊപ്പം അഞ്ജന ടാക്കീസ്, എവരിഡേ ഫിലിംസ് എന്നിവരുമായി സഹകരിച്ചാണ് ചിത്രം വീണ്ടും തിയറ്ററുകളിൽ എത്തുന്നത്. ദേവദൂതൻ, ഛോട്ടാ മുംബൈ എന്നീ ചിത്രങ്ങൾക്കു ശേഷം ഹൈ സ്റ്റുഡിയോസിന്റെ നേതൃത്വത്തിലാണ് ചിത്രം 4കെ നിലവാരത്തിൽ റീമാസ്റ്റർ ചെയ്തത്. സഞ്ജീവ് ശങ്കർ ഛായാഗ്രാഹകനായ ചിത്രത്തിന്റെ എഡിറ്റർ എൽ. ഭൂമിനാഥനാണ്. വിദ്യാസാഗറിന്റെ സംഗീതവും പുത്തഞ്ചേരിയുടെ വരികളും ഇന്നും മലയാളികളുടെ മനസ്സിൽനിന്നു മാഞ്ഞിട്ടില്ല. കെ.ജെ. യേശുദാസ്, കെ.എസ്. ചിത്ര, സുജാത, എം.ജി. ശ്രീകുമാർ, ശ്രീനിവാസ്, ബിജു നാരായണൻ എന്നിവരാണ് ഗായകർ.

## രഞ്ജിത്ത്–മഞ്ജു വാര്യർ ചിത്രം 'ആരോ'



മമ്മൂട്ടി കമ്പനി ആദ്യമായി നിർമിക്കുന്ന ഹ്രസ്വചിത്രം പുറത്ത്. സംവിധായകൻ രഞ്ജിത്ത് ഒരുക്കിയ, 'ആരോ' എന്ന് പേരിട്ടിരിക്കുന്ന ഈ ഹ്രസ്വ ചിത്രത്തിൽ മഞ്ജു വാര്യർ, ശ്യാമ പ്രസാദ്, അസീസ് നെടുമങ്ങാട് എന്നിവരാണ് പ്രധാന വേഷങ്ങളിൽ. ചിത്രം മമ്മൂട്ടി കമ്പനിയുടെ ഒഫീഷ്യൽ യുട്യൂബ് ചാനലിലൂടെയാണ് റിലീസായത്. ഇതിനോടകം ഏഴു സിനിമകൾ നിർമിച്ച മമ്മൂട്ടി കമ്പനി ആദ്യമായി നിർമിച്ച ഹ്രസ്വ ചിത്രമാണിത്. ക്യാപിറ്റോൾ തിയറ്ററുമായി സഹകരിച്ചാണ് മമ്മൂട്ടി കമ്പനി ഈ ചിത്രം നിർമ്മിച്ചത്.

യുട്യൂബിനു പുറമേ, ഇനി വരുന്ന ദേശീയ, അന്തർദേശീയ ചലച്ചിത്രോത്സവങ്ങളിലും ഈ ഹ്രസ്വചിത്രം പ്രദർശിപ്പിക്കുമെന്ന് അണിയറ പ്രവർത്തകർ അറിയിച്ചു. സംവിധായകൻ രഞ്ജിത്ത് ഒരിടവേളയ്ക്കുശേഷം ഒരുക്കിയ ചിത്രം കൂടിയാണ് 'ആരോ'. കഥ-സംഭാഷണങ്ങൾ-വി.ആർ. സുധീഷ്, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ-ജോർജ് സെബാസ്റ്റ്യൻ, ഛായാഗ്രാഹകൻ-പ്രശാന്ത് രവീന്ദ്രൻ, പശ്ചാത്തലസംഗീതം-ബിജിലാൽ, കലാസംവിധായകൻ-സന്തോഷ് രാമൻ, എഡിറ്റർ-രതിൻ രാധാകൃഷ്ണൻ, മേക്കപ്പ്-രഞ്ജിത് അമ്പാടി, അസോസിയേറ്റ് ഡയറക്ടർമാർ-ഋത്വിക് ലിമ രാമദാസ്, വിവേക് പ്രശാന്ത് പിള്ള, വിഎഫ്എക്സ്-വിശ്വ വിഎഫ്എക്സ്, സ്റ്റിൽ ഫോട്ടോഗ്രാഫർമാർ-സുജിത് വെള്ളനാട്, സുമിത് വെള്ളനാട്, പബ്ലിസിറ്റി ഡിസൈൻ-യെല്ലോ ടൂത്ത്സ്.

## പുരസ്കാരം കിട്ടുമെന്നു പ്രതീക്ഷിച്ചില്ല: ഷംല ഹംസ

ഫെമിനിച്ചി ഫാത്തിമ സിനിമ കണ്ടവർ വളരെ മനോഹരം എന്ന അഭിപ്രായം പറഞ്ഞു. സംവിധാനം കൊള്ളാം, കഥ ഇഷ്ടപ്പെട്ടു, അഭിനേതാക്കളുടേത് കൃത്രിമം ഇല്ലാത്ത അഭിനയം എന്നെല്ലാം അഭിപ്രായം കേട്ടു. ക്രിട്ടിക്സ് പുരസ്കാരം ലഭിച്ചു. ഐഎഫ്എഫ്കെയ്ക്കു ശേഷം നിരവധി ചലച്ചിത്രമേളകളിൽനിന്ന് അവാർഡുകൾ. പിന്നെ ഉറ്റുനോക്കിയത് സംസ്ഥാന അവാർഡാണ്. സിനിമയ്ക്ക് എന്തെങ്കിലും അവാർഡ് ഉണ്ടാകും. ജൂറി പരാമർശമെങ്കിലും ലഭിക്കുമെന്ന് പ്രതീക്ഷിച്ചു. അവസാനം റൗണ്ടിൽ ഉണ്ടെന്ന് അറിഞ്ഞപ്പോൾതന്നെ ഭയങ്കര സന്തോഷമായി. മികച്ച നടിയുടെ പുരസ്കാരം കിട്ടുമെന്ന പ്രതീക്ഷ അപ്പോഴും ഇല്ലായിരുന്നു.

## ശ്രീ അയ്യപ്പൻ അഞ്ചു ഭാഷകളിൽ

നവാഗതനായ വിഷ്ണു വെഞ്ഞാറമ്മൂട് തിരക്കഥ രചിച്ച് സംവിധാനം ചെയ്യുന്ന ശ്രീ അയ്യപ്പൻ മണ്ഡലകാലത്ത് പ്രദർശനത്തിനെത്തും. ഭക്തിയും ഉദ്വേഗവും കോർത്തിണക്കിയുള്ള ത്രില്ലർ സിനിമയാണിത്. മലയാളമടക്കം അഞ്ചു ഭാഷകളിലാണ് ചിത്രം ഒരുങ്ങുക. ആദി മീഡിയാ, നിഷാ പ്രൊഡക്ഷൻസ് എന്നീ ബാനറുകളിൽ ഡോ. ശ്രീകുമാർ (എസ്.കെ. മുംബൈ), ഷാജി പുന്നല




എന്നിവരാണ് ഈ ചിത്രം നിർമ്മിക്കുന്നത്. അനീഷ് രവി, ദിനേശ് പണിക്കർ, കൊല്ലം തുളസി, റിയാസ് ഖാൻ, കോട്ടയം രമേഷ്, പൂജപ്പുര രാധാകൃഷ്ണൻ, കുടശ്ശനാട് കനകം തുടങ്ങിയവർക്കൊപ്പം ബോളിവുഡ് താരം അൻസാറും ചിത്രത്തിൽ അഭിനയിക്കുന്നു. ടൈറ്റിൽ ലോഞ്ച് നടി മല്ലിക സുകുമാരൻ നിർവഹിച്ചു. ഭക്തിഗാനമുൾപ്പെടെ ഏഴുഗാനങ്ങൾ ചിത്രത്തിലുണ്ടാകും. കിഷോർ, ജഗദീഷ് ആണ് ഛായാഗ്രഹണം.

# അദ്ധ്യാപകന്റെ കൈ വെട്ടിയ കേസ്: എൻഐഎ തുടരന്വേഷണം നടത്തും

കൊച്ചി: തൊടുപുഴ ന്യൂമാൻ കോളജ് അദ്ധ്യാപകനായിരുന്ന പ്രഫ. ടി. ജെ. ജോസഫിന്റെ കൈ വെട്ടിയ കേസിലെ മുഖ്യപ്രതി സവാദിനെ ഒളിവിൽ കഴിയാൻ സഹായിച്ചവരെക്കുറിച്ച് അന്വേഷിക്കാൻ എൻഐഎ.

14 വർഷം ഒളിവിൽ കഴിയാൻ പിഎഫ്ഐ നേതാക്കളുടെ സഹായം ലഭിച്ചുവെന്ന ഒന്നാംപ്രതി സവാദിന്റെ മൊഴിയുടെ അടിസ്ഥാനത്തിലാണ് അന്വേഷണം. ഗൂഢാലോചനയിൽ കൂടുതൽ പേർക്കു പങ്കുണ്ടെന്ന നിഗനമത്തിലാണ് എൻഐഎ. കേസിൽ സവാദിനെതിരേയുള്ള കുറ്റപത്രം സമർപ്പിച്ച് കോടതിനടപടികൾ പുരോഗമിക്കുന്നതിനിടെയാണ് എൻഐഎയുടെ നിർണായക നീക്കം.

2010 ജൂലൈ നാലിനാണ് സവാദിന്റെ നേതൃത്വത്തിലെത്തിയ സംഘം ന്യൂമാൻ കോളജിലെ അദ്ധ്യാപകൻ ടി. ജെ. ജോസഫിന്റെ കൈ വെട്ടിമാറ്റിയത്.

കുറ്റകൃത്യം നടന്ന് 14 വർഷത്തിനുശേഷം കണ്ണൂരിൽനിന്ന് കഴിഞ്ഞ വർഷം ജനുവരി പത്തിനാണ് സവാദിനെ എൻഐഎ പിടികൂടിയത്.

ഷാജഹാൻ എന്ന പേരിൽ കുടുംബത്തോടൊപ്പം കഴിയുകയായിരുന്നു ഇയാൾ. തമിഴ്നാട്ടിലെ ഡിണ്ടിഗലിലും കണ്ണൂരിലെ ചാക്കാടും മട്ടന്നൂരിലുമാണ് സവാദ് ഒളിവിൽ കഴിഞ്ഞത്. ഇവിടെ വിവിധ ജോലികൾ തരപ്പെടുത്തി നൽകിയതും ഒളിയിടങ്ങൾ ഒരുക്കിയതും പിഎഫ്ഐ നേതാക്കളുടെ നേതൃത്വത്തിലാണെന്നാണ് സവാദ് അന്വേഷണ ഏജൻസിക്കു മൊഴി നൽകിയിട്ടുള്ളത്.

ഒളിവിൽക്കഴിഞ്ഞ കാലത്ത് പ്രതിക്കു ലഭിച്ച സഹായങ്ങളെക്കുറിച്ച് കൂടുതൽ അന്വേഷണം ആവശ്യമാണെന്നാണ് എൻഐഎ കൊച്ചിയിലെ കോടതിയിൽ അറിയിച്ചിരിക്കുന്നത്. കോടതി അപേക്ഷ അംഗീകരിച്ചതോടെ അന്വേഷണം വ്യാപിപ്പിക്കാനാണു തീരുമാനം. കൈവെട്ടു കേസിൽ കൂടുതൽ അറസ്റ്റുകൾ ഉണ്ടാകുമെന്നും സൂചനയുണ്ട്.



പ്രഫ. ടി.ജെ. ജോസഫ്

2020-ലാണ് സവാദ് കണ്ണൂരിലെത്തുന്നത്. ഇവിടെ താമസിക്കാനുള്ള സൗകര്യങ്ങൾ ചെയ്തു നൽകിയ ഷാഫറിനെ എൻഐഎ കേസിൽ പ്രതി ചേർത്തിരുന്നു. കേസിൽ രണ്ടു ഘട്ടങ്ങളിലായി 19 പേരെ ശിക്ഷിച്ചു.

കേസന്വേഷണത്തിന്റെ ആദ്യഘട്ടം മുതൽ പ്രതിസ്ഥാനത്തായിരുന്ന പോപ്പുലർ ഫ്രണ്ട് ഓഫ് ഇന്ത്യയ്ക്ക് (പിഎഫ്ഐ) എതിരെ ആദ്യം കേസന്വേഷിച്ച ക്രൈംബ്രാഞ്ചും പിന്നീട് എൻഐഎയും ചുമത്തിയിരുന്ന ഗൂഢാലോചന, ആസൂത്രണം, പ്രതികളെ സംരക്ഷിക്കാനുള്ള സാമ്പത്തിക സഹായം നൽകൽ തുടങ്ങിയ കുറ്റങ്ങൾ സംശയാതീതമായി തെളിയിക്കാൻ ആദ്യഘട്ട വിചാരണയിൽ പ്രോസിക്യൂഷനു കഴിഞ്ഞില്ല.

എൻഐഎ ഇതുവരെ അന്വേഷണം പൂർത്തിയാക്കി വിചാരണ നടത്തിയ ഏറ്റവും സങ്കീർണമായ കേസാണിത്. സവാദിനെതിരെ പുതിയ കുറ്റപത്രം സമർപ്പിക്കുന്നതോടെ പുതിയ തെളിവുകളുടെ അടിസ്ഥാനത്തിൽ പ്രതിപ്പട്ടിക വീണ്ടും പുതുക്കാൻ എൻഐഎക്കു കഴിയും. ഒന്നാം ഘട്ട പ്രോസിക്യൂഷൻ നടപടികൾ സംഭവിച്ച വീഴ്ചകൾ പുതിയ തെളിവുകളുടെയും സാക്ഷി മൊഴികളുടെയും അടിസ്ഥാനത്തിൽ പരിഹരിക്കാനും കഴിയുമെന്നാണ് അന്വേഷണ സംഘത്തിന്റെ പ്രതീക്ഷ.

# ‘മിഠായി’ പദ്ധതിയിലെ കുട്ടികൾക്ക് ഗുരുതര ആരോഗ്യപ്രശ്നങ്ങൾ

മലപ്പുറം: ടൈപ്പ് വൺ പ്രമേഹബാധിതരായ കുട്ടികൾക്കായി നടപ്പാക്കുന്ന ‘മിഠായി’ പദ്ധതിക്കു കീഴിൽ നൽകുന്ന മരുന്നു മാറ്റിയതു കുട്ടികളെയും രക്ഷിതാക്കളെയും വലയ്ക്കുന്നു. പുതിയ മരുന്ന് ഉപയോഗിച്ചു തുടങ്ങിയതു മുതൽ ശരീരത്തിലെ ഷുഗറിന്റെ അളവു ക്രമാതീതമായി കൂടുകയും കുറയുകയും ചെയ്യുന്നുവെന്നാണു പരാതി. കുട്ടികളുടെ ശരീരം മെലിയുന്നതായും പറയുന്നു. ജില്ലാ കേന്ദ്രങ്ങളിൽ പരാതി അറിയിച്ചെങ്കിലും പരിഹാരമുണ്ടാകാത്തതിനാൽ മന്ത്രിയെ നേരിട്ടു കാണാനൊരുങ്ങുകയാണ് പദ്ധതിയിലുൾപ്പെടുന്ന കുട്ടികളുടെ രക്ഷിതാക്കൾ.

ടൈപ് വൺ പ്രമേഹബാധിതരായ 18 വയസ്സിനു താഴെയുള്ള കുട്ടികൾക്കു മരുന്നും പിന്തുണയും നൽകുന്ന മിഠായി പദ്ധതി 2018-ലാണു തുടങ്ങിയത്. രണ്ട് ലക്ഷം രൂപയിൽ കവിയാത്ത വാർഷിക വരുമാനമുള്ള രക്ഷിതാക്കളുടെ കുട്ടികൾക്കാണു പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. നിലവിൽ 2000 കുട്ടികൾ പദ്ധതിക്കു കീഴിലുണ്ട്. ശരീരത്തിലെ ഷുഗർ നിശ്ചിതയളവിൽ നിലനിർത്താൻ നൽകുന്ന ‘ബേസലോഗ്’ ഭക്ഷണത്തിനു മുൻപ് നൽകുന്ന ‘ഫിയാസ്പ്’ എന്നീ ഇൻസുലിനുകളാണു നേരത്തെ നൽകിയിരുന്നത്. ആറുമാസം മുൻപു ഫിയാസ്പിനു പകരം മറ്റൊരു മരുന്നു നൽകിത്തുടങ്ങി. ഇതോടെയാണു കുട്ടികളിൽ അസ്വസ്ഥത തുടങ്ങിയത്.

സാമ്പത്തിക പ്രതിസന്ധിയാണു മരുന്നു മാറ്റാൻ കാരണമെന്നാണ് അനൗദ്യോഗിക വിശദീകരണം. 3.8 കോടി രൂപയാണു മിഠായി പദ്ധതിക്കായി മാറ്റിവെക്കുന്നത്. ഫിയാസ്പിനെക്കാൾ വിലകുറഞ്ഞ മരുന്നാണ് ഇപ്പോൾ നൽകുന്നത്. പദ്ധതി തുടങ്ങിയ കാലത്തു സഹായം ലഭിക്കുന്ന കുട്ടികളുടെ എണ്ണം കുറവായിരുന്നു. വർഷം തോറും കുട്ടികളുടെ എണ്ണം കൂടിയെങ്കിലും അതിന് ആനുപാതികമായി ഫണ്ട് വർധിപ്പിക്കാത്തതാണു പ്രതിസന്ധിക്കു കാരണം.

# കോട്ടയം നഗരത്തിൽ യുവാവിനെ കുത്തിക്കൊന്നു

കോട്ടയം: കോട്ടയം നഗരമധ്യത്തിൽ നവംബർ 24-ന് പുലർച്ചെ യുവാവിനെ കുത്തി കൊലപ്പെടുത്തി. തോട്ടയ്ക്കാട് വാടകയ്ക്ക് താമസിക്കുന്ന പുതുപ്പള്ളി മാങ്ങാനം താന്നിക്കൽ ആദർശ് (23) ആണ് കൊല്ലപ്പെട്ടത്.

സംഭവത്തിൽ മുൻ നഗരസഭാ കൗൺസിലർ വി.കെ. അനിൽകുമാർ (ടിറ്റോ), മകൻ അഭിജിത്ത്, ഭാര്യ ശ്രീകല എന്നിവരെ കോട്ടയം വെസ്റ്റ്പോലീസ് കസ്റ്റഡിയിലെടുത്തു.

24-ന് പുലർച്ചെ നാലിനു കോട്ടയം മാണിക്കുന്നത്ത് വി.കെ. അനിൽകുമാറിന്റെ വീടിനു മുമ്പിലാണ് സംഭവം.

കൊല്ലപ്പെട്ട ആദർശും അഭിജിത്തുമായി പണത്തെച്ചൊല്ലിയും ലഹരി ഇടപാടിനെച്ചൊല്ലിയും ദിവസങ്ങളായി തർക്കത്തിലായിരുന്നു.

ഫോണിൽ പലപ്പോഴായി ഉണ്ടായ തർക്കത്തെയും വെല്ലുവിളിയെയും തുടർന്ന് നേരിട്ടു സംസാരിക്കുന്നതിനായി ആദർശും സുഹൃത്ത് റോബിനും ഉൾപ്പെടുന്ന രണ്ടംഗസംഘം പുലർച്ചെ ഒന്നോടെ അനിൽകുമാറിന്റെ വീടിനു മുന്നിലെത്തി അഭിജിത്തിനെ വിളിച്ചു. സംസാരത്തിനിടയിൽ തർക്കവും അസഭ്യവർഷവുമുണ്ടായതോടെ അഭിജിത്ത് വീടിനുള്ളിൽ കയറി കത്തിയുമായി പുറത്തിറങ്ങി ആദർശിനെ കുത്തിക്കൊലപ്പെടുത്തുകയായിരുന്നുവെന്ന് പോലീസ് പറഞ്ഞു. കുത്തേറ്റ ആദർശിനെ കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല.

സംഭവസ്ഥലത്ത് അനിൽ കുമാറും ഭാര്യയും ഉണ്ടായിരുന്നു. കൊലപാതകത്തിൽ ഇവർക്ക് പങ്കുണ്ടോയെന്ന് പോലീസ് അന്വേഷിച്ചുവരികയാണ്. കസ്റ്റഡിയിലുള്ള മൂന്നു പേരെയും പോലീസ് ചോദ്യംചെയ്തുവരികയാണ്. ആക്രമണമുണ്ടാകുന്നതിന്റെയും യുവാവ് വീണുകിടക്കുന്നതിന്റെയും പോലീസ് ഇവരെ പിടികൂടുന്നതിന്റെയും വീഡിയോ ദൃശ്യങ്ങൾ സോഷ്യൽമീഡിയയിലൂടെ പുറത്തുവന്നിട്ടുണ്ട്.

ആദർശിന്റെ മൃതദേഹം കോട്ടയം മെഡിക്കൽ കോളജ് ആശുപത്രി മോർച്ചറിയിലേക്കു മാറ്റി. കോട്ടയം വെസ്റ്റ് എസ്എച്ച്ഒ എം.ജെ. അരുണിന്റെ നേതൃത്വത്തിലുള്ള സംഘമാണ് മൂവരെയും കസ്റ്റഡിയിലെടുത്തത്.

# വീട്ടമ്മയെ ഭർത്താവ് ഗ്യാസ് സിലിണ്ടർകൊണ്ട് തലയ്ക്കടിച്ചു കൊന്നു

കൊല്ലം: വീട്ടമ്മയെ ഭർത്താവ് ഗ്യാസ് സിലിണ്ടർ കൊണ്ട് തലയ്ക്കടിച്ച് കൊലപ്പെടുത്തി. കരിക്കോട് അപ്പോളോ നഗറിൽ കവിത (46) ആണ് മരിച്ചത്. നവംബർ 23-ന് രാത്രി 11-ഓടെ ഇവരുടെ വീട്ടിലായിരുന്നു കൊലപാതകം നടന്നത്. സംഭവവുമായി ബന്ധപ്പെട്ട് ഭർത്താവ് മധുസൂദനൻ പിള്ളയെ (54) കിളികൊല്ലൂർ പോലീസ് പിന്നീട് കസ്റ്റഡിയിലെടുത്ത് ചോദ്യംചെയ്തുവരികയാണ്. മകളുടെ മുന്നിൽവെച്ചാണ് മധുസൂദനൻ പിള്ള ഭാര്യ കവിതയെ ക്രൂരമായി ആക്രമിച്ചത്. സംഭവം കണ്ടു ഭയന്ന മകൾ സമീപത്തെ വീട്ടിലെത്തി വിവരം പറഞ്ഞതോടെയാണ് കൊലപാതക വിവരം പുറത്തറിയുന്നത്. അയൽവാസികളാണ് വിവരം പോലീസിൽ അറിയിച്ചത്. ഉടൻതന്നെ പോലീസ് എത്തി മധുസൂദനൻ പിള്ളയെ കസ്റ്റഡിയിൽ എടുത്തു. കവിതയുടെ മൃതദേഹം ജില്ലാ ആശുപത്രിയിലേക്കു മാറ്റി. കശുവണ്ടി വ്യാപാര മേഖലയിൽ ഇടനിലക്കാരനായി പ്രവർത്തിച്ചുവരികയായിരുന്നു മധുസൂദനൻ പിള്ള. കുടുംബ പ്രശ്നങ്ങളാണ് കൊലപാതകത്തിലേക്ക് നയിച്ചതെന്നാണ് കിളികൊല്ലൂർ പോലീസിന്റെ പ്രാഥമികനിഗമനം.

# BIHAR ELECTIONS

**(from page 24)**

system that enabled its ascent. It raises questions about India's political trajectory rather than the outcome of a single election. When one party amasses overwhelming political, financial, and institutional power, it becomes a grave threat to a vibrant democracy. The weakening of institutional autonomy, the erosion of electoral transparency, and the shrinking space for dissent all point toward a structural imbalance that no democracy can afford for long. A diverse nation like India can sustain this democratic experience only if there is contestation of ideas, challenging authority, and keeping those in power truly accountable.

The nation will also need opposition parties not to be fragmented or intimidated, and institutions that safeguard fairness not to be compromised. Elections may continue to be held like in many authoritarian nations, but the spirit of democracy will slowly fade and die. A true democracy requires competition, scrutiny, debate, and accountability, without which the country will move toward conformity and centralized dominance. India now stands at a crossroads, where citizens and institutions must rethink and evaluate the political trajectory we are on, and take a vow to uphold constitutional values.

Protecting democracy and the hard-fought freedom won by our great leaders like Mahatma Gandhi and Jawaharlal Nehru do not simply rest in the hands of the opposition, and the nation's future is shaped not by the will of one single entity, but by the voices and aspirations of all its people.

# എസ്ഐആർ: ഫോം കിട്ടാത്തവർക്ക് ഡിസംബർ ഒൻപതിനുശേഷം അവസരം

തിരുവനന്തപുരം: സമഗ്ര വോട്ടർപട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി എന്യൂമറേഷൻ ഫോം ലഭിക്കാത്തവർക്കു വോട്ടർപട്ടികയിൽ പേരു ചേർക്കാൻ അവസരം ഡിസംബർ ഒൻപതിനു ശേഷം.


2025-ലെ വോട്ടർ പട്ടികയിൽ ഇല്ലാത്തവർക്കു ഫോം ലഭിക്കില്ല. 2002-ലെ എസ്ഐആർ പട്ടികയിൽ ഉൾപ്പെട്ടവർ, പിന്നീട് ഏതെങ്കിലും കാരണത്താൽ പേര് നീക്കം ചെയ്തിട്ടുണ്ടെങ്കിലും ഫോം കിട്ടില്ല. ഇങ്ങനെയുള്ളവർക്ക് 2025-ലെ എസ്ഐആറിന്റെ ഭാഗമായി കരടുവോട്ടർപട്ടിക ഡിസംബർ ഒൻപതിനു പ്രസിദ്ധീകരിച്ച ശേഷം പേരു ചേർക്കാൻ അവസരം നൽകും.

# പത്മകുമാറിന്റെ സാമ്പത്തിക സ്രോതസും വിദേശയാത്രകളും അന്വേഷിക്കുന്നു

തിരുവനന്തപുരം: ശബരിമല സ്വർണ്ണക്കൊള്ള കേസിൽ അറസ്റ്റിലായ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡണ്ട് എ. പത്മകുമാറിന്റെ സാമ്പത്തിക ഇടപാടുകളും വിദേശയാത്രകളുമായി ബന്ധപ്പെട്ട വിവരങ്ങളും പ്രത്യേക അന്വേഷണസംഘം പരിശോധിക്കുന്നു. പത്മകുമാറിന്റെ പത്തനംതിട്ടയിലെ വീട്ടിൽ നടത്തിയ പരിശോധനയിൽ ഭൂമി ഇടപാടുകൾ സംബന്ധിച്ച ചില രേഖകൾ കണ്ടെത്തിയിട്ടുണ്ട്. പത്മകുമാറിന്റെ വിദേശയാത്രകൾ സംബന്ധിച്ച വിവരങ്ങളും പരിശോധിക്കും. പത്മകുമാറിന്റെ പാസ്പോർട്ട് പിടിച്ചെടുത്തിട്ടുണ്ട്. ഏതൊക്കെ വിദേശരാജ്യങ്ങളിൽ സന്ദർശനം നടത്തി, ആരൊക്കെയുമായി കൂടിക്കാഴ്ച നടത്തി, സാമ്പത്തിക ഇടപാടുകൾ നടത്തിയിട്ടുണ്ടോ തുടങ്ങിയ വിവരങ്ങളാണ് അന്വേഷണപരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കേസിലെ മുഖ്യപ്രതി ഉണ്ണികൃഷ്ണൻ പോറ്റിയുമായി പത്മകുമാറിന് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക ഇടപാടുകൾ ഉണ്ടായിരുന്നോ എന്ന കാര്യവും വിശദമായി അന്വേഷിക്കും. 2016 മുതലുള്ള പത്മകുമാറിന്റെ ആദായനികുതി വിവരങ്ങൾ അടക്കമുള്ളവയുടെ രേഖകളും കസ്റ്റഡിയിലെടുത്തു. ഉണ്ണികൃഷ്ണൻ പോറ്റി വീട്ടിലെത്തിയിട്ടുണ്ടെന്ന് ബന്ധുക്കൾ മൊഴി നല്കിയിരുന്നു. ഇത് സൗഹൃദസന്ദർശനമാണെന്നാണ് വിശദീകരണം. പത്മകുമാർ പ്രസിഡണ്ടാകുന്നതിനു മുൻപു തന്നെ പോറ്റിക്ക് ശബരിമലയിൽ സ്വാധീനമുണ്ടായിരുന്നു. അതേസമയം നടൻ ജയ്റാമിന്റെ മൊഴിയും പ്രത്യേക അന്വേഷണസംഘം രേഖപ്പെടുത്തും. ശബരിമലയിലെ സ്വർണ്ണപ്പാളികൾ ജയറാമിന്റെ ചെന്നൈയിലെ വീട്ടിൽ ഉണ്ണികൃഷ്ണൻ പോറ്റി എത്തിച്ചിരുന്നു. സ്വർണപ്പാളികൾ പ്രദർശിപ്പിച്ച് ഉണ്ണികൃഷ്ണൻ പോറ്റി സാമ്പത്തിക ലാഭമുണ്ടാക്കിയെന്നു കണ്ടെത്തിയിരുന്നു.


Affordable Mortgages Made Easy!
ACHIEVE MORTGAGE GROUP, INC.
NMLS#2449193
SABU C. ACHETTU
Managing Broker
NMLS#222904
Phone: 847-687-5100
Email: saburealtor@sbcglobal.net
SMITHA JAMES
Loan Officer/Processor
NMLS#2457839
Phone: 847-890-3220
Email: achievewithsmitha@gmail.com
THRESIAMMA JOB (THERESA)
Mortgage Loan Originator
NMLS#2321033
Phone: 847-915-0762
Email: achievewiththeresa12@gmail.com
Achieve Real Estate
Achieve Your Dreams
Call us for All your Needs
Shawn S. Achettu
Realtor / Broker
847-529-7962
realtorachettu@gmail.com
Phone: 847-687-5100
834 E. Rand Road, Suite 6, Mount Prospect, IL 60056
Scanned with CamScanner


GREEN NESTLE
VACATION HERITAGE HOME
Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India
For Vacation and Holiday rentals.
Licensed Home stay, Safe and Secured.
3 A/C rooms, Unique Packages for 2-8 people very economical.
Individual Room rental for families.
Fruits and vegetable Garden.
Feels like farm house with Pets, Animals, Fish and birds.
Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
Adhering Food Safety Regulations.
Caretaker to help you in as your needs, Travel Desk and Tour Package Facilities
CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


THANNIKKARY
VACATION HOME
S.H.MOUNT P.O., KOTTAYAM 686006, KERALA
FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms
For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com




Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**